# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പൂത്യക്ക ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-ഇ.കെ.എം(പി1)1364/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 23/11/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പൂതൃക്ക ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പൂതൃക്ക ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൂതൃക്ക ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-ഇ.കെ.എം(പി1)1364/2023 തീയ്യതി: 23/11/2023

## എറണാകുളം ജില്ലയിലെ പൂതൃക്ക ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പൂതൃക്ക ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-03-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 60 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 39 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 14-08-2023 | 22-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-08-2023 | 22-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സാലി ജോസഫ്, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീജ ഉണ്ണികൃഷ്ണൻ, ഓഡിറ്റ് ഓഫീസർ
ഹരീഷ് ബാബു എൻ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
മുഹമ്മദ് ഷാഫി വി.എം., ഓഡിറ്റർ

.

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വർഗ്ഗീസ് ടി പി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ദീപു ദിവാകരൻ | സെക്രട്ടറി | 01-04-2022 | 09-10-2022 |
| സിന്ധു വി | സെക്രട്ടറി | 10-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ആശാ കെ പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 21-11-2022 |
| രഞ്ജിത്ത് വി ജി | അസിസ്റ്റന്റ് സെക്രട്ടറി | 22-11-2022 | 31-03-2023 |
| ജസ്‌ലിൻ ലില്ലി സാറ ജേക്കബ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 31-03-2023 |
| ഡോ ആദർശ് ആർ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.) | 01-04-2022 | 08-11-2022 |
| ഡോ സിനി ഡാനിയേൽ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.) | 09-11-2022 | 19-01-2023 |
| ഡോ മിഥുൻ ബേബി | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.) | 20-01-2023 | 31-03-2023 |
| ഡോ മേരി ഡയാന കെ എസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 05-01-2023 |
| ഡോ വജ്ജുകുമാരി ആർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 06-01-2023 | 31-03-2023 |
| ഡോ എൽദോ പി വർഗീസ് | സീനിയർ വെറ്ററിനറി സർജൻ | 01-04-2022 | 09-09-2022 |
| ഡോ ഷറഫുദീൻ എസ് | സീനിയർ വെറ്ററിനറി സർജൻ | 10-09-2022 | 31-03-2023 |
| ജോമിലി ജോസ് | കൃഷി ഓഫീസർ | 01-04-2022 | 17-09-2022 |
| സിദ്ധാർത്ഥ് ആർ | കൃഷി ഓഫീസർ | 18-09-2022 | 15-11-2022 |
| വർഷ ബാബു | കൃഷി ഓഫീസർ | 16-11-2022 | 08-01-2023 |
| സിദ്ധാർത്ഥ് ആർ | കൃഷി ഓഫീസർ | 09-01-2023 | 31-03-2023 |
| ചിഞ്ചു ആർ നായർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| അഭിലാഷ് എം ബി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (തമ്മാനിമറ്റം സർക്കിൾ) | 01-04-2022 | 26-09-2022 |

| | | | |
|---|---|---|---|
| ബിന്ദുമോൾ റ്റി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (തമ്മാനിമറ്റം സർക്കിൾ) | 27-09-2022 | 31-03-2023 |
| അഭിലാഷ് എം ബി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (വടയമ്പാടി സർക്കിൾ) | 01-04-2022 | 31-03-2023 |
| സൂര്യ രാജൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (പൂതൃക്ക സർക്കിൾ) | 01-04-2022 | 11-09-2022 |
| ശ്രീവിദ്യ വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (പൂതൃക്ക സർക്കിൾ) | 12-09-2022 | 13-02-2023 |
| അഭിലാഷ് എം ബി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (പൂതൃക്ക സർക്കിൾ) | 14-02-2023 | 31-03-2023 |
| ഫൈസൽ എ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 30-10-2022 |
| ദീപ എൻ കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 30-10-2022 | 31-03-2023 |
| ഷീബ ചാക്കോ | ഹെഡ്മാസ്റ്റർ,ഗവ.എൽ പി എസ് | 01-04-2022 | 31-03-2023 |
| ഡോ ഇന്ദു എസ് സ്കറിയ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2022 | 31-03-2023 |

ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സ**ർ**ട്ടിഫിക്കറ്റ് | 1-1 |
| 2 | അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ധനകാര്യ പത്രികയിൽ തൻവർഷത്തെ ടെണ്ടർ ഫോറവില കിട്ടാനുള്ളത് രേഖപ്പെടുത്തിയിട്ടില്ല | 1-1-3 |
| 5 | ഗ്രാന്റുകൾ ചെലവഴിച്ചിട്ടില്ല | 1-1-4 |
| 6 | ലൈഫ് മിഷൻ വായ്പ-കുറവ് ചെയ്തു | 1-1-5 |
| 7 | നിക്ഷേപ പ്രവൃത്തികൾക്കായി നൽകിയ തുക വാർഷിക കണക്കിൽ ചേർത്തിട്ടില്ല | 1-1-6 |
| 8 | കോർട്ട് ഫീ സ്റ്റാമ്പിന്റെ വില ലയബിലിറ്റി ഹെഡിൽ ഉൾപ്പെടുത്തിയത് സംബന്ധിച്ച് | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം | 1-3 |
| 11 | ഫണ്ട് വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 14 | ക്ഷേമ പദ്ധതികൾ | 1-7 |
| 15 | ക്യാഷ് വെരിഫിക്കേഷ**ൻ** | 1-8 |
| 16 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 17 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 18 | തനത് വരുമാനം - അവലോകനം | 1-11 |
| 19 | വാടക കുടിശ്ശിക ഈടാക്കാത്തത് സംബന്ധിച്ച് | 1-12 |
| 20 | ലൈസ**ൻ**സ് അപാകങ്ങ**ൾ** | 1-13 |
| 21 | തൊഴി**ൽ** നികുതി പിരിവ് കാര്യക്ഷമമല്ല | 1-14 |
| 22 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ - മരുന്ന് ലഭ്യമായിട്ടില്ല | 1-15 |
| 23 | വസ്തു നികുതി - അപാകങ്ങ**ൾ** | 1-16 |
| 24 | വിട്ട് കിട്ടിയ ഭൂമി പോക്കുവരവ് ചെയ്ത് ആസ്തിയിൽ ഉൾപ്പെടുത്തിയില്ല | 1-17 |
| 25 | പേവിഷ നിയന്ത്രണം - കുത്തിവയ്പ് നൽകിയ നായകൾക്ക് പഞ്ചായത്ത് ലൈസൻസ് ലഭ്യമാക്കിയില്ല | 1-18 |
| 26 | ജൽജീവൻ മിഷന് സ്ഥലം കൈമാറിയ വിവരം അറിയിക്കേണ്ടതാണ് | 1-19 |
| 27 | ജി എസ് റ്റി അനുവദിച്ചതിലെ അപാകത | 1-20 |

| | | |
|---|---|---|
| 28 | SSA വിഹിതം- വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-21 |
| 29 | ഇ-ടെണ്ടർ ഫീസ് തിരികെ ലഭ്യമായതിന്റെ വിവരം അറിയിക്കേണ്ടതാണ് | 1-22 |
| 30 | അഡ്വാൻസ് നൽകിയ തുക മുഴുവനായും തിരിച്ചടച്ചിട്ടില്ല | 1-23 |
| 31 | നിയമങ്ങളും ചട്ടങ്ങളും പാലിച്ചുകൊണ്ട് കടത്ത് സർവ്വീസ് നടത്തുന്നില്ല | 1-24 |
| 32 | പൊതുടാപ്പുകളുടെ വെള്ളക്കരം -അപാകത | 1-25 |
| 33 | തെരുവ് വിളക്കുകൾ-പൊതുവായ അപാകതകൾ | 1-26 |
| 34 | താൽക്കാലിക നിയമനത്തിലെ അപാകത | 1-27 |
| 35 | ഗ്രാമപഞ്ചായത്ത് ഓഫീസിൽ ഡീസൽ ജനറേറ്റർ സ്ഥാപിച്ചത്-<br>എനർജൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചില്ല - മറ്റ് അപാകതകൾ | 1-28 |
| 36 | അധിക തുക നൽകിയത് നിരാകരിക്കുന്നു. | 1-29 |
| 37 | സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം -പ്രവർത്തന ക്ഷമമായതിന്റെ വിവരം<br>അറിയിക്കേണ്ടതാണ് | 1-30 |
| 38 | ഇലക്ഷൻ നിക്ഷേപം -നാളിതു വരെയും തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല | 1-31 |
| 39 | ബയോഗ്യാസ് പ്ലാന്റ്-മോണിട്ടറിംഗ് നടത്തിയതിന്റെ വിവരം<br>അറിയിക്കേണ്ടതാണ് | 1-32 |
| 40 | കന്നുകുട്ടി പരിപാലനം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് | 1-33 |
| 41 | പെർഫോമൻസ് ഓഡിറ്റ് യൂണിറ്റിന് തുക നൽകിയത്-വിനിയോഗസാക്ഷ്യപത്രം<br>ലഭ്യമാക്കിയിട്ടില്ല | 1-34 |
| 42 | ഐ.കെ.എം.വിഹിതം നൽകിയത്-വിനിയോഗസാക്ഷ്യപത്രം ലഭിച്ചില്ല | 1-35 |
| 43 | കംപ്യൂട്ടറുകളിൽ ആന്റിവൈറസ് സോഫ്റ്റ് വെയർ ഇൻസ്റ്റാൾ ചെയ്തതിന്റെ<br>രേഖകൾ ഹാജരാക്കിയില്ല | 1-36 |
| 44 | സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രൊജക്ട്-ചെലവ് രേഖകൾ പൂർണ്ണമായും<br>ഹാജരാക്കിയില്ല | 1-37 |
| 45 | കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രൊജക്ട്-യു.പി.എസ്. ലഭിച്ചിട്ടില്ല | 1-38 |
| 46 | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി. നിർവ്വഹണം നടത്തിയ പ്രൊജക്ടുകൾ-<br>പൊതു ന്യൂനതകൾ | 1-39 |
| 47 | പി.എച്ച്.സി. യിലെ ഓഫീസ് ചെലവുകൾ-ഹാജരാക്കിയ രേഖകൾ അപൂർണ്ണം | 1-40 |
| 48 | പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പദ്ധതി-ചെലവ് രേഖകൾ അപൂർണ്ണം | 1-41 |
| 49 | പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പദ്ധതി -ഡ്രൈവർക്ക് എക്സ്ട്രാ ഡ്യൂട്ടി<br>അലവൻസ് നൽകിയത് അനുവദനീയമല്ല | 1-42 |
| 50 | പി.എച്ച്.സി.യിലെ താല്ക്കാലിക ഫാർമസിസ്റ്റിന് വേതനം -അപാകതകൾ | 1-43 |
| 51 | തെരുവ് വിളക്ക് അറ്റകുറ്റപ്പണി-കരാറുകാരന് നൽകേണ്ട തുകയിലും കരാറിലെ<br>വ്യവസ്ഥകളിലും അവ്യക്തത-വാർഷിക പരിപാലന തുക ക്രമാതീതമായി<br>വർദ്ധിക്കുന്നതിന് സാദ്ധ്യത. | 1-44 |
| 52 | വനിതാവിജ്ഞാനകേന്ദ്രം -അറ്റകുറ്റപ്പണികളും വൈദ്യുതീകരണവും | 1-45 |

| | | |
|---|---|---|
| | പൂർത്തികരിച്ചില്ല | |
| 53 | പച്ചക്കറി മാർക്കറ്റ് -തുടർ നടത്തിപ്പ് വിവരം വ്യക്തമല്ല | 1-46 |
| 54 | ശ്മശാന നിർമ്മാണം-പൂർത്തീകരിച്ചില്ല | 1-47 |
| 55 | കോട്ടൂർ അങ്കണവാടി നവീകരണം - ചുറ്റുമതിൽ നിർമ്മാണം പൂർത്തികരിച്ചില്ല. | 1-48 |
| 56 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-49 |
| 57 | പുറച്ചിറ ബയോ ഡൈവേഴ്സിറ്റി പാർക്ക് നിർമ്മാണം-ലക്ഷ്യം കൈവരിച്ചില്ല. | 1-50 |
| 58 | ടെൻഡർ എക്സസ് തുക നല്കൽ-ഫയൽ ഹാജരാക്കിയില്ല. | 1-51 |
| 59 | വിവിധ പദ്ധതികളുടെ ജി എസ് റ്റി അടവാക്കൽ-രേഖകൾ ഹാജരാക്കിയില്ല | 1-52 |
| 60 | കണ്യാട്ടുകുടി കുടിവെള്ള പദ്ധതിയ്ക്ക് വാട്ടർ പ്യൂരിഫയർ- നിഷ്ക്രിയാസ്തിയായി തുടരുന്നു | 1-53 |
| 61 | കുടിവെള്ളപദ്ധതികൾ - പൂർത്തീകരിച്ചില്ല , ഇതര അപാകതകൾ | 1-54 |
| 62 | നിക്ഷേപ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല | 1-55 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | അധിക തുക നൽകി | 3-1 |
| 2 | പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പദ്ധതി -ഡ്രൈവർക്ക് എക്സ്ട്രാ ഡ്യൂട്ടി അലവൻസ് നൽകിയത് അനുവദനീയമല്ല | 3-2 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്-സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 07.07.2023 ലെ (1) -ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 07.07.2023-ാം തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പൂതൃക്ക ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പൂതൃക്ക ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : കാക്കനാട്
തീയതി : 23.11.2023

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല

വസ്തുനികുതി ഡി.സി.ബി. കണക്കുകൾ സഞ്ചയ സോഫ്റ്റ്‌വെയർ സ്റ്റേറ്റ്മെന്റും വാർഷികകണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മുൻവർഷത്തിലെ അഡ്വാൻസ് തുക തൻവർഷം ക്രമീകരിച്ചിരിക്കുന്ന തുകയുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-3 ധനകാര്യ പത്രികയിൽ തൻവർഷത്തെ ടെണ്ടർ ഫോറവില കിട്ടാനുള്ളത് രേഖപ്പെടുത്തിയിട്ടില്ല

ഓഡിറ്റ് വർഷത്തെ ആസ്തി ബാദ്ധ്യത കണക്കിൽ ബി.15 ഷെഡ്യൂളിൽ 431409901 എന്ന ശീർഷകം ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-4 ഗ്രാന്റുകൾ ചെലവഴിച്ചിട്ടില്ല

B4ഷെഡ്യൂൾ പ്രകാരം ബാധ്യതയായി രേഖപ്പെടുത്തിയിട്ടുള്ള ഏതാനും പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ തൻ വർഷത്തിലും ചെലവഴിച്ചിട്ടില്ല.

| ഹെഡ് | ഇനം | തുക(₹) |
|---|---|---|
| 320100149 | നാഷണൽ ഹെൽത്ത് മിഷൻ | 5,00,000/- |
| 320100202 | സ്പെസിഫിക്ക് പർപ്പസ് ഗ്രാന്റ് | 2,39,640/- |
| 320100204 | സ്പെസിഫിക്ക് പർപ്പസ് ഗ്രാന്റ്-പി എച്ച് സി3 | 1,11,570/- |
| 320300199 | മറ്റ് ഗ്രാന്റുകൾ | 18,74,000/- |

### 1-1-5 ലൈഫ് മിഷൻ വായ്പ-കുറവ് ചെയ്തു

ലൈഫ് മിഷൻ വായ്പ ബാദ്ധ്യതയില്ലാതിരുന്നിട്ടും തുക ഉത്ഭവത്തിൽ കുറവ് ചെയ്തു. ലൈഫ് ഭവനപദ്ധതിക്കായുള്ള (എസ്.സി.പി, ടി.എസ്.പി) ലോൺ തുകയായി ഗ്രാമപഞ്ചായത്തിൽ മുതൽ ഇനത്തിൽ വർഷാരംഭത്തിൽ തിരിച്ചടക്കുവാൻ ബാക്കിയില്ല (330000000 Secured Loans ബി-5). ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്ത് ഈ പദ്ധതിക്കായി ലോൺ എടുത്തിട്ടില്ല. എന്നാൽ ഈയിനത്തിൽ തിരിച്ചടക്കുവാനുള്ള മുതൽ ഇനത്തിൽ വികസനഫണ്ട് എസ്.സി.പി.യിൽ നിന്നും ₹48,82,451/-യും, വികസനഫണ്ട് ടി.എസ്.പിയിൽ നിന്നും ₹13,950/-യും ഉത്ഭത്തിൽ കുറവ് ചെയ്തിട്ടുണ്ട്. ലോൺ ഇല്ലാതിരുന്നിട്ടും മേൽ തുക ഉത്ഭവത്തിൽ നിന്നും കുറവ് ചെയ്തത് ശരിയായ നടപടിയല്ല.

### 1-1-6 നിക്ഷേപ പ്രവൃത്തികൾക്കായി നൽകിയ തുക വാർഷിക കണക്കിൽ ചേർത്തിട്ടില്ല

നിക്ഷേപ പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി.ക്ക് നൽകിയ ₹5,69,216/-യും, വാട്ടർ അതോറിറ്റിക്ക് നൽകിയ ₹6,00,000/-യും, ഭൂജല വകുപ്പിന് നൽകിയ ₹38,000/-യും B-18 ഷെഡ്യൂൾ പ്രകാരം നീക്കിബാക്കിയായി കാണിച്ചിട്ടുണ്ട്. എന്നാൽ RP-49(P) ഷെഡ്യൂളിൽ മേൽ തുകകൾ കാണിച്ചിട്ടില്ല.

### 1-1-7 കോർട്ട് ഫീ സ്റ്റാമ്പിന്റെ വില ലയബിലിറ്റി ഹെഡിൽ ഉൾപ്പെടുത്തിയത് സംബന്ധിച്ച്

B-9 ഷെഡ്യൂളിൽ 350300112 ഹെഡിൽ Value Of Court Fee Stamp- ₹2175/- സർക്കാരിലേക്ക് അടവാക്കാൻ അവശേഷിക്കുന്നതായി കാണിച്ചിട്ടുണ്ട്. വിവരാവകാശ നിയമ പ്രകാരം ഉള്ള അപേക്ഷ ഫീസ് അടവാക്കിയതാണെങ്കിൽ ആയത് പഞ്ചായത്തിന്റെ തനത് വരുമാനം ആണ്. എന്നാൽ തുക ലയബിലിറ്റി ഹെഡിൽ ഉൾപ്പെടുത്തിയിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

### 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 31.03.2022 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 3-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 01.03.2023 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 2-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് -ചെലവും, യഥാർത്ഥ വരവ്- ചെലവും തമ്മിൽ ഗണ്യമായ വ്യത്യാസം കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | 2022-2023 പുതുക്കിയ ബജറ്റ് പ്രകാരം(₹) | 2022-2023 വാർഷിക ധനകാര്യപത്രിക പ്രകാരം(₹) |
|---|---|---|
| പ്രാരംഭ ബാക്കി | 82,64,966.45 | 98,87,828.00 |
| വരവ് | 32,50,87,940.00 | 3,74,78,948.00 |
| ആകെ | 33,33,52,906.45 | 4,73,66,776.00 |
| ചെലവ് | 33,01,97,908.00 | 3,57,64,610.00 |
| നീക്കിയിരുപ്പ് | 31,54,998.45 | 1,16,02,166.00 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരുപ്പ് | ₹98,87,828.00 |
| ഓഡിറ്റ് വർഷത്തെ വരവ് | ₹3,74,78,948.00 |
| ആകെ | ₹4,73,66,776.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | ₹3,57,64,610.00 |
| നീക്കിയിരുപ്പ് | ₹1,16,02,166.00 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ട് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 15475400 | 15475400 | 14304665* | | 1170735 |
| വികസനഫണ്ട് -SCP | 0 | 5584759 | 5584759 | 5156632* | | 428127 |
| വികസനഫണ്ട് -TSP | 0 | 202050 | 202050 | 180375* | | 21675 |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യകമ്മീഷൻ അവാർഡ് (Tied) – Bank | 2414937 | 3575000 | 5989937 | 3375669 | 2614268 | 0 |
| ധനകാര്യകമ്മീഷൻ അവാർഡ് (Tied) -Treasury | 0 | 2630286 | 2630286 | 1476156 | 0 | 1154130 |
| ധനകാര്യകമ്മീഷൻ അവാർഡ് – (UnTied) - Bank | 37483 | 2500025 | 2537508 | 2500185 | 37323 | 0 |
| ധനകാര്യകമ്മീഷൻ അവാർഡ് (UnTied) - Treasury | | 261637 | 261637 | 135387 | | 126250 |
| മെയിന്റനൻസ് ഗ്രാന്റ് -റോഡ് | 0 | 29856000 | 29856000 | 24537117 | | 5318883 |
| മെയിന്റനൻസ് ഗ്രാന്റ് – റോഡിതരം | 0 | 4570000 | 4570000 | 4360536 | | 209464 |
| ICDS (320100125) | 202742 | 1081462 | 1284204 | 462508 | 821696 | |
| Total Sanitation Campaign (320100181) | 59328 | 0 | 59328 | 48000 | 11328 | |
| SAGY(320200306) | 18680 | 0 | 18680 | 0 | 18680 | |
| PBIG (320300103) | 132735 | 0 | 132735 | 101498 | 31237 | |

*1) വികസന ഫണ്ട് (ജനറൽ)
ആകെചെലവ്-₹1,52,68,265/-,
(₹1,43,04,665/-(എ.സി.ആർ ചെലവ്) + ₹9,63,600/-(ജി.ഒ പ്രോജക്റ്റ് തുക)
ജി.ഒ പ്രോജക്റ്റ്
അങ്കണവാടി പ്രവർത്തകരുടെ പ്രതിഫലം-₹9,63,600/-
2) വികസന ഫണ്ട് (എസ്.സി.പി.)
ആകെചെലവ്-₹56,44,873/-,
(₹51,56,632/-(എ.സി.ആർ. ചെലവ്) + ₹4,88,241/-(ജി.ഒ. പ്രോജക്റ്റ് തുക)
ലൈഫ് പദ്ധതിയുടെ ഭാഗമായി ലോൺ എടുക്കാതിരുന്നിട്ടും ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്-₹4,88,241/-
3) വികസന ഫണ്ട് (ടി.എസ്.പി.)
ആകെചെലവ്-₹1,94,325/-,
(₹1,80,375/-(എ.സി.ആർ ചെലവ്)+ ₹13,950/-(ജി. ഒ പ്രോജക്റ്റ് തുക)
ലൈഫ് പദ്ധതിയുടെ ഭാഗമായി ലോൺ എടുക്കാതിരുന്നിട്ടും ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്-₹13,950/-
4) ധനകാര്യകമ്മീഷൻ അവാർഡ് – (UnTied)- Bank
പലിശ തുകയായ 117025/-രൂപ കൂടി വരവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | പൂർണ്ണമായി നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 253 | ₹18,80,10,545/- | ₹7,49,74,525/- | 176 | 39 | 38 | 69.56% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുൻബാക്കി | തൻവർഷവരവ്(₹) | ആകെ(₹) | ചെലവ്(₹) | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവ് | 06 | 5,60,362/- | 5,60,368/- | 5,60,332/- | 36 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 1,60,83,373/- | 1,60,83,373/- | 1,60,83,373/- | |
| ആകെ | 06 | 1,66,43,735/- | 1,66,43,741/- | 1,66,43,705/- | 36 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക(₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 42,97,700/- | 11 |
| വിധവാപെൻഷൻ | 74,26,400/- | 18 |
| വാർദ്ധക്യകാല പെൻഷൻ | 1,54,72,800/- | 93 |
| വികലാംഗപെൻഷൻ | 22,33,400/- | 4 |
| 50 വയസ്സിനുമുകളിൽ പ്രായമായ അവിവാഹിതകൾക്കുള്ള ധനസഹായം | 4,96,800/- | 4 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 90,000/- | 3 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.08.2023 തീയതിയിൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹70,037/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം വിവിധ മേഖലകളിൽ കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്. വിഷയങ്ങൾ ചുവടെ ചേർക്കുന്നു.
1) സെക്രട്ടറി, അസി. എഞ്ചിനീയർ തുടങ്ങിയ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പ്രോജക്റ്റുകളുടെ ഫയലുകൾ ശരിയാം വിധം സൂക്ഷിച്ചിട്ടില്ല.
2)പൊതുമരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ്, ബിൽ എന്നിവ തയ്യാറാക്കുന്നതിലും കൂടുതൽ കാര്യക്ഷമത ആവശ്യമാണ്. അതായത് പൊതുമരാമത്ത് പ്രവൃത്തികൾ പലതും ഒരേ പ്രവൃത്തി തന്നെ വിവിധ പ്രോജക്റ്റുകളായി നടപ്പാക്കുന്നു. മരാമത്ത് പ്രവൃത്തികളുടെ യഥാസമയമുള്ള പൂർത്തീകരണം ഉറപ്പാക്കുന്നില്ല.
3)കുടിവെള്ള പദ്ധതികൾ പലതും ഗാർഹിക കണക്ഷൻ നല്കാതെ വർഷങ്ങളായി അപൂർണ്ണമായി തുടരുന്നു. ജലജീവൻ പദ്ധതി മുഖേന ഗാർഹിക കണക്ഷൻ പൂർണ്ണമായി നടപ്പാക്കുന്നതിനാൽ മറ്റ് കുടിവെള്ള പദ്ധതികളുടെ നിർമ്മാണം ആവശ്യകതയ്ക്കനുസൃതമായി മാത്രം നടപ്പാക്കേണ്ടതാണ്.
4) പല നിർമ്മാണ പ്രവൃത്തികളും നിഷ്ക്രിയാസ്തിയായി തുടരുന്ന അവസ്ഥ ഒഴിവാക്കേണ്ടതാണ്.
മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.03.2021 | മാർച്ച് 2020 മുതൽ സെപ്റ്റംബർ 2020 വരെ | 30.10.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.05.2022 | 04/2018 മുതൽ 04/2022 വരെ | 04.07.2022 |

## 1-11 തനത് വരുമാനം - അവലോകനം

എറണാകുളം ജില്ലയിൽ കുന്നത്തുനാട് താലൂക്കിൽ വടവുകോട് ബ്ലോക്കിൽ ആകെ 14 വാർഡുകളിലായി വ്യാപിച്ചാണ് പൂതൃക്ക ഗ്രാമപഞ്ചായത്തിന് സ്ഥിതി ചെയ്യുന്നത്. നികുതി, ഫീസ്, വാടക, ലേലത്തുക തുടങ്ങി നികുതി - നികുതി ഇതര വരവുകൾ മെച്ചപെടുത്തുന്നതിന്റെ സാധ്യത സംബന്ധിച്ച അവലോകന വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ( G.O.(P) No.78/2019/LSGD/2.11.2019) ലെ ചട്ടം 21പ്രകാരം ഗ്രാമ പഞ്ചായത്തിൽ പെർമിറ്റ് നൽകി, ഒക്കുപ്പൻസി നൽകിയ കെട്ടിടങ്ങളിന്മേൽ ഗ്രാമപഞ്ചായത്തിന് പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്താവുന്നതാണ്. അനധികൃത കൂട്ടിച്ചേർക്കലുകൾ, മാറ്റം വരുത്തൽ, വിപുലീകരണം, ഉപയോഗമാറ്റം എന്നിവ വരുത്തിയിട്ടുണ്ടോയെന്നറിയാനാണ് ഇപ്രകാരം പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തേണ്ടത്. പ്രസ്തുത ചട്ടത്തിൽ ഒഴിവാക്കിയിട്ടുള്ള (രണ്ട് നിലവരെയുള്ള റെസിഡൻഷ്യൽ കെട്ടിടങ്ങൾ, 50 എം സ്ക്വയർ വരെയുള്ള കൊമേഴ്സ്യൽ കെട്ടിടങ്ങൾ മുതലായവ) കെട്ടിടങ്ങൾ ഒഴികെയുള്ള കെട്ടിടങ്ങളിന്മേൽ

ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിൽ ഒരിക്കലെങ്കിലും പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തണം.

2) 2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26, 27, 28 പ്രകാരം ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ സേവന ഉപനികുതി വസ്തുനികുതിയോടൊപ്പം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയത് ഈടാക്കുന്നതിനുള്ള സാധ്യത ഭരണസമിതി പരിശോധിക്കേണ്ടതാണ്.

3) പഞ്ചായത്തിൽ ഇ-പേയ്മെന്റ്സ് സ്വീകരിക്കുന്നതിനായി ഉപയോഗിക്കുന്നത് എസ്.ബി.ഐ യുടെ കറന്റ് അക്കൗണ്ടാണ് (നം. 36897696973). 31.03.2023 ന് ഈ അക്കൗണ്ടിൽ ₹1,159,832.34 ബാലൻസ് ഉള്ളതായി കാണുന്നു. ഇപ്രകാരം ഇ-പേയ്മെന്റ്സ് വഴി ഈ അക്കൗണ്ടിൽ ലഭിക്കുന്ന തുകകൾ നിശ്ചിത ഇടവേളകളിൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് അല്ലെങ്കിൽ കൂടുതൽ പലിശ വരവ് ലഭിക്കുന്ന തരത്തിൽ ഓട്ടോ സ്വീപ്പ് അക്കൗണ്ടിലേക്ക് മാറ്റുന്നതിന്റെ സാദ്ധ്യത പ്രയോജനപ്പെടുത്തി പലിശയിനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

4) ഓഫീസ് കെട്ടിടങ്ങൾ, വാടക കെട്ടിടങ്ങൾ എന്നിവ ഉൾപ്പെടുന്ന കെട്ടിട ആസ്തികൾ പഞ്ചായത്തിന് സ്വന്തമായിട്ടുണ്ട്. തനത് ഫണ്ട് സമാഹരണത്തിന്റെ ഭാഗമായി പ്രധാന സ്ഥലങ്ങൾ, കെട്ടിടങ്ങൾ കൂടുതൽ കാര്യക്ഷമമായി ഉപയോഗപ്പെടുത്തുന്നതിലൂടെ ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക ഭദ്രത കൂടുതൽ മെച്ചപ്പെടുത്താൻ സാധിക്കും. സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള വാണിജ്യ കെട്ടിടങ്ങളിൽ നിന്നുള്ള വാടക കുടിശ്ശിക പിരിച്ചെടുക്കൽ, വാടക കരാറിന്റെ സമയോചിതമായ പുതുക്കൽ അല്ലെങ്കിൽ വാർഷിക വർദ്ധനവ് വരുത്തുന്നതിനു വേണ്ട സംവിധാനം നടപ്പിലാക്കാൻ ശുപാർശ ചെയ്യുന്നു. വാടക സംബന്ധിച്ച ബൈലോ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

5) തൊഴിൽ നികുതി പിരിവ് കൂടുതൽ കാര്യക്ഷമമാക്കുന്നതിലൂടെ നികുതിയിനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

ജനാധിപത്യ സമൂഹത്തിന്റെ വികസനപ്രക്രിയ എന്നത് ഒരു സംയോജിത പ്രവർത്തനമാണ്. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സർവ്വോപരി സാമാന്യ ജനസമൂഹവും ചേർന്നാണ് വികസന പ്രക്രിയയ്ക്ക് രൂപം കൊടുക്കുന്നത്. ഇത്തരം പ്രവർത്തനങ്ങളുടെ വിജയകരമായ നടത്തിപ്പിന് തനത് വരുമാനം വർദ്ധിപ്പിച്ച് സ്വയംപര്യാപ്തത കൈവരിക്കുക എന്നത് അനിവാര്യമായതിനാൽ ഇത്തരം വരുമാന മാർഗ്ഗങ്ങൾ വർദ്ധിപ്പിക്കാൻ ഉതകുന്ന തരത്തിലുള്ള നടപടികൾ ഭരണ സമിതിയുടെ ഭാഗത്തുനിന്നും ഊർജ്ജിതപ്പെടുത്താവുന്നതാണ്. ആയവ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ ചർച്ചചെയ്യുകയും ചട്ടവിധേയമായി നൂതന ആശയങ്ങൾ നടപ്പിലാക്കാവുന്നതുമാണ്.

## 1-12 വാടക കുടിശ്ശിക ഈടാക്കാത്തത് സംബന്ധിച്ച്

2022-23 സാമ്പത്തിക വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്ത് വാടകയ്ക്ക് നൽകിയ കെട്ടിടങ്ങളിൽ ഒരു കെട്ടിടത്തിന്റെ വാടക തുക കുടിശ്ശിക ഉണ്ട്. കുടിശ്ശികയുടെ വിവരം ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | വാടകക്കാരന്റെ പേര് | മാസ വാടക (ജി.എസ്.ടി കൂടാതെ)(₹) | കുടിശ്ശിക വരുത്തിയ കാലയളവ് | ആകെ (ജി.എസ്.ടി കൂടാതെ)(₹) |
|---|---|---|---|---|
| 5/279 | അനി ബെൻ | 4234 | 4/2022 മുതൽ 3/2023 വരെ | 5,0808/- |
| 5/279 | അനി ബെൻ | 4032 | 2/2022 മുതൽ 3/2022 വരെ | 8,064/- |

കുടിശ്ശിക ഈടാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, വാടക സംബന്ധിച്ച ബൈലോ എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/17.08.2023) കുടിശ്ശിക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന മറുപടി നൽകി. വാടകക്കുടിശ്ശികയിനത്തിൽ കുറവ് വന്ന തുക ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. വാടക സംബന്ധിച്ച ബൈലോ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-13 ലൈസൻസ് അപാകങ്ങൾ

1) 2022-23 സാമ്പത്തിക വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 13 കെട്ടിടങ്ങളാണ് വാടകയ്ക്ക് നൽകിയിരിക്കുന്നത്. 5/269, 5/270, 5/271, 5/272, 5/273, 5/275, 5/276, 5/277, 5/278, 5/279, 5/280, 5/281, 5/282 എന്നിവയാണ് വാടകക്ക് നൽകിയിട്ടുള്ള കെട്ടിടങ്ങൾ. എന്നാൽ ഈ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ തൻവർഷം ലൈസൻസ് എടുത്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.29, 17.08.23), 5/279, 5/281, 5/282 നമ്പർ കെട്ടിടങ്ങളിൽ പ്രവർത്തനമില്ല എന്നും ബാക്കിയുള്ള കെട്ടിടങ്ങളിലുള്ള സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകി. മേൽ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2) ഫാക്ടറികൾക്കും, സംരഭങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിലെ ചട്ടം 3 പട്ടിക 1 ക്രമ നമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകൾ നടത്തുന്നതിന് ലൈസൻസ് ആവശ്യമാണ്. എന്നാൽ 2022-23 ലൈസൻസ് രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിലെ റേഷൻ ഷോപ്പുകൾ ലൈസൻസ് എടുത്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.29, 17.08.23), ലൈസൻസ് നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകി. റേഷൻ ഷോപ്പുകൾക്ക് ലൈസൻസ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

3) ഫാക്ടറികൾക്കും, സംരഭങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിലെ ചട്ടം 3 പട്ടിക 1 ക്രമ നമ്പർ 139 പ്രകാരം അബ്കാരി ഷാപ്പുകൾ നടത്തുന്നതിന് ലൈസൻസ് ആവശ്യമാണ്. തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം പഞ്ചായത്തിന്റെ പരിധിയിൽ മാമല റേഞ്ച് T.S. No.9, തമ്മാണിമറ്റം T.S. No.39, കക്കാട്ടുപാറ T.S. No.37 എന്നിങ്ങിനെ 3 കള്ള് ഷാപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവ 2022-23 വർഷം ലൈസൻസ് എടുത്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.29, 17.08.23), കള്ള് ഷാപ്പുകൾ ലൈസൻസിനായി അപേക്ഷ നൽകിയിട്ടുണ്ടെന്നും, ന്യൂനതകൾ പരിഹരിച്ച് ലൈസൻസ് നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകി. ലൈസൻസ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

മേൽ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും പഞ്ചായത്തിൽ ലൈസൻസ് കൂടാതെ ഒരു സ്ഥാപനവും പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-14 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല

കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 204 പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതിക്ക് വിധേയനാകും. ഗ്രാമപഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. എന്നാൽ 2022–2023 തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിലെ ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി (രണ്ട് അർദ്ധ വർഷങ്ങളിലേയും) ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | ലൈസൻസ് നം. | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം (ലൈസൻസ് അപേക്ഷ പ്രകാരം) |
|---|---|---|---|
| 1 | 13/22-23 | സ്റ്റാർ പാക്കേഴ്സ് | 5 |
| 2 | 21/22-23 | ഫസ്റ്റ് ക്രൈ | 3 |
| 3 | 23/22-23 | ഇ- ലൈഫ് ഫാർമ | 4 |
| 4 | 39/22-23 | പിട്ടാപ്പിള്ളിൽ ഏജൻസീസ് | 3 |
| 5 | 51/22-23 | ജൈകോ ജ്വല്ലറി | 4 |
| 6 | 81/22-23 | കാവേരി പ്ലാസ്റ്റിക്സ് | 20 |
| 7 | 97/22-23 | പ്രൈം കെയർ മെഡിക്കൽ സെന്റർ | 3 |
| 8 | 98/22-23 | ശ്രീ മുരുക ബ്രിക്സ് | 9 |
| 9 | 123/22-23 | റോയൽ ബേക്കേഴ്സ് ആന്റ് റസ്റ്റോറന്റ് | 10 |
| 10 | 130/22-23 | സ്വർണ്ണം ഫ്രഷ് മാർട്ട് | 6 |
| 11 | 138/22-23 | സെന്റ് ജോർജ്ജ് ഇൻഫ്രാ | 5 |
| 12 | 140/22-23 | ത്രിവേണി സൂപ്പർ മാർക്കറ്റ് | 3 |
| 13 | 141/22-23 | എച്ച്.ആർ.ഡി ലാബ്സ് | 3 |
| 14 | 157/22-23 | ജെ &എസ് ഗ്രാനൈറ്റ്സ് | 5 |
| 15 | 205/22-23 | റബ്ബർ ടെക്സ് | 8 |
| 16 | 210/22-23 | ഇല്ല്യൂഷൻ ഡെന്റൽ ലബോറട്ടറി | 50 |
| 17 | 226/22-23 | ജി-ടെക് കമ്പ്യൂട്ടർ എഡ്യുകേഷൻ | 4 |
| 18 | 246/22-23 | ഹൈടെക് പേവേഴ്സ് | 5 |

| | | | |
|---|---|---|---|
| 19 | 247/22-23 | ഹൈടെക് ഹോളോബ്രിക്സ് | 8 |
| 20 | 275/22-23 | ഡോ. പോൾസ് സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക് | 4 |
| 21 | 291/22-23 | ഫ്ലക്സ് ട്രസ് കൊറുഗേറ്റഡ് ബോക്സസ് | 18 |
| 22 | 304/22-23 | ക്ലാസിക് കണ്ടൈനേഴ്സ് | 5 |
| 23 | 308/22-23 | ഗ്രീൻ വേൾഡ് ഇന്റർനാഷണൽ | 5 |
| 24 | 347/22-23 | നോവ ട്രേഡേഴ്സ് | 8 |
| 25 | 349/22-23 | ദി പേർഷ്യൻ ടേബിൾ | 10 |
| 26 | 374/22-23 | അവർ ലേഡിസ് ക്ലിനിക് | 4 |
| 27 | 532/22-23 | കല്യാൺ ജ്വല്ലേഴ്സ് ലിമിറ്റഡ് | 4 |

2) പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന റേഷൻ ഡിപ്പോകളുടെ നടത്തിപ്പുകാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.46, 19.08.23) മറുപടി ലഭിച്ചില്ല. മേൽ പരാമർശിച്ചവരുടെ തൊഴിൽ നികുതി ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ തൊഴിൽ നികുതി അവർക്ക് ബാധകമായ നിരക്കുകളിൽ ഡിമാന്റ് ചെയ്ത് ഈടാക്കാനുള്ള നടപടികൾ ഊർജിതപ്പെടുത്തേണ്ടതാണ്.

1-15 ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് /നം. | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ, 140/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| അടങ്കൽ തുക | ₹3,00,000/-, മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) |
| ചെലവഴിച്ച തുക, ബിൽ നം./ തീയതി | ₹3,00,000/-, നം.441 തീയതി 22.03.2023 |

മേൽ പദ്ധതി പ്രകാരം ₹3,00,000/- ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്നുകൾ ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വറിക്ക് (നം. 18 /16.08.2023) 2023 മാർച്ച് മാസം അവസാനത്തിലാണ് ഹോംകോക്ക് തുക കൈമാറാൻ സാധിച്ചതെന്നും മെയിൽ, ഫോൺകോൾ എന്നിവ വഴി മരുന്ന് ലഭ്യമാക്കുന്നതിന് ഹോംകോയിൽ അറിയിച്ചിട്ടുണ്ടെന്നും മറുപടി നൽകി. മരുന്ന് ലഭ്യമാക്കി ആയതിന്റെ ഇൻവോയ്സും, സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്കായി ലഭ്യമാക്കുന്നതുവരെ ₹3,00,000/- ചെലവ് തടസ്സപ്പെടുത്തുന്നു.

1-16 വസ്തു നികുതി - അപാകങ്ങൾ

1)വസ്തുനികുതി ഉപയോഗക്രമം നിർണ്ണയിച്ചതിലെ അപാകത സംബന്ധിച്ച്

2022-23 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് എടുത്ത ചില സ്ഥാപനങ്ങളുടെ സഞ്ചയ പ്രകാരമുള്ള ഉപയോഗക്രമം തെറ്റായി നിർണ്ണയിച്ചിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | തറ വിസ്തീർണ്ണം (ച.മീ.) | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ ഉപയോഗക്രമം, നികുതി നിരക്ക് | ലൈസൻസ് നമ്പർ, സ്ഥാപനത്തിന്റെ പേര് | ലൈസൻസ് പ്രകാരമുള്ള ഉപയോഗക്രമം, നികുതി നിരക്ക് |
|---|---|---|---|---|
| 2/5A | 228.6 | വാണിജ്യ ആവശ്യത്തിനുള്ളവ 200 ച.മീറ്റർ വരെ തറവിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, | 139/22-23, മൽബറി ഹൈപ്പർമാർട്ട് | വാണിജ്യ ആവശ്യത്തിനുള്ളവ 200 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണം ഉള്ള സൂപ്പർ |

| | | | | |
|---|---|---|---|---|
| | | ഷോപ്പിംഗ് മാളുകൾ, ₹50/- | | മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ, ₹80/- |
| 5/515A<br>5/515B<br>5/515C | 362.01<br>363.41<br>363.4 | വാണിജ്യ ആവശ്യത്തിനുള്ളവ 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണം ഉള്ള ഷോപ്പുകൾ ₹60/- | 179/22-23, ക്രിസ്റ്റൽ ഹൈപ്പർ മാർക്കറ്റ് | വാണിജ്യ ആവശ്യത്തിനുള്ളവ 200 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ, ₹80 |
| 5/759A | 376.67 | വാണിജ്യ ആവശ്യത്തിനുള്ളവ 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണം ഉള്ള ഷോപ്പുകൾ ₹60/- | 553/22-23, റിലൈൻസ് റിട്ടൈൽ ലിമിറ്റഡ് | വാണിജ്യ ആവശ്യത്തിനുള്ളവ 200 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ, ₹80/- |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.25, 17.08.23), ഉപയോഗക്രമം തെറ്റായി സഞ്ചയയിൽ ഉൾപ്പെടുത്തിയത് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകി. തുടർനടപടികൾ സ്വീകരിച്ച് വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2) വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് നികുതി ഒഴിവാക്കിയത് സംബന്ധിച്ച്

16.12.2015 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം 358/15 പ്രകാരം 60 ച.മീറ്ററിൽ താഴെ വിസ്തീർണ്ണമുള്ള കുടുംബനാഥന്റെ / നാഥയുടെ ഉടമസ്ഥതയിലുള്ള സ്വന്തം ആവശ്യത്തിനുപയോഗിക്കുന്ന ഒരു വാസഗൃഹത്തിന് വസ്തുനികുതി ഒഴിവാക്കി നൽകാവുന്നതാണ് ഇതിനായി അഞ്ച് വർഷ കാലയളവിലേക്ക് നികുതി ഒഴിവാക്കി നൽകുന്നതിന് ഉടമസ്ഥന്റെ സത്യവാങ്മൂലം സെക്രട്ടറി വാങ്ങി സൂക്ഷിക്കേണ്ടതാണ്.

സഞ്ചയ പരിശോധിച്ചതിൽ വാണിജ്യ കെട്ടിടത്തിന് മേൽ ഉത്തരവ് പ്രകാരം നികുതി ഒഴിവാക്കിയിട്ടുണ്ട്. കെട്ടിടത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | വിസ്തീർണ്ണം (ച.മീ.) | സഞ്ചയ പ്രകാരമുള്ള ഉപയോഗക്രമം |
|---|---|---|
| 2/358 | 38.2 | വാണിജ്യം (ഷോപ്പുകൾ) |

വാണിജ്യ കെട്ടിടത്തിന് നികുതിയിളവ് നൽകിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.47, 19.08.23), നികുതിയിളവ് നൽകിയിട്ടുള്ളത് പരിശോധിച്ച് നികുതി പുനസ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകി. തുടർനടപടികൾ സ്വീകരിച്ച് വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-17 വിട്ട് കിട്ടിയ ഭൂമി പോക്കുവരവ് ചെയ്ത് ആസ്തിയിൽ ഉൾപ്പെടുത്തിയില്ല

12-ാം വാർഡിൽ പി.വി.ഐ.പി. കനാലിന് കുറുകെ പാലം നിർമ്മിക്കുന്ന ആവശ്യത്തിലേക്കായി
1)വി സി വർഗീസ്, വാഴയിൽ, കിങ്ങിണിമറ്റം, കോലഞ്ചേരി
2)അനീഷ് ജേക്കബ്, കുറ്റിനാൽ, കിങ്ങിണിമറ്റം, കോലഞ്ചേരി
3)എം കെ വർഗീസ്, കണിയാംമറ്റത്തിൽ, പൂതൃക്ക
4)കെ എം വർഗീസ്, കിങ്ങിണിമറ്റം
കോലഞ്ചേരി എന്നിവർ സൗജന്യമായി പഞ്ചായത്തിന് ഭൂമി വിട്ട് നൽകിയിരുന്നു. എന്നാൽ പ്രസ്തുത സ്ഥലം നാളിതുവരെ വില്ലേജ് രേഖകളിൽ പോക്ക് വരവ് ചെയ്ത് ഭൂനികുതി അടയ്ക്കുകയോ സ്ഥലം പഞ്ചായത്തിന്റെ ആസ്തിയിലുൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. കൂടാതെ പൊതു ആവശ്യത്തിന്, പ്രത്യേകിച്ചും കെട്ടിട നിർമ്മാണത്തിനായി ഒക്കെ സൗജന്യമായി ലഭിക്കുന്ന സ്ഥലങ്ങൾ ന്യൂനതകൾ ഇല്ലാത്തവയാണെന്ന് ഉദ്യോഗസ്ഥരും ഭരണസമിതിയും ഉറപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്. അപാകതയ്ക്ക് വിശദീകരണം

നൽകുവാൻ ഓഡിറ്റ് എൻക്വയറി (നം.51/19.08.2023) മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. ഗ്രാമപഞ്ചായത്തിന് വിട്ടുകിട്ടിയ എല്ലാ ഭൂമികളും പോക്ക് വരവ് ചെയ്ത് സ്ഥലം ആസ്തിയിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 പേവിഷ നിയന്ത്രണം - കുത്തിവയ്പ്പ് നൽകിയ നായകൾക്ക് പഞ്ചായത്ത് ലൈസൻസ് ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് | പേവിഷ നിയന്ത്രണം,198/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ(₹7,00,000/-) | ₹20,000/- (തനത് ഫണ്ട്) |
| ചെലവ് | ₹7,070/- |
| ബിൽ നം. & തീയതി | 140/05.11.2022 |

മേൽ പ്രോജക്ട് പ്രകാരം തനത് ഫണ്ടിൽ നിന്നും ₹7,070/- പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ വച്ച് വളർത്തുനായകൾക്ക് പേവിഷ പ്രതിരോധ കുത്തിവെപ്പ് എടുത്തതായി കാണുന്നു. 26.09.2022 മുതൽ 30.09.2022 വരെ തീയതികളിലായി ക്യാമ്പുകൾ നടത്തി 345 നായ്ക്കൾക്കാണ് കുത്തിവെയ്പ്പ് എടുത്തിട്ടുള്ളത്. പ്രതിരോധ കുത്തിവെയ്പ്പ് എടുത്ത നായകൾക്ക് പഞ്ചായത്ത് ലൈസൻസ് ലഭ്യമാക്കിയതിന്റെ വിശദാംശങ്ങളും ഫയലിൽ ലഭ്യമല്ല. ഗ്രാമപഞ്ചായത്തിലെ രേഖകൾ പ്രകാരം 2022-23 സാമ്പത്തിക വർഷം ആകെ 298 വളർത്തുനായകൾക്ക് മാത്രമാണ് ലൈസൻസ് നൽകിയിട്ടുള്ളത്. ഇതിൽ പ്രതിരോധ കുത്തിവയ്പ്പ് എടുത്ത നായകൾ ഉൾപ്പെട്ടിട്ടുണ്ടോ എന്നതും വ്യക്തമല്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി(നം.32/18.08.2023) നൽകിയതിന് ലഭിച്ച മറുപടിയിൽ കുത്തിവെയ്പ്പ് എടുത്ത മുഴുവൻ നായ്ക്കൾക്കും ലൈസൻസ് നൽകിയിട്ടില്ല എന്നാണ് വ്യക്തമാക്കിയത്. ഓരോ സാമ്പത്തിക വർഷവും പ്രതിരോധ കുത്തിവെയ്പ്പ് നൽകുന്ന നായകൾക്ക് ലൈസൻസ് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-19 ജൽജീവൻ മിഷന് സ്ഥലം കൈമാറിയ വിവരം അറിയിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിൽ ജൽജീവൻ മിഷൻ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി ഐക്കരനാട് സൗത്ത് വില്ലേജിലെ നിരപ്പാമലയിൽ ബ്ലോക്ക് നമ്പർ 48ൽ റീസർവ്വേ നമ്പർ 135/07 ലെ 51.2772 സെന്റ് (നിലവിൽ ടാങ്ക് സ്ഥിതി ചെയ്യുന്ന സ്ഥലം) വാട്ടർ അതോറിറ്റിയ്ക്ക് കൈമാറുന്നതിന് 07.07.2022 ലെ 3(1) പ്രകാരം തീരുമാനമെടുത്തിരുന്നു. പഞ്ചായത്തു വക ലക്ഷം വീട് കോളനി ഉണ്ടായിരുന്ന സ്ഥലമാണ് കൈമാറുന്നതിന് തീരുമാനിച്ചത്. സ്ഥലം വാട്ടർ അതോറിറ്റിയ്ക്ക് കൈമാറിയതിന്റെയും, കുടിവെള്ള പദ്ധതി നടപ്പാക്കിയതിന്റെയും വിവരം ഓഡിറ്റിനെ അറിയിക്കുന്നതിനായി ആവശ്യപ്പെട്ട കൊണ്ട് ഓഡിറ്റ് എൻക്വയറി(നം.52/19.08.2023) നൽകിയതിന് മറുപടി ലഭിച്ചില്ല. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-20 ജി എസ് റ്റി അനുവദിച്ചതിലെ അപാകത

| | |
|---|---|
| പ്രോജക്ട് | ക്ലീൻ കേരള കമ്പനിയ്ക്ക് മാലിന്യം നീക്കുന്നതിന് തുക നൽകൽ. 270/2023 |
| അടങ്കൽ | ₹59,000/-(തനത് ഫണ്ട്) |
| ചെലവ് | 1)₹55,000/-451/22.03.23<br>2)₹4,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.സെക്രട്ടറി |

ഗ്രാമപഞ്ചായത്തിൽ മാലിന്യ സംസ്കരണം ലക്ഷ്യമിട്ടു കൊണ്ടാണ് മേൽ പ്രോജക്ട് നടപ്പാക്കിയിട്ടുള്ളത്. വിവിധ വാർഡുകളിൽ നിന്ന് ശേഖരിച്ച അജൈവമാലിന്യങ്ങൾ ശാസ്ത്രീയ സംസ്കരണത്തിനായി കൊണ്ടു പോയിട്ടുള്ളത് ക്ലീൻ കേരള കമ്പനി എന്ന സ്ഥാപനമാണ്. 27.09.2022 ലെ D23/SER 22-23/370 നം പ്രഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ കിലോ ഗ്രാമിന് ₹10 + 18% ജി.എസ്.ടി. എന്ന നിരക്ക് രേഖപ്പെടുത്തി ക്ലീൻ കേരള കമ്പനി 5000 കിലോഗ്രാം അജൈവ മാലിന്യം നീക്കം ചെയ്തതിന് ₹59,000/- അനുവദിക്കണമെന്ന് ആവശ്യപ്പെടുകയുണ്ടായി. 2022-23 സാമ്പത്തിക വർഷം മാലിന്യം നീക്കം ചെയ്തതിന്റെ ബിൽ സമർപ്പിക്കുകയും 2022-23 ൽ താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

| ക്രമ നം | ബിൽ നം. | മാലിന്യനീക്ക ചാർജ്(₹) | ജി.എസ്.ടി. (18%) (₹) | ആകെ(₹) |
|---|---|---|---|---|
| 1 | 451/22.03.23 | 50,000/- | 9,000/- | 59,000/- |
| ആകെ | | 50,000/- | 9,000/- | 59,000/- |

തുക നൽകിയതിലെ അപാകത താഴെ ചേർക്കുന്നു.
കേന്ദ്ര സർക്കാരിന്റെ ധനകാര്യ വകുപ്പിന്റെ (റവന്യൂ) 28.06.2017 ലെ Notification No. 12/2017- Central Tax (Rate) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മാലിന്യ നീക്കവുമായി ബന്ധപ്പെട്ട പ്രവൃത്തികളെ ജി.എസ്.ടി.യിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

| SL No | Chapter, Section, Heading, Group Or Service Code (Tariff) | Description Of Services | Rate (%.) |
|---|---|---|---|
| 3 | Chapter 99 | Pure Services (Excluding Works Contract Service Or Other Composite Supplies Involving Supply Of Any Goods) Provided To The Central Government, State Government Or Union Territory Or Local Authority Or A Governmental Authority By Way Of Any Activity In Relation To Anyfunction Entrusted To A Panchayat Under Article 243G Of The Constitution Or In Relation To Any Function Entrusted To A Municipality Under Article 243W Of The Constitution. | Nil |

ആയത് പ്രകാരവും ഹെൽത്ത് & സാനിറ്റേഷൻ ഭാരത ഭരണഘടനയുടെ 243G പ്രകാരമുള്ള പതിനൊന്നാം പട്ടികയിൽ ഉൾപ്പെടുന്നതിനാലും ജി.എസ്.ടി. ബാധകമല്ല. മാത്രവുമല്ല 2022-23 വർഷം ക്ലീൻ കേരള കമ്പനി അവരുടെ ബില്ലിൽ (D23/SER 22-23/370) മാലിന്യ നീക്കത്തിന് ബാധകമായ HSN Code 998594 രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും നിരക്ക് Nil എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇക്കാരണത്താൽ ഗ്രാമപഞ്ചായത്ത് ക്ലീൻ കേരള കമ്പനിയ്ക്ക് ജി.എസ്.ടി. ഇനത്തിൽ തുക നൽകേണ്ടതില്ല. ബാധകമല്ലാത്ത ജി.എസ്.ടി. തുക നൽകിയത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (നം.01/14.08.2023) മുഖേനയാവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ ക്ലീൻ കേരള കമ്പനി ഹാജരാക്കിയ ബില്ലിൽ 18% ജി.എസ്.ടി. കൂടി രേഖപ്പെടുത്തിയതിനാലാണ് തുക നൽകിയതെന്നും, 27.09.2019ലെ സ.ഉ(കൈ)2112/2019/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം പുനചംക്രമണ യോഗ്യമല്ലാത്ത അജൈവ മാലിന്യങ്ങൾക്ക് സേവന നികുതിയ്ക്ക് പുറമേ കിലോഗ്രാമിന് ₹10/- വീതം നൽകുന്നതിന് അനുവാദമുള്ളതിന്റെയെല്ലാം അടിസ്ഥാനത്തിലാണ് ജി.എസ്.ടി. ഇനത്തിൽ തുക നൽകിയതെന്ന് അറിയിച്ചു. എന്നാൽ കേന്ദ്ര സർക്കാരിന്റെ ധനകാര്യ വകുപ്പിന്റെ (റവന്യൂ) 28.06.2017 ലെ Notification No. 12/2017- Central Tax (Rate) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മാലിന്യ നീക്കവുമായി ബന്ധപ്പെട്ട പ്രവൃത്തികളെ ജി.എസ്.ടി.യിൽ നിന്ന് ഒഴിവാക്കിയതിനാൽ നികുതി ബാധ്യതകൾ ഇല്ലായെന്ന് വ്യക്തമാണ്. ആയതിനാൽ ജി.എസ്.ടി. ഇനത്തിൽ നൽകിയ ₹9,000/- ബന്ധപ്പെട്ട കമ്പനിയിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-21 SSA വിഹിതം- വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | SSA വിഹിതം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, ഗവ. എൽ പി എസ് |
| പ്രോജക്ടിന്റെ നം / വർഷം | 190/22-23 |
| അടങ്കൽ തുക/ ഫണ്ട് | ₹1056055/-( മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം) |
| ചെലവ് തുക/ ബിൽ നം തീയതി | 1)₹6,00,000/-22120552001201521541/ 28.03.2023<br>2)₹3,22,325/-22120552001201577999/ 31.03.2023 |

SSA വിഹിതം നൽകലിനായി ചെലവഴിച്ച ആകെ തുക ₹9,22,325/- യുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ലാത്തതിനാൽ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 24/തീയതി. 17.08.2023) മറുപടി ലഭ്യമാക്കിയില്ല.

## 1-22 ഇ-ടെണ്ടർ ഫീസ് തിരികെ ലഭ്യമായതിന്റെ വിവരം അറിയിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 30.09.2022 ലെ 1(6)നമ്പർ തീരുമാന പ്രകാരം 2015 മുതൽ 2018 വരെയുള്ള

വർഷങ്ങളിലെ ഇ-ടെണ്ടർ ഫീസ് ഇനത്തിൽ ₹245743/- പൂതൃക്ക ഗ്രാമപഞ്ചായത്തിന് എക്സിക്യൂട്ടീവ് എഞ്ചിനിയർ, എൽ എസ് ജി ഡി, എറണാകുളം ജില്ലയിൽ നിന്നും ലഭിക്കാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നാളിതു വരെയും തുക ലഭിച്ചതായി കാണുന്നില്ല. തുക ഇതു വരെ ലഭിക്കാതിരുന്നതിന്റെ കാരണം ഓഡിറ്റിനെ അറിയിക്കുവാൻ എൻക്വയറി(നം.53/19.08.2023) മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. ഗ്രാമപഞ്ചായത്തിന് ഇ-ടെണ്ടർ ഫീസിനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനിയർ, എൽ എസ് ജി ഡിയിൽ നിന്നും ലഭിക്കാനുള്ള തുക എത്രയും വേഗം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-23 അഡ്വാൻസ് നൽകിയ തുക മുഴുവനായും തിരിച്ചടച്ചിട്ടില്ല

| | |
|---|---|
| ചെക്ക് നമ്പർ/തീയതി | 84941/29.09.2022 |
| തുക(₹) | 192040/- |

വൗച്ചർ പരിശോധനയിൽ തൊഴിലുറപ്പ് ജീവനക്കാരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ മേൽ ചെക്ക് പ്രകാരം ₹1,92,040/- തൊഴിലുറപ്പ് പദ്ധതിയുടെ അക്കൗണ്ടിലേക്ക് തിരികെ നൽകണമെന്ന വ്യവസ്ഥയിൽ തനതു ഫണ്ടിൽ നിന്നും തൻവർഷം അനുവദിച്ചിരുന്നു. അഡ്വാൻസ് രജിസ്റ്റർ പ്രകാരം തൊഴിലുറപ്പ് പദ്ധതിയുടെ അക്കൗണ്ടിലേക്ക് നൽകിയ തുകയുടെ വിവരം താഴെ ചേർക്കുന്നു.

| മുൻബാക്കി | നാളിതു വരെ നൽകിയ തുക(₹) | ആകെ(₹) | റിക്കുപ്പ് ചെയ്ത തുക(₹) | തിരികെ ലഭിക്കാനുള്ള തുക(₹) |
|---|---|---|---|---|
| 635994 | 1026308 | 1662302 | 560332 | 1101970 |

അഡ്വാൻസായി നൽകിയ തുക റിക്കുപ്പ് ചെയ്യണമെന്ന നിബന്ധന പാലിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(നം.22/18.08.2023) നൽകിയതിന് തൻവർഷം നൽകിയ ₹1,92,040/- തിരികെ ലഭിച്ചതായി അറിയിച്ചു. തിരികെ ലഭിക്കാനുള്ള ബാലൻസ് തുക എത്രയും വേഗം ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-24 നിയമങ്ങളും ചട്ടങ്ങളും പാലിച്ചുകൊണ്ട് കടത്ത് സർവ്വീസ് നടത്തുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പള്ളിപ്പുറത്ത് കടവ്, പരവൻ കടവ് എന്നിവിടങ്ങളിൽ കടത്തു വഞ്ചികളാണ് നിലവിലുള്ളത്. ഇതിലെ കടത്ത് ജോലി ചെയ്യുന്നവർക്ക് പ്രതിമാസം ₹6,200/- നിരക്കിൽ പഞ്ചായത്ത്, തനത് ഫണ്ടിൽ നിന്നും കൂലി ഇനത്തിൽ നൽകുന്നുണ്ട്. കടത്തു ജോലി ചെയ്യുന്ന വ്യക്തിയുമായി പഞ്ചായത്ത് കരാറിലേർപ്പെട്ട വിവരം, കടത്തു വള്ളത്തിന് നിശ്ചിത ഇടവേളകളിൽ നടത്തുവാൻ നിഷ്കർഷിച്ചിട്ടുള്ള ഫിറ്റ്നെസ് പരിശോധനകൾ, ലഭിച്ചിട്ടുള്ള കനാൽ ലൈസൻസ്, കടത്തു വഞ്ചികളിലെ ഓരോ യാത്രക്കാർക്കും ലൈഫ്ജാക്കറ്റ് പോലുള്ള സുരക്ഷ മാനദണ്ഡങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ തുടങ്ങിയ വിവരങ്ങൾ ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി(നം.06/15.08.2023) മുഖേന ആവശ്യപ്പെട്ടതിന് തൃപ്തികരമായ മറുപടി ലഭിച്ചില്ല. അപാകതകൾ എത്രയും വേഗം പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-25 പൊതുടാപ്പുകളുടെ വെള്ളക്കരം -അപാകത

പൊതുടാപ്പുകളുടെ 2016 മാർച്ച് വരെയുള്ള കുടിശ്ശിക ₹1,06,84,944/- (പിഴപ്പലിശ ഉൾപ്പെടെ)യാണ്. എന്നാൽ 2016 മാർച്ച് വരെ ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിയിൽ ₹98,91,340/- അടവാക്കിയിരുന്നു. ബാലൻസായി അടയ്ക്കാനുള്ളത് ₹7,93,604/-യായിരുന്നു. തുടർന്നുള്ള എല്ലാ സാമ്പത്തിക വർഷവും കൃത്യമായി തന്നെ കുടിവെള്ളക്കരം വാട്ടർ അതോറിറ്റിയിൽ ഗ്രാമപഞ്ചായത്ത് അടവാക്കി വരുന്നുണ്ട്. എന്നാൽ 05.04.2022 ൽ വാട്ടർ അതോറിറ്റി കുടിവെള്ളക്കരമിനത്തിൽ ₹1,18,17,914/-യും, പിഴപ്പലിശയായി ₹2,31,811/-യും ഡിമാന്റ് ചെയ്തിട്ടുണ്ട്. ഇത്രയും തുക ഡിമാന്റ് ചെയ്തതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

പൂതൃക്കയിലുള്ള വാട്ടർ അതോറിറ്റി കെട്ടിടങ്ങളുടെ വസ്തുനികുതിയിനത്തിൽ 2021-22 സാമ്പത്തിക വർഷം വരെ ₹30,12,919/- അടയ്ക്കുവാൻ അവശേഷിക്കുന്നതായി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 30.04.2022 ലെ 7(1)തീരുമാനത്തിൽ വിശദീകരിച്ചിട്ടുണ്ട്. ആയതിനാൽ പലിശ ഒഴിവാക്കി കുടിവെള്ളക്കരം ക്രമീകരിക്കുന്നതിന് ബഹു.കേരള സർക്കാരിനോട് അഭ്യർത്ഥിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ നാളിതു വരെയും യാതൊരുവിധ തുടർ നടപടികളും ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടില്ല എന്ന് വ്യക്തമാകുന്നു. കാരണം 2023 ഏപ്രിൽ മാസത്തെ ബിൽ പ്രകാരം 251 പൊതു ടാപ്പുകൾക്ക് കുടിവെള്ളക്കരമിനത്തിൽ അടയ്ക്കാനുള്ള കുടിശ്ശിക തുക ₹1,49,32,577/-യാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇത്തരത്തിൽ തെറ്റായ കുടിവെള്ളക്കരമാണ് വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുന്നത്.

ഗ്രാമപഞ്ചായത്തിൽ പൊതുടാപ്പുകളുടെ വെള്ളക്കരം കണക്കാക്കുന്നതിന് 251 പൊതുടാപ്പുകൾ പ്രവർത്തിക്കുന്നതായാണ് കേരള വാട്ടർ അതോറിറ്റി കണക്കാക്കിയിരിക്കുന്നത്. 04/2022 മുതൽ 02/2023 വരെ പ്രതിമാസം ₹14,52,792/-യാണ് വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് ഒടുക്കിയിരുന്നത്. വെള്ളക്കരം ഇനത്തിലുള്ള അധിക ബാധ്യത കുറയ്ക്കുന്നതിന്, ഉപയോഗശൂന്യമായ പൊതുടാപ്പുകളുടെ എണ്ണം കുറയ്ക്കുക എന്നത് മാത്രമാണ് ഏക മാർഗ്ഗം. ജലജീവൻ മിഷൻ

പ്രകാരം ഗാർഹിക കണക്ഷനുകൾ വിവിധ വാർഡുകളിലെ ഉപയോക്താക്കൾക്ക് അനുവദിച്ചപ്പോൾ ഉപയോഗ ശൂന്യമായ 113 പൊതു ടാപ്പുകൾ വിച്ഛേദിക്കുന്നതിന് വാട്ടർ അതോറിറ്റിയോട് അഭ്യർത്ഥിക്കുന്നതിന് ഗ്രാമപഞ്ചായത്ത് 30.04.2022 ലെ 7(2) കമ്മിറ്റി തീരുമാന പ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. ഉപയോഗിക്കുന്ന കുടിവെള്ളത്തിന് മാത്രം വെള്ളക്കരം ഒടുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ച് ഈയിനത്തിലുള്ള അധിക ബാധ്യത പരമാവധി ഒഴിവാക്കുന്നതിന് ശ്രമിക്കേണ്ടതാണ്. മേൽ അപാകതകൾക്ക് ഉചിതമായ വിശദീകരണം നൽകുവാൻ ഓഡിറ്റ് എൻക്വയറി (നം.08/15.08.2023) മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ 215 പൊതു ടാപ്പുകൾ വിച്ഛേദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്ത് കമ്മിറ്റിയുടെ 20.06.2023 ലെ 11(1) തീരുമാന പ്രകാരം വാട്ടർ അതോറിറ്റി, ചൂണ്ടി ഡിവിഷന്, കത്ത് നൽകിയതായും, പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ അടയ്ക്കുവാനുണ്ടായിരുന്ന ₹1,49,42,653/- ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ഭാഗമായി വെള്ളക്കരം ഇളവ് ചെയ്ത് ₹55,55,372/- ആയി നിജപ്പെടുത്തുകയും ചെയ്തു. വാട്ടർ അതോറിറ്റിയിൽ നിന്നും കെട്ടിട നികുതിയിനത്തിൽ ലഭിക്കാനുള്ള തുക കിഴിച്ച് ബാക്കി തുക ഗഡുക്കളായി അടയ്ക്കുന്നതാണെന്ന് അറിയിച്ചു. ജലജീവൻ മിഷൻ പദ്ധതി ഗ്രാമപഞ്ചായത്തിൽ പൂർണ്ണമായും നടപ്പാക്കിയതിനാൽ ഉപയോഗിക്കുന്ന പൊതുടാപ്പുകൾ മാത്രം നിലനിർത്തുന്നതിനും, ഉപയോഗശൂന്യമായവ എത്രയും വേഗം വിച്ഛേദിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വാട്ടർ അതോറിറ്റിയിൽ അധികമായി തുക അടവാക്കിയിട്ടുണ്ടെങ്കിൽ ആയത് ക്രമീകരിക്കേണ്ടതും, വസ്തുനികുതിയിനത്തിൽ ലഭിക്കേണ്ടതായ തുക വാട്ടർ അതോറിറ്റിയിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-26 തെരുവ് വിളക്കുകൾ-പൊതുവായ അപാകതകൾ

1) തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

12.03.2013-ലെ സർക്കുലർ നം.65529/ഡി.സി.3/2012 ത.സ്വ.ഭ.വ. പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോട് കൂടിയ ഓട്ടോമാറ്റിക്ക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനുള്ള സാങ്കേതിക സഹായം കെ.എസ്.ഇ.ബി നൽകുന്നതും ഇതിന് ആവശ്യമായ തുക കെ.എസ്.ഇ.ബി-യിൽ പഞ്ചായത്ത് ഒടുക്കേണ്ടതുമാണ്. എന്നാൽ മീറ്റർ ഘടിപ്പിക്കാത്ത തെരുവ് വിളക്കുകൾക്ക് വൈദ്യുതി ഉപഭോഗത്തിന്റെ അടിസ്ഥാനത്തിലല്ല മറിച്ച് തെരുവ് വിളക്കുകൾക്കായി ഉപയോഗിച്ച് വരുന്ന ബൾബുകളുടെ തരം, എണ്ണം, Burning Hours എന്നിവയുടെ അടിസ്ഥാനത്തിൽ നിരക്ക് നിശ്ചയിച്ച് കെ.എസ്.ഇ.ബി നൽകുന്ന ബിൽ പ്രകാരമാണ് ഗ്രാമപഞ്ചായത്ത് വൈദ്യുതി ചാർജ്ജ് ഒടുക്കി വരുന്നത്. ആകസ്മിക കാരണങ്ങളാൽ പ്രവർത്തനക്ഷമമല്ലാതെ വരുന്ന തെരുവ് വിളക്കുകൾക്കും പഞ്ചായത്ത് വൈദ്യുതി ചാർജ്ജ് അടവാക്കേണ്ട സാഹചര്യം ഉണ്ടാവുന്നത് ഒഴിവാക്കുവാനും അടയ്ക്കുന്ന വൈദ്യുതി ചാർജ്ജിന്റെ കണക്കുകളിൽ കൃത്യത കൈവരിക്കുവാനും മീറ്ററിംഗ് സംവിധാനം അനിവാര്യമാണ്.

ഗ്രാമപഞ്ചായത്ത് പരിധിയിലെ എല്ലാ തെരുവ് വിളക്കുകൾക്കും മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.05/15.08.2023)മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ ഘട്ടം ഘട്ടമായി മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതാണെന്ന് അറിയിച്ചു. മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുക വഴി വൈദ്യുതി ചാർജ്ജിന്റെ കൃത്യമായ കണക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് ലഭിക്കുന്നതാണ്.

2)തെരുവുവിളക്കുകളുടെ എണ്ണം സംബന്ധിച്ച് കൃത്യമായ വിവരങ്ങളില്ല.

കെ.എസ്.ഇ.ബിയുടെ പൂതൃക്ക സെക്ഷനിൽ നിന്നുള്ള ഡിമാന്റ് നോട്ടീസുകളുടെ അടിസ്ഥാനത്തിൽ തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജായി 2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് ₹8,95,920/- അടവാക്കിയിട്ടുണ്ട്. എന്നാൽ കെ.എസ്.ഇ.ബിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തി തെരുവിളക്കുകളുടെ എണ്ണം, തരം എന്നിവ തീർച്ചപ്പെടുത്താതെയാണ് വൈദ്യുതി ചാർജ്ജ് അടവാക്കിയിട്ടുള്ളത്. കെ.എസ്.ഇ.ബിയുമായി ചേർന്ന് അടിയന്തിരമായി തെരുവുവിളക്കുകളുടെ സംയുക്ത പരിശോധന നടത്താതിരുന്നതും, തെരുവുവിളക്കുകളുടെ എണ്ണം, തരം, സ്ഥാനം എന്നിവ വ്യക്തമാക്കുന്ന തെരുവുവിളക്ക് രജിസ്റ്റർ തയ്യാറാക്കാതിരുന്നതും വിശദീകരിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി(നം.15/15.08.2023) നൽകിയതിന് ലഭിച്ച മറുപടിയിൽ കെ.എസ്.ഇ.ബിയുമായി ബന്ധപ്പെട്ട് സംയുക്ത പരിശോധന നടത്തുന്നതാണെന്നും,തെരുവ് വിളക്കുകളുടെ രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നതാണെന്നും അറിയിച്ചു. കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തേണ്ടതും തെരുവു വിളക്കുകളുടെ രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതും മറ്റും അപാകതകൾ പരിഹരിക്കേണ്ടതുമാണ്.

## 1-27 താൽക്കാലിക നിയമനത്തിലെ അപാകത

ഗ്രാമപഞ്ചായത്തിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ താൽക്കാലിക അടിസ്ഥാനത്തിൽ നിയമനം നടത്തി തനത് ഫണ്ടിൽ നിന്നും തുക വിനിയോഗിച്ചതായി ഓഡിറ്റ് പരിശോധനയിൽ വ്യക്തമാവുകയുണ്ടായി. സർക്കാർ ഉത്തരവ് (അച്ചടി)നം.81/2019 ധന 09.07.2019 പ്രകാരം സർക്കാർ അംഗീകാരമില്ലാത്ത തസ്തികകളിൽ ദിവസവേതന അടിസ്ഥാനത്തിലുള്ള നിയമനം നടത്തേണ്ട സാഹചര്യം വരികയാണെങ്കിൽ സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. സർക്കാർ അംഗീകൃത തസ്തികകളിൽ അടിയന്തിര ഘട്ടങ്ങളിൽ പരമാവധി 90 ദിവസംവരെയുള്ള ദിവസ വേതന നിയമനം വകുപ്പ് മേധാവിക്ക് നടത്താവുന്നതാണ്. ഈ കാലാവധിക്ക് പുറത്ത് ദിവസവേതന അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് സർക്കാർ അംഗീകൃത തസ്തികകളാണെങ്കിലും സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണെന്ന്

നിഷ്കർഷിച്ചിട്ടുള്ളതാണ്.

സർക്കാർ നിയന്ത്രണത്തിലുള്ള പൊതുസ്ഥാപനങ്ങളിൽ, കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ പരിധിയിൽ വരാത്ത ഒഴിവുകളിലേക്ക് 1959 ലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് (കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ്) ആക്റ്റിന് വിധേയമായി മാത്രമെ നിയമനം നടത്താവൂ എന്ന നിയമവും ഇക്കാര്യത്തിൽ പാലിക്കപ്പെട്ടിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ അംഗീകൃത തസ്തികകളുടെ വിവരം, ഈ അംഗീകൃത തസ്തികകളുടെ എണ്ണം, ഇതിൽ ഒഴിവുണ്ടായിരുന്നവയുടെ എണ്ണം, കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിൽ ഒഴിവുണ്ടായിരുന്ന ജീവനക്കാരുടെ എണ്ണം, താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നതിന് വകുപ്പ് മേധാവിയുടെയോ സർക്കാരിന്റെയോ അനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ ആയതും ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.
ഗ്രാമപഞ്ചായത്തിൽ നടത്തിയ താൽക്കാലിക നിയമനം സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

എ) നിബു പോൾ, പി എച്ച് സിയിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ നിയമിച്ച് വേതനം നൽകിയിട്ടുണ്ട്.

ബി) വത്സ പ്രഭാകരൻ, ഹോമിയോ ആശുപത്രിയിൽ അറ്റന്റർ തസ്തികയിൽ നിയമിച്ച് വേതനം നൽകിയിട്ടുണ്ട്.

മേൽ പരാമർശിച്ച അപാകത നിലനിൽക്കെത്തന്നെ താൽക്കാലിക അടിസ്ഥാനത്തിലുള്ള ജീവനക്കാരുടെ നിയമനം സുതാര്യമായല്ല നടത്തിയിട്ടുള്ളത്. നിയമനത്തിനായുള്ള യോഗ്യത നിശ്ചയിക്കുകയോ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുകയോ അർഹതയുടെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിക്കുകയോ ചട്ടപ്രകാരമുള്ള സംവരണതത്ത്വം പാലിക്കുകയോ ചെയ്യാതെയാണ് താൽക്കാലിക ജീവനക്കാരെ നിയമിച്ചിട്ടുള്ളത്. നടപടിക്രമങ്ങളിൽ ഒരു പൊതു സ്ഥാപനം ഉറപ്പുവരുത്തേണ്ട യാതൊരു സുതാര്യതയും ഇക്കാര്യത്തിൽ ഉണ്ടായിട്ടില്ല. നിയമിക്കപ്പെട്ടവർക്ക് നിയമന ഉത്തരവ് നൽകുകയോ കാലാവധി തീരുന്ന മുറയ്ക്ക് ടെർമിനേഷൻ നോട്ടീസ് നൽകുകയോ ചെയ്യുന്നില്ല.

പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കിയില്ല (ഓഡിറ്റ് എൻക്വയറി നം11./15.08.23). സർക്കാർ നിർദ്ദേശം പാലിക്കാതെ ദിവസവേതനനിയമനം നടത്തി വരുന്നതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-28 ഗ്രാമപഞ്ചായത്ത് ഓഫീസിൽ ഡീസൽ ജനറേറ്റർ സ്ഥാപിച്ചത്-എനർജൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചില്ല - മറ്റ് അപാകതകൾ

| പ്രൊജക്ട് നമ്പർ | 121/23(spill Over) | 115/23 |
|---|---|---|
| പ്രൊജക്ടിന്റെ പേര് | ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് ജനറേറ്റർ | ഗ്രാമപഞ്ചായത്ത് ഓഫീസിൽ ജനറേറ്റർ സ്ഥാപിക്കൽ അനുബന്ധ സൗകര്യം ഒരുക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി | സെക്രട്ടറി |
| ഫണ്ട്(₹) | തനത് ഫണ്ട് | തനത് ഫണ്ട് |
| അടങ്കൽ(₹) | 2,04,504/- | 60,000/- |
| ചെലവ്(₹) | 1,18,965/-(ചെക്ക് നം.12116/19.7.22) | 38,485/-(വൗച്ചർ നം.2220138/30.3.23) |

ഗ്രാമപഞ്ചായത്ത് ഓഫീസിൽ ഡീസൽ ജനറേറ്റർ സ്ഥാപിക്കുന്നതിനായി 10.8.2020ൽ ഇ-ടെണ്ടർ ക്ഷണിക്കുകയും ടെണ്ടർ ലഭിച്ച ജനറിക് പവർ സിസ്റ്റംസ്, കാക്കനാട് എന്ന സ്ഥാപനം അശോക് ലെയ് ലാന്റ് എന്ന ബ്രാന്റിലുള്ള 20KVA ജനറേറ്റർ സ്ഥാപിക്കുകയും ചെയ്തു. ജില്ല പഞ്ചായത്ത് ഇലക്ട്രിക്കൽ പാനൽ എൻജിനീയർ പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കി ജില്ല പഞ്ചായത്ത് എക്സി.എഞ്ചിനീയർ ടെക്നിക്കൽ സാംഗ്ഷൻ നൽകിയ എസ്റ്റിമേറ്റ് പിന്നീട് റിവൈസ് ചെയ്താണ് പ്രവൃത്തി പൂർത്തീകരിച്ചത്. 2021-22 വർഷം പ്രവൃത്തിക്കായി തനത് ഫണ്ടിൽ നിന്നും ₹3,95,496/- ചെലവഴിച്ചു. പ്രൊജക്ട് സ്പിൽ ഓവർ ആകുകയും 121/23 നമ്പർ സ്പിൽ ഓവർ പ്രൊജക്ട് മുഖേന തൻവർഷം ₹1,18,965/- ചെലവഴിക്കുകയും ചെയ്തു. മെഷർമെന്റ് ബുക്ക് പ്രകാരം ജനറേറ്റർ സ്ഥാപിച്ച് 02.11.21ൽ മെഷർമെന്റ്, ചെക്ക് മെഷർമെന്റ് എന്നിവ നടത്തിയതാണ്. എസ്റ്റിമേറ്റ് പ്രകാരം ₹3,50,000/-യാണ് ജനറേറ്ററിന്റെ വില കണക്കാക്കിയിട്ടുള്ളത്. ജനറേറ്ററിന്റെ ജി.എസ്.ടി.ഇൻവോയ്സ്, വാറന്റി കാർഡ് എന്നിവ ഹാജരാക്കിയില്ല. ആയവ ഹാജരാക്കേണ്ടതാണ്. ജനറേറ്റർ പ്രവർത്തിക്കുന്ന സമയം രേഖപ്പെടുത്തി ലോഗ് ബുക്ക് സൂക്ഷിക്കുന്നുണ്ടെങ്കിലും ഡീസൽ ഉപഭോഗ നിരക്ക് കണക്കാക്കി എഴുതിയിട്ടില്ല. ഡീസൽ ഉപഭോഗ നിരക്ക് കൂടി ലോഗ് ബുക്കിൽ ചേർക്കേണ്ടതാണ്.

ജനറേറ്ററിന് അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിനായി 115/23 നമ്പർ പ്രൊജക്ട് പ്രകാരം തൻവർഷം ₹38,485/- ചെലവഴിച്ചിട്ടുണ്ട്. Supply, Installation, Testing And Commissioning എന്നിവ Agreement Schedule പ്രകാരം, മോട്ടോർ സ്ഥാപിച്ച ജനറിക് പവർ സിസ്റ്റംസ്, കാക്കനാട് എന്ന സ്ഥാപനം തന്നെ നിർവ്വഹിക്കേണ്ടതാണെങ്കിലും അധിക പ്രവൃത്തികൾക്കായി പഞ്ചായത്ത് വീണ്ടും ടെണ്ടർ ക്ഷണിക്കുകയാണ് ചെയ്തത്. ജനറിക് പവർ സിസ്റ്റംസ്, കാക്കനാട് എന്ന സ്ഥാപനത്തിന്റെ ഉടമയുടെ മറ്റൊരു സ്ഥാപനമായ High

Range Equipment എന്ന സ്ഥാപനമാണ് സിംഗിൾ ടെണ്ടർ മുഖേന ഈ പ്രവൃത്തി ഏറ്റെടുത്ത് ചെയ്തത്. അധിക സൗകര്യങ്ങൾ ഏർപ്പെടുത്തിയത് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ പരിശോധനയിൽ പോരായ്മയായി കണ്ടെത്തിയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാണെന്ന് ഫയലിൽ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നുമുള്ള ഇൻസ്പെക്ഷൻ റിപ്പോർട്ട് ഫയലിൽ ഇല്ല. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് അധികമായി ഏർപ്പെടുത്താൻ ആവശ്യപ്പെട്ട ക്രമീകരണങ്ങൾ തന്നെയാണോ ചെയ്തതെന്ന് അതിനാൽ വ്യക്തമല്ല. അപാകതകൾ പരിഹരിച്ച് പഞ്ചായത്ത് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ സമർപ്പിച്ച റെക്ടിഫിക്കേഷൻ റിപ്പോർട്ടും തുടർന്ന് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നും പരിശോധന നടത്തി ലഭ്യമായ സേഫ്റ്റി സർട്ടിഫിക്കറ്റ്, എനർജൈസേഷൻ സർട്ടിഫിക്കറ്റ് എന്നിവയും ഹാജരാക്കുവാൻ ഓഡിറ്റ് എൻക്വയറി (നമ്പർ-58/21.8.23) നൽകിയെങ്കിലും രേഖകൾ ലഭ്യമാക്കിയില്ല.

ഹാജരാക്കിയ മെഷർമെന്റ് ബുക്ക് പ്രകാരം ജനറേറ്ററിന് അധിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന പ്രവൃത്തി നടന്നത് 14.06.22 മുതൽ 14.08.22വരെയും അളവുകൾ രേഖപ്പെടുത്തിയത് 15.09.22നും ചെക്ക് മെഷർമെന്റ് നടത്തിയത് 05.10.22നു മാണ്. എന്നാൽ ലോഗ് ബുക്ക് പ്രകാരവും പഞ്ചായത്ത് ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടി പ്രകാരവും 02.6.22ന് തന്നെ ജനറേറ്റർ പ്രവർത്തിപ്പിച്ചു തുടങ്ങി. ജനറേറ്ററിന്റെ സർവ്വീസിന് ആവശ്യമായ ഓയിൽ ഫിൽറ്റർ, ഫ്യൂവൽ ഫിൽറ്റർ,ഡീസൽ എൻജിൻ ഓയിൽ,കൂളന്റ് എന്നിവയ്ക്കായി CINZAC SALES & SERVICES PVT.LTD, Chittoor Road, Pachalam എന്ന സ്ഥാപനത്തിന് 01.9.22ലെ വൗച്ചർ നമ്പർ-22200486 പ്രകാരം ₹4,600/- പഞ്ചായത്ത് ഫണ്ടിൽ നിന്നും നൽകുകയും ചെയ്തു. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് നിർദേശിച്ച അധിക സൗകര്യങ്ങൾ ഏർപ്പെടുത്തിയ പ്രവൃത്തി അവസാനിച്ചത് 14.08.22ൽ ആണ്. ഇതിൽ നിന്നും അധിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനു മുൻപ് തന്നെ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നുമുള്ള അനുമതി ഇല്ലാതെ തന്നെ ജനറേറ്റർ പ്രവർത്തിപ്പിച്ചു തുടങ്ങി എന്നു വ്യക്തമാണ്. ഇത് നിയമവിരുദ്ധമായ കാര്യമാണ്. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് പരിശോധിച്ച് അപകടകരമായ സാഹചര്യങ്ങൾ ഒന്നുമില്ലെന്ന് ഉറപ്പാക്കി സേഫ്റ്റി സർട്ടിഫിക്കറ്റ് ,എനർജൈസേഷൻ സർട്ടിഫിക്കറ്റ് എന്നിവ നൽകാതെ തന്നെ ജനറേറ്റർ പ്രവർത്തിപ്പിച്ചതിന്റെ കാരണം വ്യക്തമല്ല.ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കാത്തതിനാലും അധിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനു മുൻപ് തന്നെ ജനറേറ്റർ പ്രവർത്തിപ്പിച്ചു തുടങ്ങിയ സാഹചര്യത്തിൽ അധിക പ്രവൃത്തി ആവശ്യമുള്ളതായിരുന്നുവോയെന്ന് വ്യക്തതയില്ലാത്ത സാഹചര്യത്താലും ജനറേറ്ററിന് അധിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ചെലവഴിച്ച ₹38,485/- തടസപ്പെടുത്തുന്നു.

### 1-29 അധിക തുക നൽകിയത് നിരാകരിക്കുന്നു.

ഗ്രാമപഞ്ചായത്തിലെ എസ്സ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനായി ആവിഷ്കരിച്ച നടപ്പിലാക്കിയതാണ് വിജയഭേരി സ്കോളർഷിപ്പ്. പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ) നം 115/2022/LSGD, 28.05.2022 ഖണ്ഡിക 7.2.4 അനുസരിച്ച് സ്കോളർഷിപ്പ് നൽകുന്നതിന് നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. അത് പ്രകാരം എഞ്ചിനിയറിംഗ്, മറ്റ് പ്രൊഫഷണൽ ബിരുദത്തിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നൽകാവുന്ന പരമാവധി സ്കോളർഷിപ്പ് തുക ₹25,000/-യാണ്. എന്നാൽ ബി.ഫാം കോഴ്സിന് പഠിക്കുന്ന ശാന്തിനി കുമാർ, ആലയ്ക്കൽ വീട്, മീമ്പാറ എന്ന ഗുണഭോക്താവിന് മാർഗരേഖയ്ക്ക് വിരുദ്ധമായി ₹30,000/- നൽകിയിട്ടുണ്ട്. വിശദ വിവരം ഖണ്ഡിക 3-1 ൽ ചേർത്തിട്ടുണ്ട്.

### 1-30 സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം -പ്രവർത്തന ക്ഷമമായതിന്റെ വിവരം അറിയിക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്റ്റ് | സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം, 102/23 |
| നിർവ്വഹണഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ |
| അടങ്കൽ(₹) | 2,04,900/-(തനത് ഫണ്ട്) |
| ചെലവ് (₹) | 2,04,900(തനത് ഫണ്ട്) |
| ബിൽ നം. &തീയതി | 1)72/06.07.22-₹50,000/-<br>2)73/06.07.22-₹1,54,900/- |

സർക്കാർ ഉത്തരവ്(ആർ.ടി) നം 2307/2021/എൽ എസ് ജി ഡി തീയതി 18.11.2021 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പൊതുവിഭാഗം സാധാരണവിഹിതം, പതിനഞ്ചാം ധനകാര്യകമ്മീഷൻ ഗ്രാന്റ്, തനത് ഫണ്ട് എന്നിവയിൽ ലഭ്യമായ തുകയിൽ നിന്നും സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഹരിത കർമ്മ സേനകൾക്ക് സ്മാർട്ട് ഫോൺ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഓഫീസ് ആവശ്യത്തിനായി ലാപ്പ്ടോപ്പ് എന്നിവ ലഭ്യമാക്കുന്നതിനും കെൽട്രോണിന് സർവ്വീസ് ചാർജ് നൽകുന്നതിനും പ്രോജക്റ്റ് ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. താഴെ കൊടുത്ത നിരക്കുകളിൽ ഫണ്ട് അനുവദിക്കുന്നതിനായി പ്രോജക്റ്റ് ഏറ്റെടുക്കുന്നതിന് ആദ്യ ഘട്ടത്തിൽ ഈ സംവിധാനം നടപ്പാക്കാൻ തെരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകൾക്ക് അനുമതി നൽകി ഉത്തരവായിട്ടുണ്ട്

| കെൽട്രോണിന് സർവ്വീസ് ചാർജ് | QR കോഡ് തുക | SMS തുക | ലാപ് ടോപ്പ് മറ്റുള്ളവ | ആകെ |
|---|---|---|---|---|
| ₹135700/- | ₹12,000/- | ₹7,200/- | ₹50,000/- | ₹2,04,900/- |

ആയത് പ്രകാരം പൂതൃക്ക ഗ്രാമപഞ്ചായത്ത് 2022-23 വാർഷിക പദ്ധതിയിലുൾപ്പെടുത്തി ₹2,04,900/- കെൽട്രോണിന്റെ പേരിൽ പഞ്ചാബ് നാഷണൽ ബാങ്കിലുള്ള അക്കൗണ്ടിൽ (A/c No.3311002100016241) ക്രഡിറ്റ് ചെയ്യുകയും സ്ഥാപനവുമായി 18.03.2023 ൽ കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. മേൽ പദ്ധതിയുടെ നിലവിലെ സ്ഥിതി വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി(നം.26/17.08.2023) നൽകിയതിന് മറുപടി ലഭിച്ചില്ല. സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം എന്ന പദ്ധതിയുടെ നിലവിലെ പ്രവർത്തന വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-31 ഇലക്ഷൻ നിക്ഷേപം -നാളിതു വരെയും തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 144(4) പ്രകാരം, തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലേക്ക് നടക്കുന്ന തെരഞ്ഞെടുപ്പിൽ ആകെ പോൾ ചെയ്യപ്പെട്ട സാധുവായ വോട്ടുകളുടെ ആറിൽ ഒന്ന് (1/6) എണ്ണം വോട്ടുകൾ കരസ്ഥമാക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപ തുക പഞ്ചായത്ത് ഫണ്ടിലേക്ക് കണ്ടുകെട്ടേണ്ടതാണ്. ഇലക്ഷൻ നിക്ഷേപമിനത്തിൽ ₹73,500/- വാർഷിക കണക്കുകൾ പ്രകാരം നീക്കിയിരിപ്പുണ്ട്. എന്നാൽ തെരഞ്ഞെടുപ്പിൽ വിജയം/പ്രസ്തുത എണ്ണം വോട്ട് ലഭിക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപം കണ്ടുകെട്ടാൻ നടപടികൾ സ്വീകരിച്ചിട്ടില്ല. ടി തുകയും വരണാധികാരിയിൽനിന്ന് ലഭിച്ച തെരഞ്ഞെടുപ്പ് ഫലം അടിസ്ഥാനപ്പെടുത്തി പ്രസ്തുത വർഷത്തെ നിക്ഷേപവും പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാതിരുന്നതിന് വിശദീകരണം(ഓഡിറ്റ് എൻക്വയറി നം.20/16.08.2023) നൽകുവാൻ ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇലക്ഷൻ നിക്ഷേപമായിട്ടുള്ള ₹73,500/- തനതു ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതാണെന്ന് അറിയിച്ചു. തുക എത്രയും വേഗം തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-32 ബയോഗ്യാസ് പ്ലാന്റ്-മോണിട്ടറിംഗ് നടത്തിയതിന്റെ വിവരം അറിയിക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് | ബയോഗ്യാസ് പ്ലാന്റ്, 99/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ ₹871500/- | ₹593957/-<br>(ധനകാര്യ കമ്മീഷൻ അവാർഡ്)<br>₹3643/- (തനത് ഫണ്ട്)<br>₹273900/- (ഗുണഭോക്തൃ വിഹിതം) |
| ആകെ ചെലവ്<br>തുക, ബിൽ നമ്പർ, തീയതി | ₹338400, 202/11.01.23<br>₹70970/-(ഗുണഭോക്തൃ വിഹിതം) |

ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥിര താമസക്കാരായ ഗുണഭോക്താക്കൾക്ക് 0.5m3 ശേഷിയുള്ള വാട്ടർ ജാക്കറ്റ് സംവിധാനത്തോടു കൂടിയ ബയോഗ്യാസ് പ്ലാന്റ് നൽകുന്നതിനായി ആവിഷ്കരിച്ചതാണ് ഈ പ്രോജക്ട്. ശുചിത്വവും മാലിന്യ സംസ്കരണവും ഉറപ്പു വരുത്തുന്നതിനായി തയ്യാറാക്കിയ പ്രോജക്ടിൽ $0.5m^3$ ശേഷിയുള്ള ബയോഗ്യാസ് പ്ലാന്റിന്റെ ഒരു യൂണിറ്റിന് ₹8,710/- യാണ് ശുചിത്വ മിഷൻ യൂണിറ്റ് കോസ്റ്റ് കണക്കാക്കി നൽകിയത്. 47 ഗുണഭോക്താക്കൾക്ക് ബയോഗ്യാസ് പ്ലാന്റ് നൽകുന്നതിനായി മുകളിൽപ്പറയും പ്രകാരം തുക വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്. ഇടക്കൊച്ചിയിലെ ബയോടെക്ക്, എമറാൾഡ് എന്റർപ്രൈസസ് എന്നീ സ്ഥാപനങ്ങളാണ് ടെണ്ടറിൽ പങ്കെടുത്തത്. ബയോഗ്യാസ് പ്ലാന്റിന് കുറവ് ടെണ്ടർ തുകയായ ₹8,710/- ക്വാട്ട് ചെയ്ത എമറാൾഡ് എന്റർപ്രൈസസ്, ഇടക്കൊച്ചി എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിന് പഞ്ചായത്ത് കമ്മിറ്റി 18.01.2023 ലെ 2(2) നമ്പർ തീരുമാന പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെ ചേർക്കുന്നു.

1. പ്രോജക്ട് തയ്യാറാക്കുമ്പോൾ ബയോഗ്യാസ് പ്ലാന്റ് ഏത് രീതിയിലാണ് വാങ്ങുന്നത് എന്നത് സംബന്ധിച്ച വിശദാംശങ്ങൾ ചേർത്തിട്ടില്ല.

2. ബയോടെക്ക്, എമറാൾഡ് എന്റർപ്രൈസസ് എന്നീ സ്ഥാപനങ്ങൾ സമർപ്പിച്ച ടെണ്ടർ ഫോറങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. രണ്ടു സ്ഥാപനങ്ങളും ടെണ്ടർ നോട്ടിഫിക്കേഷൻ പ്രകാരം Water Jacket PVC/LLDP/HDPE Tanks With Circular Shape Digester And Floating Gas Holder With Total $0.5m^3$ And Thickness Of 3 Mm To 4 Mmകപ്പാസിറ്റിയുള്ള പ്ലാന്റ് ലഭ്യമാക്കുന്നതിന് ₹10,500/-, ₹8,710/- യാണ് യഥാക്രമം ക്വാട്ട് ചെയ്തിട്ടുള്ളത്. പ്രോജക്ടിൽ നിശ്ചയിച്ച സ്പെസിഫിക്കേഷനും ടെണ്ടർ പ്രകാരമുള്ള സ്പെസിഫിക്കേഷനും പൊരുത്തപ്പെടുന്നില്ല. ആകെ $1m^3$ ശേഷിയുള്ള ബയോഗ്യാസ് പ്ലാന്റ് വാങ്ങുന്നതിനാണ് നിശ്ചയിച്ചത്. എന്നാൽ $0.5m^3$ ശേഷിയുള്ള ബയോഗ്യാസ് പ്ലാന്റ് ആണ് വാങ്ങിയത്.

3. എമറാൾഡ് എന്റർപ്രൈസസ്, ഇടക്കൊച്ചി എന്ന സ്ഥാപനം 47 ബയോഗ്യാസ് പ്ലാന്റ് ലഭ്യമാക്കിയതിന്റെ കമ്പ്യൂട്ടർ ജനറേറ്റഡ് ബില്ലിൽ (ഇൻവോയ്സ് നമ്പർ ER 813/08.12.2022) ബയോഗ്യാസ് പ്ലാന്റിന്റെ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ല. ലഭ്യമാക്കിയ 47 ബയോഗ്യാസ് പ്ലാന്റുകൾ ശുചിത്വ മിഷൻ അംഗീകരിച്ച സ്പെസിഫിക്കേഷൻ പ്രകാരമുള്ളതു തന്നെയാണോ എന്ന് സാങ്കേതിക വിഭാഗം പരിശോധിച്ച് ഉറപ്പു വരുത്തിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

4. 47 ബയോഗ്യാസ് പ്ലാന്റുകൾ വിതരണം ചെയ്തുവെങ്കിലും നിലവിൽ ഇവ പ്രവർത്തന ക്ഷമമാണോയെന്നത്

സംബന്ധിച്ച മോണിട്ടറിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾ വിശദീകരിക്കുന്നതിന് ഓഡിറ്റ് എൻക്വയറി(നം.30/18.08.2023)മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ബയോഗ്യാസ് പ്ലാന്റുകൾ പ്രവർത്തനക്ഷമമാണോയെന്നത് സംബന്ധിച്ച മോണിട്ടറിംഗ് വിവരവും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-33 കന്നുകുട്ടി പരിപാലനം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് | കന്നുകുട്ടി പരിപാലനം,196/23 |
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ(₹7,00,000/-) | ₹3,50,000/- (വികസന ഫണ്ട്-ജനറൽ)<br>₹3,50,000/- (ഗുണഭോക്തൃ വിഹിതം) |
| ചെലവ് | ₹3,00,000/- (വികസന ഫണ്ട്-ജനറൽ) |
| ബിൽ നം. & തീയതി | 432/16.03.2023 |

പൂതൃക്ക ഗ്രാമപഞ്ചായത്തിലെ ഗ്രാമസഭ തെരഞ്ഞെടുത്ത കർഷകരുടെ 4 മുതൽ 6 മാസം വരെ പ്രായമുള്ള 24 കന്നുകുട്ടികൾക്ക് ശാസ്ത്രീയമായ അളവിൽ 100% സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുന്നതാണ് പദ്ധതി. 17.11.2022 ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 1(28) നമ്പർ തീരുമാന പ്രകാരം ഗുണഭോക്തൃ ലിസ്റ്റിന് അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതി നിർവഹണത്തിനായി ICDP പ്രൊജക്ട് ഓഫീസർ, ആലുവയുടെ അക്കൗണ്ടിലേക്ക് ₹3,00,000/- ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി(നം.31/18.08.2023) നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. വിനിയോഗ വിവരം ലഭ്യമാകുന്നത് വരെ ₹3,00,000/-യുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

### 1-34 പെർഫോമൻസ് ഓഡിറ്റ് യൂണിറ്റിന് തുക നൽകിയത്-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| വൗച്ചർ നമ്പർ/തീയതി | 22200835/05.01.2023 |
| നൽകിയ തുക | ₹30,000/- |

മേൽ വൗച്ചർ പ്രകാരം ₹30,000/- പെർഫോമൻസ് ഓഡിറ്റ് യൂണിറ്റിന്റെ പ്രവർത്തന ചെലവ്, ഐ ടി കം ടെക്നിക്കൽ എക്സ്പെർട്ടിന്റെ വേതനം എന്നീയിനങ്ങളിലായി യഥാക്രമം ₹10,000/-, ₹20,000/- എന്നിങ്ങനെ 2022-23 വർഷത്തെ തുകയായ ₹30,000/- പെർഫോമൻസ് യൂണിറ്റിന് നൽകിയിട്ടുണ്ട്. ആയതിന്റെ വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിൽ ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (നം.13/15.08.2023) മുഖേന ആവശ്യപ്പെട്ടു. ഇതിന് ലഭിച്ച മറുപടിയിൽ ആയത് ലഭിക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചു. തുകയുടെ വിനിയോഗ വിവരം അറിയിക്കുന്നതു വരെ ₹30,000/-യുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

### 1-35 ഐ.കെ.എം.വിഹിതം നൽകിയത്-വിനിയോഗസാക്ഷ്യപത്രം ലഭിച്ചില്ല

| | |
|---|---|
| പ്രൊജക്ട് നമ്പർ | S128/23 |
| പ്രൊജക്ടിന്റെ പേര് | ഐ.കെ.എം.വിഹിതം അടവാക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | ₹60,110/- (പൊതു വിഭാഗം വികസന ഫണ്ട്) |
| ചെലവ് | ₹60,110/- (ബിൽ നമ്പർ- 163/17.12.22) |

ഐ.കെ.എം.പ്രവർത്തനങ്ങൾക്ക് പൂതൃക്ക ഗ്രാമപഞ്ചായത്ത് വിഹിതമായി നൽകിയ ₹60,110/-യുടെ വിനിയോഗ സാക്ഷ്യപത്രം ഐ.കെ.എം.ൽ നിന്നും ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്കായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 57/21.8.23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് വിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെട്ടു കൊണ്ട് ഐ.കെ.എം.ന് കത്ത് നൽകിയിട്ടുണ്ടെന്നും ആയത് ലഭിച്ചാലുടൻ തന്നെ ഹാജരാക്കുന്നതാണെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കി. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതു വരെ ₹60,110/-യുടെ ചെലവ് തടസപ്പെടുത്തുന്നു.

### 1-36 കംപ്യൂട്ടറുകളിൽ ആന്റിവൈറസ് സോഫ്റ്റ് വെയർ ഇൻസ്റ്റാൾ ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയില്ല

| | |
|---|---|
| പ്രൊജക്ട് നമ്പർ | 113/23(സ്പിൽ ഓവർ) |
| പ്രൊജക്ടിന്റെ പേര് | കമ്പ്യൂട്ടറുകളുടെയും അനുബന്ധ |

| | |
|---|---|
| | ഉപകരണങ്ങളുടെയും അറ്റകുറ്റപ്പണി |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 32,180/-(തനത് ഫണ്ട്) |
| ചെലവ് | 31,400/-(വൗച്ചർ നമ്പർ-22200154/27.5.22) |

ഗ്രാമപഞ്ചായത്ത് ഓഫീസിലെ സെർവ്വറിനും ക്ളയന്റ് കംപ്യൂട്ടറുകൾക്കും ലാപ്ടോപ്പിനും ആന്റിവൈറസ് സോഫ്റ്റ് വെയർ വാങ്ങുന്നതിന് ₹32,180/- അടങ്കൽ നിശ്ചയിച്ച് ടെണ്ടർ ക്ഷണിക്കുകയും ടെണ്ടറിൽകുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ഷാർപ്പ് സിസ്റ്റംസ് ആന്റ് സർവ്വീസസ്, തൃപ്പൂണിത്തുറ എന്ന സ്ഥാപനത്തിന് A4/4839/20220 തീ.24.4.22 നമ്പർ കത്തു പ്രകാരം സപ്ളൈ ഓർഡർ നൽകുകയും ചെയ്തു.സ്ഥാപനം ടെണ്ടറിൽ സമർപ്പിച്ച ചുവടെ ചേർക്കുന്ന നിരക്കുകളാണ് 31.3.22ലെ 1(2) നമ്പർ തീരുമാനം പ്രകാരം പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചത

ക്വിക്ക് ഹീൽ ആന്റിവൈറസ്-സെർവർ കംപ്യൂട്ടർ-₹5,780/- നിരക്ക്
ക്വിക്ക് ഹീൽ ആന്റിവൈറസ്-20 ക്ലയന്റ് കംപ്യൂട്ടറുകൾക്ക്- ₹1,425/- വീതം ആകെ ₹28,500/-
ആകെ തുക-₹34,280/-

സ്ഥാപനം നൽകിയ പ്രൊഫോർമ ഇൻവോയ്സ് മാത്രമേ പ്രൊജക്റ്റ് ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ. ജി.എസ്.ടി.ഇൻവോയ്സ്, സെക്യൂരിറ്റി ഡിപ്പോസിറ്റ് അടവാക്കിയതിന്റെ രേഖകൾ, സ്ഥാപനവുമായി സെക്രട്ടറി വെച്ച കരാർ, 20 ക്ലയന്റ് കംപ്യൂട്ടറുകളിലും സെർവർ കംപ്യൂട്ടറിലും ആന്റിവൈറസ് ഇൻസ്റ്റാൾ ചെയ്തതിന്റെ ഇൻസ്റ്റലേഷൻ റിപ്പോർട്ട് എന്നിവ ഹാജരാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 56/21.8.23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മേൽ സൂചിപ്പിച്ച രേഖകൾ ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. രേഖകൾ ഹാജരാക്കുന്നതു വരെ 31,400/- തടസപ്പെടുത്തുന്നു.

1-37 സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രൊജക്റ്റ്-ചെലവ് രേഖകൾ പൂർണ്ണമായും ഹാജരാക്കിയില്ല

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 127/23 |
| പ്രൊജക്റ്റിന്റെ പേര് | പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിട്ടറിംഗ് |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | ₹3,00,000/- (തനത് ഫണ്ട്) |
| ചെലവ് | ₹61,687/-<br>(ചെക്ക് നമ്പർ-5123480/01.9.22, ₹27,860/-,<br>വൗച്ചർ നമ്പർ-22200556/19.9.22, ₹5,141/-,<br>വൗച്ചർ നമ്പർ-22200561/19.9.22, ₹3,980/-,<br>വൗച്ചർ നമ്പർ-22200799/28.12.22, ₹11,700/-,<br>വൗച്ചർ നമ്പർ-22200938/06.02.23, ₹6,426/-,<br>ചെക്ക് നമ്പർ-12638,തീ. 06.02.23, ₹6,580/-) |

പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിട്ടറിംഗ് എന്ന പ്രൊജക്റ്റ് പ്രകാരം ₹61,687/- തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചുവെങ്കിലും ₹13,006/-യുടെ ചെലവിനെ സാധൂകരിക്കുന്ന രേഖകൾ മാത്രമേ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളൂ. വൗച്ചർ നമ്പർ 22200938/06.02.23 പ്രകാരം ചെലവഴിച്ച ₹6,426/- യുടെയും ചെക്ക് നമ്പർ-12368/06.02.23 പ്രകാരം ചെലവഴിച്ച ₹6,580/-യുടെയും ചെലവ് രേഖകൾ മാത്രമാണ് ഇപ്രകാരം ലഭ്യമാക്കിയത്. ബാക്കി ₹48,681/- ചെലവഴിച്ചതിന്റെ സാംഖ്യ ബില്ലുകൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും തുക ചെലവഴിച്ചത് സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കിയില്ല. ടി രേഖകൾ, തുക നൽകിയ ചെക്ക്/വൗച്ചർ നമ്പർ, തീയതി എന്നിവയുടെ വിശദാംശങ്ങൾ സഹിതം ഫയലിൽ ചേർത്ത് പരിശോധനയ്ക്കായി ഹാജരാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 40/19.8.23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ ₹48,681/- ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

1-38 കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രൊജക്റ്റ്-യു.പി.എസ്. ലഭിച്ചിട്ടില്ല

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 179/23 |
| പ്രൊജക്റ്റിന്റെ പേര് | കൃഷിഭവന് കംപ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| അടങ്കൽ | 58919/-(വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 54954/-(TRN-22120500000010184,Dt.15.02.23)<br>3965/-(TRN-22120500000010594,Dt.27.02.23) |

പ്രോജക്റ്റ് പ്രകാരം, ഒരു ഡെസ്ക്ക് ടോപ്പ് കമ്പ്യൂട്ടറും ഒരു യു.പി.എസും CPRCS മുഖേന കെൽട്രോണിൽ നിന്നും വാങ്ങുന്നതിന് ടി സ്ഥാപനത്തിന്റെ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം മേൽ സൂചിപ്പിച്ചതു പ്രകാരം തുക നൽകിയിട്ടുണ്ട്. ഡെസ്ക്ക് ടോപ്പ് കമ്പ്യൂട്ടറിന് ₹54,954/-യും യു.പി.എസിന് ₹3,965/-യുമാണ് നൽകിയത്. കമ്പ്യൂട്ടറും യു.പി.എസും കെൽട്രോണിൽ നിന്നും ലഭ്യമായതിന്റെ രേഖകൾ ഇൻവോയ്സ് സഹിതം ഹാജരാക്കുവാൻ ആവശ്യപ്പെട്ട കൊണ്ട് 36/18.8.23 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് ഡെസ്ക്ക് ടോപ്പ് കംപ്യൂട്ടർ ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കി. യു.പി.എസ് നാളിതുവരെയായും ലഭിച്ചിട്ടില്ലെന്നും യു.പി.എസിനുള്ള തുകയായ ₹3,965/- കേരള സ്റ്റേറ്റ് ഐ.ടി.മിഷന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയെന്നും എന്നാൽ യു.പി.എസിന്റെ വില കെൽട്രോണിന്റെ അക്കൗണ്ടിലേക്കായിരുന്നു അടവാക്കേണ്ടിയിരുന്നതെന്നും ഇക്കാരണത്താൽ ടി തുക കൃഷി ഓഫീസറുടെ ടി.എസ്.ബി.അക്കൗണ്ടിലേക്ക് 22.05.23ൽ തിരികെ ക്രെഡിറ്റ് ആയിട്ടുണ്ടെന്നും തുക കെൽട്രോണിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകി എത്രയും വേഗം യു.പി.എസ്. ലഭ്യമാക്കി അറിയിക്കുന്നതാണെന്നും കൃഷി ഓഫീസർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. യു.പി.എസ്.എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള തുടർ നടപടി സ്വീകരിക്കേണ്ടതും രേഖകൾ സഹിതം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. അതു വരെ ₹3,965/-യുടെ ചെലവ് തടസപ്പെടുത്തുന്നു.

## 1-39 മെഡിക്കൽ ഓഫീസർ,പി.എച്ച്.സി. നിർവ്വഹണം നടത്തിയ പ്രൊജക്ടുകൾ-പൊതു ന്യൂനതകൾ

1)ബിൽ ബുക്ക് / BIMS ൽ നിന്നും ലഭ്യമാകുന്ന E-bill Book /സാംഖ്യയിൽ നിന്നും ലഭിക്കുന്ന TRN, UTR No. എന്നിവ ഉൾപ്പെട്ട സ്റ്റേറ്റ്മെന്റ് ഇവയിലേതെങ്കിലും പദ്ധതി വിഹിതത്തിൽ നിന്നുമുള്ള ചെലവ് വിവരം പരിശോധിക്കുന്നതിനായി ഹാജരാക്കിയിട്ടില്ല.

2)ക്യാഷ് ബുക്കിലെ 01.04.22 മുതൽ 10.11.22 വരെയുള്ള രേഖപ്പെടുത്തലുകൾ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല

3)മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്താത്ത ബില്ലുകളും വൗച്ചറുകളും ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട്.

4)പാലിയേറ്റീവ് കെയർ ആംബുലൻസ് ലോഗ് ബുക്കിലെ രേഖപ്പെടുത്തലുകൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

5)13.09.2022 വരെയുള്ള ലോഗ് ബുക്ക് മാത്രമേ ഓഡിറ്റിൽ ഹാജരാക്കിയിട്ടുള്ളൂ. ലോഗ് ബുക്കിലെ രേഖപ്പെടുത്തലുകൾ പലതും പൂർണ്ണമല്ല. ഇന്ധനം നിറയ്ക്കുന്നതിന്റെ വിവരങ്ങൾ ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

6)പാലിയേറ്റീവ് നഴ്സ്, ഡ്രൈവർ എന്നിവർക്ക് വേതനം നൽകുന്നതിന് മസ്റ്റർ റോൾ തയ്യാറാക്കിയിട്ടില്ല.

7)പാലിയേററീവ് മാനേജ്മെന്റ് കമ്മറ്റി യോഗങ്ങളുടെ മിനിട്സ് തീരുമാനങ്ങൾ എഴുതിച്ചേർത്ത് അധികൃതമാക്കാതെ സൂക്ഷിച്ചിരിക്കുന്നു. യോഗത്തിൽ പങ്കെടുത്തവരുടെ ഒപ്പു മാത്രമേ മിക്ക ദിവസവും മിനിട്സിൽ രേഖപ്പെടുത്തിയിട്ടുള്ളൂ.

8)ഓഡിറ്റിൽ ഹാജരാക്കിയ Medicines, Equipment, Lab Itemsഎന്നിവയുടെ സ്റ്റോക്ക് രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകൾ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

9)പാലിയേറ്റീവ് നഴ്സ് സൂക്ഷിക്കുന്ന സബ് സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനും രേഖകൾ ഹാജരാക്കുവാനും ആവശ്യപ്പെട്ട കൊണ്ട് നൽകിയ 42/19.8.23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. അപാകതകൾ പരിഹരിക്കേണ്ടതും രേഖകൾ കൃത്യതയോടെ സൂക്ഷിക്കേണ്ടതുമാണ്.

## 1-40 പി.എച്ച്.സി. യിലെ ഓഫീസ് ചെലവുകൾ-ഹാജരാക്കിയ രേഖകൾ അപൂർണ്ണം

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 281/23 |
| പ്രൊജക്ടിന്റെ പേര് | പി.എച്ച്.സി ,ഓഫീസ് ചെലവുകൾ |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| അടങ്കൽ | ₹85000/-(തനത് ഫണ്ട്) |
| ചെലവ് | ₹52,578/-<br>(ചെക്ക് നമ്പർ-12400/20.03.23-₹33,210/-, ചെക്ക് നമ്പർ-10584/27.3.23- ₹19,368/-) |

2022-23വർഷം മേൽ നമ്പർ പ്രൊജക്റ്റ് മുഖേന ₹52,578/- ഓഫീസ് ആവശ്യങ്ങളുൾക്കുള്ള ചെലവിനത്തിൽ വിവിധ തീയതികളിലായി ചെക്ക് മുഖേന തനത് ഫണ്ടിൽ നിന്നും മെഡിക്കൽ ഓഫീസർക്ക് നൽകിയിട്ടുണ്ടെങ്കിലും തുക ഏതെല്ലാം ആവശ്യങ്ങൾക്ക് ചെലവഴിച്ചതാണെന്നുള്ള കൃത്യമായ വിവരം ഫയലിൽ ഇല്ല. ഫയലിൽ സാംഖ്യ ബില്ലുകൾ, പ്രൊജക്റ്റ് രൂപീകരണ ഫോറം എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. വൈദ്യുതി ചാർജ്, വെള്ളക്കരം, ടെലഫോൺ ചാർജ് എന്നിവ വിവിധ തീയതികളിൽ അടവാക്കിയ രസീതുകളുടെ പകർപ്പുകൾ മാത്രം ഉൾപ്പെടുത്തിയിട്ടുണ്ട്. രസീതുകളിലെ തുകകൾ കൂട്ടി നോക്കുമ്പോൾ

₹52,578/- ലഭിക്കുന്നില്ല. ഫയൽ അലക്ഷ്യമായും കൃത്യതയില്ലാതെയും സൂക്ഷിച്ചിരിക്കുന്നതിനാൽ പ്രൊജക്ട് പ്രകാരമുള്ള ചെലവിന്റെ വിശദാംശങ്ങൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല. ചെലവ് രേഖകൾ കൃത്യമാക്കി ഹാജരാക്കുവാൻ നിർദേശിച്ച കൊണ്ട് മെഡിക്കൽ ഓഫീസർക്ക് നൽകിയ 41/19.8.23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കുന്നതു വരെ ₹52,578/-യുടെ ചെലവ് തടസപ്പെടുത്തുന്നു. ഓഡിറ്റിനായി ഫയലുകൾ ഹാജരാക്കുമ്പോൾ അതിൽ ആവശ്യമായ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തുവാൻ തുടർന്ന് ശ്രദ്ധിക്കേണ്ടതാണ്.

1-41 പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പദ്ധതി-ചെലവ് രേഖകൾ അപൂർണ്ണം

| | |
|---|---|
| പ്രൊജക്ട് നമ്പർ | 13/23 |
| പ്രൊജക്ടിന്റെ പേര് | പെയിൻ ആന്റ് പാലിയേറ്റീവ് കെയർ |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി. |
| അടങ്കൽ | 850000/- (വികസന ഫണ്ട്-ജനറൽ)<br>350000/-(തനത് ഫണ്ട്) |
| ചെലവ് | ₹8,11,215/-( വികസന ഫണ്ട്)<br>1)ബിൽ നം. 95/23.8.22- ₹1,58,415/-<br>2)ബിൽ നം. 109/12.9.22- ₹34,110/-<br>3)ബിൽ നം. 116/26.9.22- ₹11,301/-<br>4)ബിൽ നം. 121/10.10.22- ₹1,44,401/-<br>5)ബിൽ നം. 144/09.11.22-22,216/-<br>6)ബിൽ നം. 145/09.11.22- ₹14,849/-<br>7)ബിൽ നം. 249/02.02.23- ₹57,668/-<br>8)ബിൽ നം. 319/20.02.23- ₹40,204/-<br>9)ബിൽ നം. 300/13.02.23- ₹23,640/-<br>10)ബിൽ നം. 301/13.02.23- ₹22,510/-<br>11)ബിൽ നം. 302/13.2.23- ₹42,448/-<br>12)ബിൽ നം. 409/16.3.23- ₹61,194/-<br>13)ബിൽ നം. 408/16.3.23- ₹39,937/-<br>14)ബിൽ നം. 407/16.3.23- ₹1,38,322/-<br>₹39,958/-(തനത് ഫണ്ട്)<br>വൗച്ചർ നം.22201135/30.3.23-₹39,958/- |

പദ്ധതി നിർവ്വഹണത്തിനായി പൊതു വിഭാഗം വികസന ഫണ്ടിൽ നിന്നും മേൽ സൂചിപ്പിച്ച ബില്ലുകൾ പ്രകാരം ₹8,11,215/- ചെലവഴിച്ചുവെങ്കിലും ₹6,07,389/-യുടെ ചെലവ് രേഖകൾ മാത്രമേ ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ.ബാക്കി ₹2,03,826/- ചെലവഴിച്ചതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയില്ല (മേൽ പട്ടികയിലെ ക്രമനം. 1, 2, 3 ബില്ലുകൾപ്രകാരമുള്ള ചെലവുകൾ). ചെലവ് രേഖകൾ ലഭ്യമാക്കാത്തതിനാൽ ₹2,03,826/- തടസപ്പെടുത്തുന്നു. ചെലവ് രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 44/19.8.23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

1-42 പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പദ്ധതി -ഡ്രൈവർക്ക് എക്സ്ട്രാ ഡ്യൂട്ടി അലവൻസ് നൽകിയത് അനുവദനീയമല്ല

പഞ്ചായത്ത് പരിധിയിൽ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന ആംബുലൻസിന്റെ (KL-40-F-6073 ) ഡ്രൈവർ ശ്രീ. മെബിൻ വർഗീസിന് 2022 ഏപ്രിൽ മാസം മുതൽ 2022 ഡിസംബർ മാസം വരെ ഓരോ മാസവും 16 ദിവസം വീതം പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായി വാഹനം ഓടിച്ച വകയിൽ ഒരു ദിവസം ₹730/- നിരക്കിൽ പ്രതിമാസം ₹11,680/- വേതനമായി നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ 2022 സെപ്റ്റംബർ, ഒക്ടോബർ,നവംബർ, ഡിസംബർ മാസങ്ങളിൽ ആകെ 18 ദിവസം ₹730/- നിരക്കിൽ ₹13,140/- എക്സ്ട്രാ ഡ്യൂട്ടി അലവൻസ് എന്ന പേരിൽ വികസന ഫണ്ടിൽ നിന്നും ബിൽ നം. 249/02.02.23-₹57,668/- പ്രകാരം ടിയാന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ നൽകിയിട്ടുണ്ട്. പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കേണ്ട പദ്ധതി വിഹിതം പാലിയേറ്റീവ് കെയറുമായി യാതൊരു ബന്ധവുമില്ലാത്ത കാര്യങ്ങൾക്ക് വിനിയോഗിച്ചത് ക്രമവിരുദ്ധമായ നടപടിയാണ്. എക്സ്ട്ര ഡ്യൂട്ടി അലവൻസ് നൽകുന്നതിനായി ചെലവഴിച്ച ₹13,140/- നിരാകരിക്കുന്നു. വിശദ വിവരം ഈ റിപ്പോർട്ടിൽ ഖ.3.2 ആയി ചേർത്തിട്ടുണ്ട്.

1-43 പി.എച്ച്.സി.യിലെ താല്ക്കാലിക ഫാർമസിസ്റ്റിന് വേതനം -അപാകതകൾ

പൂതൃക്ക പി.എച്ച്.സി.യിലെ താല്ക്കാലിക ഫാർമസിസ്റ്റ് ശ്രീമതി. മിനി ബേബിയ്ക്ക് ചുവടെ ചേർക്കുന്ന പ്രൊജക്ടുകൾ പ്രകാരം 2022-23 വർഷം വേതനം നൽകിയിട്ടുണ്ട്. പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)

| | |
|---|---|
| പ്രൊജക്ട് നമ്പർ | 250/23 |
| പ്രൊജക്ടിന്റെ പേര് | പി.എച്ച്.സി.യിൽ താല്ക്കാലിക ഫാർമസിസ്റ്റിന് വേതനം നൽകൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |
| അടങ്കൽ | ₹70,000/-(വികസന ഫണ്ട്-ജനറൽ)<br>₹21,013/-( സി.എഫ്.സി.ഗ്രാന്റ്)<br>₹28,987/-(തനത് ഫണ്ട്) |
| ചെലവ് | ₹63,000/-(ബിൽ നം.345/23.02.23,₹58,500/- ബിൽ നമ്പർ-386/13.3.23, ₹4,500/-)<br>₹4,500/- വൗച്ചർ നം.22201143/30.03.23(തനത് ഫണ്ട്) |

പ്രോജക്ട് പ്രകാരം 01.04.22 മുതൽ 31.03.23വരെയുള്ള കാലയളവിൽ ശ്രീമതി. മിനി ബേബിയ്ക്ക് ഫാർമസിസ്റ്റ് തസ്തികയിൽ ₹750/- ദിവസ വേതനത്തിൽ നിയമനം നൽകുകയും 2022 ആഗസ്റ്റ് മുതൽ 2023 മാർച്ച് വരെയുള്ള കാലയളവിലെ വേതനം ഇനത്തിൽ ₹67,500/- അനുവദിക്കുകയും ചെയ്തു. ജീവനക്കാരിയുടെ മസ്റ്റർ റോൾ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തി ആയതിന്റെ അടിസ്ഥാനത്തിലാണ് വേതനം നൽകേണ്ടതെങ്കിലും ഇപ്രകാരമുള്ള മസ്റ്റർ റോൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. വേതനം നൽകിയ ബിൽ/വൗച്ചർ നമ്പരും തീയതിയും സംബന്ധിച്ച രേഖകൾ ഫയലിൽ ലഭ്യമല്ല. ₹750/- ദിവസവേതനം നിശ്ചയിച്ചതിന്റെ മാനദണ്ഡം വ്യക്തമല്ല. ടി വ്യക്തിയെ ഫാർമസിസ്റ്റ് തസ്തികയിൽ നിയമിച്ചത് പഞ്ചായത്ത് കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അല്ല. 28.12.22 ൽ വാങ്ങിയ മുദ്രപ്പത്രത്തിലാണ് 01.04.22 മുതൽ 31.03.23വരെയുള്ള കാലയളവിലെ നിയമനം സംബന്ധിച്ച് മെഡിക്കൽ ഓഫീസറുമായി കരാർ വെച്ചത്. കരാർ തീയതിയും നമ്പരും കരാറിൽ രേഖപ്പെടുത്തുകയോ രണ്ടു കക്ഷികളും കരാറിൽ ഒപ്പിടുകയോ ചെയ്തിട്ടില്ല. എച്ച്.എം.സിക്കു വേണ്ടി മെഡിക്കൽ ഓഫീസറാണ് കരാർ വെച്ചിട്ടുള്ളത്. എന്നാൽ ശമ്പളം നൽകിയത് എച്ച്.എം.സിഫണ്ടിൽ നിന്നുമല്ല.

2)

| | |
|---|---|
| പ്രൊജക്ട് നമ്പർ | 109/23( സ്പിൽ ഓവർ) |
| പ്രൊജക്ടിന്റെ പേര് | പി.എച്ച്.സി.യിൽ താല്ക്കാലിക ഫാർമസിസ്റ്റിനെ നിയോഗിക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |
| അടങ്കൽ | ₹15,000/- (തനത് ഫണ്ട്)<br>₹36,250/- (സി.എഫ്.സി.ഗ്രാന്റ്) |
| ചെലവ് | ₹14,750/-(ചെക്ക് നം.12115/19.7.22, ₹5,750/- വൗച്ചർ നം.-22200518/06.9.22, ₹9,000/-)<br>₹36,250/-(ബിൽ നം.-77/14.7.22)<br>₹51,000/-(ആകെ ചെലവ്) |

2021-22 വർഷത്തെ വേതനമാണ് ₹750/- ദിവസ വേതന നിരക്കിൽ പ്രൊജക്ട് പ്രകാരം നൽകിയത്. ഏതെല്ലാം മാസങ്ങളിലെ വേതനമാണിതെന്നു സംബന്ധിച്ച രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല. മസ്റ്റർ റോൾ, കരാർ, തുക നൽകിയ വൗച്ചർ നമ്പർ/തീയതി ഇവയൊന്നും ഫയലിൽ ഇല്ല. സ.ഉ.(സാധാ)നം.591/2021/ത.സ്വ.ഭ.വ., തീ.25.02.2021 പ്രകാരം ശമ്പളവും എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളും സി.എഫി.സി. ഗ്രാന്റിൽ നിന്നും അനുവദനീയമല്ല. സർക്കാർ ഉത്തരവിനു വിരുദ്ധമായി, വേതനം നൽകുന്നതിന് സി.എഫ്.സി.ഗ്രാന്റ് വിനിയോഗിക്കുകയാണ് ചെയ്തത്. 26.02.2016 ലെ സ.ഉ.(അച്ചടി) നം.28/2016/ധന ഉത്തരവിൽ ദിവസ വേതന/കരാർ നിയമനങ്ങൾ സർക്കാരിന്റെ മുൻകൂർ അനുമതിയോടു കൂടി മാത്രമേ നടത്താവൂ എന്നും ഇത്തരത്തിൽ 179 ദിവസത്തേക്ക് മാത്രമേ തുടർച്ചയായി നിയമനം നടത്താവൂ എന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പല ഓഫീസുകളിലും സർക്കാരിന്റെ മുൻകൂർ അനുമതി ഇല്ലാതെ ദിവസവേതന നിയമനം നടത്തുന്നതായും പലപ്പോഴും അനുവദനീയമല്ലാത്ത തസ്തികകളിലും ഇത്തരത്തിൽ നിയനമം നടത്തുന്നതായും ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് സർക്കാർ അംഗീകരിച്ചിട്ടില്ലാത്ത തസ്തികകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ സർക്കാരിന്റെ മുൻകൂർ അനുമതിയോടു കൂടി മാത്രമേ നിയമനം നടത്താവൂ എന്ന് നിർദേശിച്ചു കൊണ്ട് ധനകാര്യ വകുപ്പ് 11.01.2019 ൽ 03/2019/ധന നമ്പർ സർക്കുലറും പുറപ്പെടുവിച്ചിട്ടുണ്ട്. പൂതൃക്ക പി.എച്ച്.സി.യിൽ ഫാർമസിസ്റ്റ് ഗ്രേഡ്-2 തസ്തികയിൽ ഒരു ജീവനക്കാരൻ ജോലി ചെയ്യുന്നുണ്ടെന്ന് പ്രൊജക്ട് രേഖകൾ പരിശോധിച്ചതിൽ വ്യക്തമായിട്ടുണ്ട്. മേൽ സൂചിപ്പിച്ച കാര്യങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 43/19.8.23നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മെഡിക്കൽ ഓഫീസർ മറുപടി ലഭ്യമാക്കിയില്ല. 109/23 നമ്പർ സ്പിൽ ഓവർ പ്രൊജക്ട് മുഖേനയുള്ള ചെലവിനെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കാത്തതിനാൽ ₹51,000/- തടസപ്പെടുത്തുന്നു. സർക്കാരിന്റെ

മുൻകൂർ അനുമതിയോടു കൂടി മാത്രം തുടർന്ന് ദിവസ വേതന നിയമനം നടത്തേണ്ടതാണ്.

1-44 തെരുവ് വിളക്ക് അറ്റകുറ്റപ്പണി-കരാറുകാരന് നൽകേണ്ട തുകയിലും കരാറിലെ വ്യവസ്ഥകളിലും അവ്യക്തത-വാർഷിക പരിപാലന തുക ക്രമാതീതമായി വർദ്ധിക്കുന്നതിന് സാദ്ധ്യത.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 131/23 |
| പ്രൊജക്ടിന്റെ പേര് | തെരുവ് വിളക്ക് അറ്റകുറ്റപ്പണി |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | ₹3,18,540/- (വികസന ഫണ്ട്-ജനറൽ)<br>₹6,81,460/- (തനത് ഫണ്ട്) |
| ചെലവ് | ₹3,18,540/- (ബിൽ നമ്പർ-548/31.03.23)<br>₹2,69,240/- (ചെക്ക് നമ്പർ-10591/31.03.23) |

പൂതക്കുളം ഗ്രാമപഞ്ചായത്തിലെ 14 വാർഡുകളിലുമുള്ള തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി ഒരു വർഷത്തേക്ക് നടത്തുന്നതിനായി ₹10,00,000/- അടങ്കൽ നിശ്ചയിച്ച് 28.12.22ൽ ഇ-ടെണ്ടർ ക്ഷണിക്കുകയും ഒരു ലൈറ്റിന് കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത യുണൈറ്റഡ് എനർജി സിസ്റ്റംസ്,നെടുമങ്ങാട് എന്ന സ്ഥാപനവുമായി 2023 ഫെബ്രുവരി മാസം ഒന്നാം തീയതി കരാർ വെയ്ക്കുകയും ചെയ്തു.ഒരു വർഷക്കാലത്തേക്ക് പഞ്ചായത്ത് പരിധിയിലെ തെരുവ് വിളക്കുകൾ അറ്റകുറ്റപ്പണി നടത്തി മാറ്റി സ്ഥാപിക്കേണ്ടവ മാറ്റി സ്ഥാപിച്ച് 9 വാട്ട്സ് LED ബൾബുകൾ സ്ഥാപിക്കുന്നതിനും അറ്റകുറ്റപ്പണി നടത്തി വർഷം മുഴുവൻ പ്രവർത്തനക്ഷമമാക്കി നൽകുന്നതിനും ഒരു പോസ്റ്റിന് ജി.എസ്.ടി. ഉൾപ്പെടെ ഓട്ടോമാറ്റിക്ക് ലൈറ്റ് ₹450/- നിരക്കിലും മാനവൽ ലൈറ്റ് ₹400/- നിരക്കിലുമാണ് സ്ഥാപനവുമായി കരാർ വെച്ചത്.എ.എം.സി. പ്രകാരമുള്ള ആനുപാതിക തുക കരാറിലെ വ്യവസ്ഥകൾ നിറവേറ്റുന്ന മുറയ്ക്ക് 3 മാസം കൂടുമ്പോൾ നൽകണമെന്നാണ് കരാർ.കരാറുകാരൻ സമർപ്പിക്കുന്ന ബില്ലിലെ ലൈറ്റുകളുടെ എണ്ണത്തിന് ആനുപാതികമായി ആദ്യ ഗഡുവും തുടർന്ന് ബാക്കി തുക 3 ഗഡുക്കളായും നൽകും. വാർഷിക പരിപാലനത്തിന് പരമാവധി നൽകാവുന്ന തുക ₹10,00,000/- എന്നു കണക്കാക്കിയാണ് ഇ ടെണ്ടർ ക്ഷണിച്ചത്. വാർഷിക പരിപാലനത്തിനുള്ള ആകെ തുക യുണൈറ്റഡ് എനർജി സിസ്റ്റംസ് എന്ന സ്ഥാപനം ക്വാട്ട് ചെയ്തിട്ടില്ല. പകരം ഒരു ലൈറ്റിന് നൽകേണ്ട തുകയാണ് ക്വാട്ട് ചെയ്തത്. ആകെ തുക ക്വാട്ട് ചെയ്തിരുന്നെങ്കിൽ മാത്രമേ 4 തുല്യ ഗഡുക്കളായി എ.എം.സി. തുക നൽകാൻ സാധിക്കൂ എന്നിരിക്കെ എങ്ങനെയാണ് മെയിന്റനൻസ് നടത്തിയ ലൈറ്റുകളുടെ എണ്ണത്തെ അടിസ്ഥാനമാക്കി 4 തുല്യ ഗഡുക്കളായി എ.എം.സി. നൽകുന്നതെന്ന് വിശദീകരിച്ചിട്ടില്ല.

ഒരു ലൈറ്റിനുള്ള തുക ക്വാട്ട് ചെയ്യുമ്പോൾ പഞ്ചായത്ത് പ്രദേശത്ത് സ്ഥാപിച്ചിട്ടുള്ള Manual, Automatic ലൈറ്റുകളുടെ എണ്ണം പഞ്ചായത്ത് തിട്ടപ്പെടുത്തി, ആകെ എണ്ണം ലൈറ്റുകളിൽ ഓരോ മൂന്ന് മാസവും മെയിന്റനൻസ് നടത്തിയ ലൈറ്റുകളുടെ എണ്ണത്തിന് ആനുപാതികമായി ഒരു വർഷം 4 ഗഡുക്കളായി തുക നൽകുകയാണ് വേണ്ടത്. എന്നാൽ ആകെ തെരുവ് വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തിക്കൊണ്ടുള്ള ആധികാരിക രേഖയൊന്നും ഫയലിൽ കാണാൻ സാധിച്ചില്ല. ടെണ്ടർ ക്ഷണിച്ചപ്പോൾ തെരുവ് വിളക്കുകളുടെ ആകെ എണ്ണം പഞ്ചായത്ത് രേഖപ്പെടുത്തിയിട്ടുമില്ല. ഇപ്രകാരം വാർഷിക കരാർ തുക കരാറുകാരൻ ടെണ്ടറിൽ ക്വാട്ട് ചെയ്യാത്തതിനാലും പഞ്ചായത്ത് പരിധിയിലെ ആകെ തെരുവ് വിളക്കുകളുടെ ഇനം, എണ്ണം എന്നിവ പഞ്ചായത്ത് തിട്ടപ്പെടുത്തിയിട്ടില്ലാത്തതിനാലും കരാർ തുക എങ്ങനെ കണക്കാക്കി കരാറുകാരന് നൽകും എന്നതിൽ അവ്യക്തത ഉണ്ട്.

കരാർ പ്രകാരം 2023 ഫെബ്രുവരി 1 മുതൽ 2024 ജനുവരി 31 വരെയാണ് തെരുവ് വിളക്ക് മെയിന്റനൻസ് കരാറുകാരൻ നടത്തേണ്ടത്. 2023 ഫെബ്രുവരി മുതൽ 2023 ഏപ്രിൽ വരെ 3 മാസം തെരുവ് വിളക്ക് മെയിന്റനൻസ് നടത്തിയതിനു ശേഷം 2023 മെയ് മാസം മാത്രമേ ആദ്യ ഗഡു തുക അനുവദിക്കാവൂ എന്നിരിക്കെ പഞ്ചായത്ത് 2023 മാർച്ച് മാസം തന്നെ ₹5,87,780/- കരാറുകാരന് നൽകി. കരാറുകാരന്റെ ബിൽ പ്രകാരം 724 എണ്ണം 9W LED Automatic ലൈറ്റും 664 എണ്ണം 9W LED Manual ലൈറ്റും മെയിന്റനൻസ് നടത്തിയതിനുള്ള തുകയാണിത്. കരാറുകാരൻ മെയിന്റനൻസ് നടത്തിയ ലൈറ്റുകളുടെ പോസ്റ്റ് നമ്പർ വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തി നൽകിയത് ഒരു രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്. ഇതല്ലാതെ ലൈറ്റുകൾ സ്ഥാപിച്ച പോസ്റ്റുകളുടെ നമ്പർ, സ്ഥാപിച്ചിരിക്കുന്ന വാർഡ് എന്നിവ സംബന്ധിച്ച് പഞ്ചായത്തിൽ ആധികാരിക രേഖകളൊന്നുമില്ല.

ആകെ ഒരു വർഷത്തേക്കുള്ള പരിപാലന തുക കരാറുകാരൻ ക്വാട്ട് ചെയ്യുകയോ ആകെ തെരുവ് വിളക്കുകളുടെ എണ്ണം പഞ്ചായത്ത് തിട്ടപ്പെടുത്തി അതനുസരിച്ച് ടെണ്ടർ വിളിക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ ശേഷിച്ച 3 ഗഡു തുക തുല്യമായി എത്ര വീതമാണ് കരാറുകാരന് നൽകാൻ സാധിക്കുക എന്നു വ്യക്തമല്ല. ഒരു പോസ്റ്റിലെ ലൈറ്റ് ഒരു തവണ മാത്രം റിപ്പയർ ചെയ്യുന്നതിനുള്ള തുക മാത്രമേ അനുവദിക്കുകയുള്ളൂ എന്ന നിബന്ധനയും ടെണ്ടറിലും കരാറിലും ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ആദ്യ ഘട്ടത്തിൽ തകരാർ പരിഹരിച്ച ലൈറ്റുകൾ വീണ്ടും കേടായാൽ ആയതിന്റെ തകരാർ പരിഹരിക്കുന്നതിനുള്ള തുകയും പഞ്ചായത്ത് നൽകേണ്ടി വരുന്നതിനുള്ള സാദ്ധ്യത നിലനിൽക്കുന്നു. ഇത് തെരുവ് വിളക്ക് പരിപാലന തുക ക്രമാതീതമായി വർദ്ധിക്കുന്നതിന് കാരണമാകുന്നു.

പഞ്ചായത്തിന്റെ ടെണ്ടർ പരസ്യത്തിൽ വിവിധ സ്പെസിഫിക്കേഷനുകളിലുള്ള എൽ.ഇ.ഡി. ലൈറ്റുകളുടെ

റിപ്പയറിംഗ് എന്നാണ് പ്രവൃത്തിയുടെ പേര് കൊടുത്തിട്ടുള്ളത്. എന്നാൽ ഒരു വർഷക്കാലത്തേക്ക് പഞ്ചായത്ത് പരിധിയിലെ തെരുവ് വിളക്കുകൾ അറ്റകുറ്റപ്പണി നടത്തി മാറ്റി സ്ഥാപിക്കേണ്ടവ മാറ്റി സ്ഥാപിച്ച് 9 വാട്ട്സ് LED ബൾബുകൾ സ്ഥാപിക്കുന്നതിനും അറ്റകുറ്റപ്പണി നടത്തി വർഷം മുഴുവൻ പ്രവർത്തനക്ഷമമാക്കി നൽകുന്നതിനുമാണ് കരാർ വെച്ചിട്ടുള്ളത്. എൽ.ഇ.ഡി. ബൾബ് എന്നത് സ്ട്രീറ്റ് ലൈറ്റായി ഉപയോഗിക്കാൻ പറ്റാത്തതും ഒരെണ്ണത്തിന് ₹100/-യിൽ താഴെ മാത്രം വില വരുന്നതുമാണ്. ഇത് കരാറിൽ വന്ന അപാകതയാണോയെന്ന് വ്യക്തമാക്കുവാനും നിലവിൽ ഏതു തരത്തിലുള്ള ലൈറ്റാണ് കരാറുകാരൻ സ്ഥാപിച്ചിട്ടുള്ളതെന്നും അറിയിക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭിച്ചില്ല.

പഞ്ചായത്ത് പരിധിയിൽ നിലാവ് പദ്ധതിയിൽ ഉൾപ്പെടുത്തി KSEB എൽ.ഇ.ഡി.ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇവയുടെ മെയിന്റനൻസ് കെ.എസ്.ഇ.ബി.യാണ് നടത്തേണ്ടത്. വിവിധ വാട്ട്സുകളിലുള്ള എത്രയെണ്ണം LED ലൈറ്റുകളാണ് നിലാവ് പദ്ധതിയിൽ ഉൾപ്പെടുത്തി സ്ഥാപിച്ചിട്ടുള്ളതെന്ന വിവരം അവ സ്ഥാപിച്ചിട്ടുള്ള പോസ്റ്റ് നമ്പർ സഹിതം വാർഡ് തിരിച്ച് രജിസ്റ്ററിൽ ചേർത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ടെങ്കിൽ ആയതും പഞ്ചായത്ത് സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെ ഇനവും എണ്ണവും വാർഡ് തിരിച്ച് കണക്കാക്കി പോസ്റ്റ് നമ്പർ സഹിതം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ടെങ്കിൽ ആയതും പരിശോധനയ്ക്കായി ലഭ്യമാക്കുവാൻ നിർദേശിച്ചുവെങ്കിലും ലഭ്യമാക്കിയില്ല.

തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണിക്കായി 2023-24 വർഷം എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്നും വകയിരുത്തിയ തുകയിൽ നാളിതു വരെ എത്ര രൂപ യുണൈറ്റഡ് എനർജി സിസ്റ്റംസ് എന്ന സ്ഥാപനത്തിന് നൽകിയെന്നും പഞ്ചായത്ത് വ്യക്തമാക്കിയിട്ടില്ല. തെരുവ് വിളക്ക് അറ്റകുറ്റപ്പണിക്കായി വികസന ഫണ്ടിൽ നിന്നും വകയിരുത്തിയ തുക 2022-23 വർഷം തന്നെ പൂർണ്ണമായി ചെലവഴിച്ചു. 2022-23 വർഷം തനത് ഫണ്ടിൽ തുക അവശേഷിച്ചതിനാൽ 2023-24 വർഷം സ്പിൽ ഓവർ ആയ പദ്ധതിയിൽ തനത് ഫണ്ട് റിവൈസ് ചെയ്ത് കരാറുകാരൻ ആവശ്യപ്പെട്ട മുഴുവൻ തുകയും നൽകേണ്ടി വരും. ഇത് പരിപാലന തുക ക്രമാതീതമായി വർദ്ധിക്കുന്നതിന് കാരണമാകും. സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിന് ഒരു വർഷം നൽകേണ്ട പരമാവധി തുക എത്രയാണ് എന്ന് കരാറുകാരൻ ക്വാട്ട് ചെയ്തിട്ടില്ലാത്തതിനാലും പഞ്ചായത്ത് പരിധിയിലെ സ്ട്രീറ്റ് ലൈറ്റുകളുടെ ആകെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ലാത്തതിനാലും ആണ് കരാറുകാരന് ഇപ്രകാരം അധിക തുക നൽകേണ്ടി വരുന്നതിനുള്ള സാദ്ധ്യത നിലനിൽക്കുന്നത്. മേൽ വിഷയം സംബന്ധിച്ച് നൽകിയ 59/21.8.23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് കരാർ കാലയളവിൽ ഒരു ലൈറ്റിന് ഒരിക്കൽ മാത്രമേ തുക അനുവദിക്കുകയുള്ളൂ എന്നാണ് പഞ്ചായത്ത് മറുപടി ലഭ്യമാക്കിയത്. ടെണ്ടർ, കരാർ വ്യവസ്ഥകളിലെ അവ്യക്തത മൂലവും ആകെ സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം വ്യക്തമല്ലാത്തതിനാലും വാർഷിക പരിപാലന തുക ക്രമാതീതമായി വർദ്ധിക്കുന്നതിനുള്ള സാദ്ധ്യത നിലനിൽക്കുന്നത് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-45 വനിതാവിജ്ഞാനകേന്ദ്രം -അറ്റകുറ്റപ്പണികളും വൈദ്യുതീകരണവും പൂർത്തികരിച്ചില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | വനിതാവിജ്ഞാനകേന്ദ്രം -അറ്റകുറ്റപ്പണികളും വൈദ്യുതീകരണവും- വാർഡ് -14 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| പ്രോജക്ടിന്റെ നം / വർഷം | 61/2022-23 |
| അടങ്കൽ തുക / ഫണ്ട് | 1)3,73,000/-(3,37,500/- വികസന ഫണ്ട് +35,500തനത് ഫണ്ട്) |
| ചെലവ് തുക/ ബിൽ നം തിയതി | 1)1,90,047/- 22120552090600115400/19.5.2022 |

പൂതൃക്ക ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എൻജിനീയർ 2022-23 വർഷം നടപ്പാക്കിയ വനിതാവിജ്ഞാനകേന്ദ്രം – അറ്റകുറ്റപ്പണികളും വൈദ്യുതീകരണവും- വാർഡ് -14 എന്ന പ്രോജക്ടിന്റെ വൈദ്യുതികരണം നടപ്പാക്കി പ്രോജക്ട് പൂർത്തികരിച്ചിട്ടില്ല. മാത്രമല്ല, ഈ കെട്ടിടം ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതിന്റെ വിശദാംശവും ഈ കെട്ടിട നിർമ്മാണം നടപ്പാക്കിയത് സംബന്ധിച്ച വിവരവും ഓഡിറ്റിൽ ഹാജരാക്കുന്നതിന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.55/19.08.2023) ലഭ്യമാക്കിയ മറുപടി പ്രകാരം തുടർനടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. പ്രോജക്ടിന്റെ വൈദ്യുതീകരണം നടപ്പാക്കി പ്രോജക്ട് പൂർത്തീകരിക്കുന്നതിന് വിധേയമായി ചെലവു തുക ₹1,90,047/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-46 പച്ചക്കറി മാർക്കറ്റ് -തുടർ നടത്തിപ്പ് വിവരം വ്യക്തമല്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പച്ചക്കറി മാർക്കറ്റ് നിർമ്മാണം |
| നിർവ്വഹണഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനിയർ |
| പ്രോജക്ട് നം/വർഷം | 1) 22/2022-23 |
| അടങ്കൽ തുക / ഫണ്ട് | 1) 1,47,379/- വികസന ഫണ്ട് |

| | |
|---|---|
| ചെലവ് തുക/ ബിൽ നം തിയതി | ₹1,47,379/- 2212055209060072926/2.11.2022 |
| എം ബുക്ക് നം | 1)490/18-19<br>2)37/20-21<br>3)142/20-21 |

പച്ചക്കറി മാർക്കറ്റ് നിർമ്മാണം എന്ന പ്രവർത്തിയ്ക്ക് 2018-19 വർഷം 52 ലക്ഷം രൂപയ്ക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കി, വി ജെ മാത്യു എന്ന കരാറുകാരനെ ₹49,99,063/- യ്ക്ക് പ്രവൃത്തി ഏല്പിക്കുകയും ചെയ്തു. (എഗ്രി.നം 34/AE/LSGD/Ptk/18-19 തി 12.12.2018). പൂതുക്കാ ഗ്രാമ പഞ്ചായത്ത് അസി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായിട്ടുള്ള കാർഷിക വിപണനകേന്ദ്ര നിർമ്മാണം എന്ന ഈ പ്രോജക്റ്റിനായി ₹49,62,107/- യുടെ ഫൈനൽ ബിൽ 2021-22 വർഷം സമർപ്പിച്ചിട്ടുള്ളതാണ്. 2022-23 വർഷം തുക ₹1,47,379/- നല്കിയത് ബാലൻസ് പ്രവൃത്തി നടപ്പാക്കുന്നതിനാണ്. എന്നാൽ ഈ പ്രവൃത്തിയുടെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചെങ്കിലും തുടർ നടത്തിപ്പ് സംബന്ധിച്ച എഗ്രിമെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. കൂടാതെ ഈ പച്ചക്കറി മാർക്കറ്റിലുള്ള കടമുറികൾ ലേലം ചെയ്തു നല്കുകയോ അതിൽനിന്നും റെന്റ് ലഭിക്കുകയോ ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. നിലവിൽ കെട്ടിടം നിഷ്ക്രീയാസ്തിയായി തുടരുകയാണ്. പച്ചക്കറി മാർക്കറ്റിന്റെ തുടർ നടത്തിപ്പ് സംബന്ധിച്ച എഗ്രിമെന്റ് വച്ച് കടമുറികൾ ലേലം ചെയ്തു നല്കുകയോ അതിൽനിന്നും റെന്റ് നല്കുകയോ ചെയ്ത് പ്രോജക്റ്റിന്റെ ലക്ഷ്യം കൈവരിക്കേണ്ടതാണ്. (ഇതു സംബന്ധിച്ച് 19.08.2023 ൽ 54-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കിയില്ല)

## 1-47 ശ്മശാന നിർമ്മാണം-പൂർത്തീകരിച്ചില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ശ്മശാന നിർമ്മാണ പ്രവർത്തികൾ - പൂതുക്കാ ഗ്രാമപഞ്ചായത്ത് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ടിന്റെ നം / വർഷം | 247/2022-23 |
| അടങ്കൽ തുക / ഫണ്ട് | 1)₹6,57,480/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>2)₹28,42,520/- CSR ഫണ്ട് |
| ചെലവ് തുക/ബിൽ നം. തീയതി | ₹16,57,480/- ബിൽ നം. 402/15.3.2023 |

പൂതുക്കാ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എൻജിനിയർ 2022-23 വർഷം നടപ്പാക്കിയ ശ്മശാനം - നിർമ്മാണ പ്രവർത്തികൾക്കായി ₹29,98,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) ടെൻഡർ ഏറ്റെടുത്ത കീരൾ സേഫ് ഇൻഡസ്ട്രിയൽ എക്യുപ്പ്മെന്റ് P (Ltd) ന്റെ മാനേജിംഗ് ഡയറക്ടർക്ക് നല്കിയിട്ടുണ്ട്. ടി സ്ഥാപനവുമായി വച്ച കരാർ പ്രകാരം (കരാർ തിയതി 24.9.2022) ഒരു വർഷമാണ് പൂർത്തികരണ കാലാവധി. ഈ നിർമ്മാണ പ്രവൃത്തിയിൽ കണ്ടെത്തിയ ചുവടെ ചേർക്കുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കിയില്ല.

1) പൂതുക്കാ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എൻജിനിയർ 2019-20 വർഷം പ്രോജക്റ്റ് നം 216/2019-20 പ്രകാരം ശ്മശാനം - നിർമ്മാണ പ്രവർത്തികൾക്കായി ടെൻഡർ ക്ഷണിച്ചതിൻ പ്രകാരം ₹24,99,000/-യ്ക്ക് Hi-Teck Crematorium Pvt.Ltd. എന്ന സ്ഥാപനത്തിന്റെ ടെൻഡർ അംഗീകരിച്ചിട്ടുള്ളതാണ്. എന്നാൽ ഈ സ്ഥാപനത്തിന് തുടർ പ്രവൃത്തി നല്കാതിരുന്നതിന്റെ കാരണം വ്യക്തമല്ല.

2) 2022-23 വർഷം റീ ടെൻഡർ നടത്തി ശുചിത്വമിഷൻ സ്പെസിഫിക്കേഷൻ പ്രകാരം കീരൾ സേഫ് ഇൻഡസ്ട്രിയൽ എക്വിപ്മെന്റ് P(Ltd) എന്ന സ്ഥാപനത്തിന് പ്രവൃത്തി ഏല്പിച്ചിട്ടുള്ളതാണ്. ഈ സ്ഥാപനം ക്വോട്ട് ചെയ്ത തുക ₹29,98,000/- ജി എസ് ടി ഉൾപ്പെടെയാണെന്ന് ടെൻഡറിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ എഗ്രിമെന്റിൽ ജി എസ് ടി വീണ്ടും ഉൾപ്പെടുത്തിയിട്ടുണ്ട്. അധിക തുക രേഖപ്പെടുത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3) ടെക്നിക്കൽ സാംങ്ഷൻ വിശദാംശം ഫയലിൽ സൂക്ഷിച്ചിട്ടില്ല.

4) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള അനുമതി പത്രം ഹാജരാക്കേണ്ടതാണ്.

5) ശുചിത്വമിഷൻ ഉത്തരവ് പ്രകാരം കുറഞ്ഞത് അഞ്ചു വർഷം വാറണ്ടി നല്കണമെന്നുണ്ട്. എന്നാൽ കരാർ പ്രകാരം 12മാസമാണ് വാറണ്ടി രേഖപ്പെടുത്തിയിട്ടുള്ളത്. ഈ നടപടി ഉത്തരവുകൾക്ക് വിരുദ്ധമാണ്. കൂടാതെ പീരിയോഡിക് ഇൻസ്പെക്ഷൻ കാലയളവ് സംബന്ധിച്ചും O&M കാലയളവ് സംബന്ധിച്ചും കരാറിൽ രേഖപ്പെടുത്തലുകൾ ഇല്ല.

6) ഇതര തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ശ്മശാനനിർമ്മാണ പ്രവൃത്തിയ്ക്കായി ഫണ്ട് വിനിയോഗം നടപ്പാക്കിയിട്ടുണ്ടോ എന്നും വ്യക്തമല്ല. കൂടാതെ CFC Tied ഫണ്ടിൽ നിന്നുമാണ് തുക ചെലവഴിച്ചിട്ടുള്ളത്.

ഗ്രാമപഞ്ചായത്തിന്റെ അനിവാര്യചുമതലയിൽ ഉൾപ്പെട്ടിട്ടുള്ള ശ്മശാനനിർമ്മാണം പ്രവൃത്തിയുടെ എഗ്രിമെന്റിലെ അപാകതകൾ പരിഹരിച്ച് കാലാവധിക്കുള്ളിൽ പൂർത്തീകരിക്കേണ്ടതാണ്. (ഇതു സംബന്ധിച്ച് 18.08.2023-ൽ 38-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല)

1-48 കോട്ടൂർ അങ്കണവാടി നവീകരണം - ചുറ്റുമതിൽ നിർമ്മാണം പൂർത്തികരിച്ചില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കോട്ടൂർ അങ്കണവാടി നവീകരണം -നം.123 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| പ്രോജക്ടിന്റെ നം വർഷം | 26/2022-23 |
| അടങ്കൽ തുക / ഫണ്ട് | 1)2,00,000/-(തനത് ഫണ്ട്) |
| ചെലവ് തുക/ ബിൽ നം. തിയതി | 1)₹6,608/- ചെക് നം 5123453 തീ. 30.6.2022<br>2)₹1,78,367/- ചെക് നം. 5123453 തീ. 30.6.2022<br>ആകെ₹1,84,975/- |

പൂതുക്ക ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എൻജിനീയർ 2022-23 വർഷം നടപ്പാക്കിയ കോട്ടൂർ അങ്കണവാടി നവീകരണം-(നം.123) എന്ന പ്രവൃത്തിയ്ക്ക് ചുറ്റുമതിൽ നിർമ്മിക്കുന്നതിനായി 2019-20 വാർഷിക പദ്ധതിയിൽ 131/19-20 നമ്പർ പ്രോജക്റ്റ് പ്രകാരം ടെൻഡർ നടപടികൾ പൂർത്തികരിച്ചിരുന്നുവെങ്കിലും കോമ്പൗണ്ടിന്റെ അതിർത്തി നിർണ്ണയിക്കുന്നതിലെ കാലതാമസം കാരണം 2022-23 വർഷമാണ് ഈ പ്രവൃത്തിയ്ക്ക് തുക ചെലവഴിച്ചതായി കാണുന്നത്.

ഈ പ്രവൃത്തിയുടെ ഒറിജിനൽ എസ്റ്റിമേറ്റ് പരിശോധനയ്ക്കായി ഹാജരാക്കിയില്ല. റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം അങ്കണവാടിയുടെ അതിർത്തിയിലുള്ള ഡ്രൈ റബിൾ വർക്കും (ഫൌണ്ടേഷൻ) കോമ്പൌണ്ട് വാൾ നിർമ്മാണവും മറ്റ് നവീകരണപ്രവൃത്തികളുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

എന്നാൽ ഹാജരാക്കിയ ബിൽ പ്രകാരം സ്ഥല അതിർത്തി നിർണ്ണയിക്കുന്നതിനുള്ള ഡ്രൈ റബിൾ വർക്ക് (ഫൗണ്ടേഷൻ) മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്. കോമ്പൗണ്ട് വാൾ നിർമ്മിക്കുകയോ മറ്റ് നവീകരണപ്രവൃത്തികൾ നടപ്പാക്കുകയോ ചെയ്തിട്ടില്ല. അങ്കണവാടി ഉയരമുള്ള സ്ഥലത്തായതുകൊണ്ട്, ചുറ്റുമതിലിന്റെ സുരക്ഷ വളരെ ആവശ്യമായിട്ടുള്ളതാണ്. പദ്ധതി അപൂർണ്ണമായി നടപ്പാക്കിയതിനാൽ ചെലവു തുക ₹1,84,975/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അങ്കണവാടി പോലുള്ള സുരക്ഷ ആവശ്യമായിട്ടുള്ള പ്രവൃത്തി അപൂർണ്ണമായി നടപ്പാക്കി തുക ചെലവഴിച്ചത് പുനപരിശോധിക്കേണ്ടതും അങ്കണവാടിയുടെ ചുറ്റുമതിൽ നിർമ്മാണം പൂർത്തികരിക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.60 തീ. 21.08.2023) മറുപടി ലഭ്യമാക്കിയതിൽ ഡ്രൈ റബിൾ വർക്ക് അധികമായി വന്നതുകൊണ്ടാണ് ഇപ്രകാരം പ്രവൃത്തി നടപ്പാക്കിയത് എന്ന് അറിയിച്ചു. പ്രവൃത്തി പൂർത്തീകരിച്ച് അങ്കണവാടിയുടെ സുരക്ഷ ഉറപ്പാക്കേണ്ടതാണ്. (ഇത് സംബന്ധിച്ച് 21.08.2023 ൽ 60-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി അതിർത്തി തർക്കം ഉണ്ടായതിനാലാണ് ഇങ്ങനെ ചെയ്തതെന്ന് അറിയിച്ചു)

1-49 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

പൂതൃക്ക ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എൻജിനിയർ 2022-23 വർഷം നടപ്പാക്കിയ ചുവടെ ചേർക്കുന്ന ഡെപ്പോസിറ്റ് വർക്കുകളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല, ₹8,15,000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | ബിൽ നം /ചെക് നം /തുക |
|---|---|---|---|---|
| 1 | 15/22-23 | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 1)₹71,984/-വികസന ഫണ്ട് 2)₹5,28,016/- ധനകാര്യകമ്മീഷൻ ഗ്രാന്റ് | 1)22120552090601455382/ 23.3.2023 2)452/23.03.22 |
| 2 | 17/22-23 | 153-ാം നം അങ്കണവാടിയ്ക്ക് കുഴൽകിണർ മോട്ടോർ | ₹53,000/-ധനകാര്യകമ്മീഷൻ ഗ്രാന്റ് | 265/09.02.2023 |
| 3 | 18/22-23 | 112-ാം നം അങ്കണവാടിയ്ക്ക് കുഴൽകിണർ മോട്ടോർ | ₹55,000/-ധനകാര്യകമ്മീഷൻ ഗ്രാന്റ് | 380/09.03.2023 |
| 4 | 16/22-23 | ശ്മശാനത്തിലേയ്ക്ക് കുഴൽകിണർ മോട്ടോർ | ₹55,000/-ധനകാര്യകമ്മീഷൻ ഗ്രാന്റ് | 379/09.03.2023 |
| 5 | 34/22-23 | വേളാർ കോളനി കുടിവെള്ള പദ്ധതിയ്ക്ക് കുഴൽകിണർ മോട്ടോർ | ₹52,000/-ധനകാര്യകമ്മീഷൻ ഗ്രാന്റ് | 60/01.07.2022 |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ഹാജരാക്കുന്നതിനായി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 23 തീ. 17.08.2023) മറുപടിയായി വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല എന്നറിയിച്ചു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-50 പുറച്ചിറ ബയോ ഡൈവേഴ്സിറ്റി പാർക്ക് നിർമ്മാണം-ലക്ഷ്യം കൈവരിച്ചില്ല.

| | |
|---|---|
| പ്രോജക്ട്നം. | 73/23 |
| പ്രോജക്ടിന്റെ പേര്. | പുറച്ചിറ ബയോ ഡൈവേഴ്സിറ്റി പാർക്ക് നിർമ്മാണം |
| അടങ്കൽ | 435417/- |
| ചെലവ് | 308828/- |
| ബിൽ നം. / തീയതി | 1)492/27.03.23, ₹1,50,000/- 2)272/10.02.23, ₹1,35,387/- 3)472/24.03.23, ₹23,441/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | സി.കെ.പോൾ |

പുറച്ചിറ ബയോ ഡൈവേഴ്സിറ്റി പാർക്ക് നിർമ്മാണം പശ്ചാത്തല സൗകര്യം ഒരുക്കുന്നതിനായി 2020-21 വർഷം ആരംഭിച്ച് ₹4,27,365/- യും 2022-23 വർഷം ഫെൻസിങ്ങ് പ്രവൃത്തിയ്ക്കായി ₹3,08,828/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ചുറ്റുഭാഗം കല്ല് കെട്ട്, ഒരു സൈഡ് ഫെൻസിങ്ങ് എന്നീ വേലകൾ ചെയ്തിട്ടുണ്ട്. അപൂർവ്വവും അന്യം നിന്നുപോകുന്നതുമായ സസ്യങ്ങളെ സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള ഒരു പാർക്ക് ആണ് ബയോ ഡൈവേഴ്സിറ്റി പാർക്ക്. ഇവിടെയുള്ള ഓരോ സ്പീഷീസിനെയും തിരിച്ചറിയുന്നതിനുവേണ്ടി ഇവയുടെ സാധാരണ നാമം, ശാസ്ത്രീയ നാമം, ഫാമിലി എന്നിവ രേഖപ്പെടുത്തിയ ബോർഡുകൾ സസ്യങ്ങളുടെ സമീപം സ്ഥാപിക്കുന്നതിനും ലക്ഷ്യമിട്ടിരുന്നു എങ്കിലും ഈ പ്രവൃത്തികൾ ചെയ്തിട്ടില്ല. അനന്തമായി നീട്ടി പ്രോജക്ട് തയ്യാറാക്കിയതിന്റെ ഉദ്ദേശ്യശുദ്ധി വ്യക്തമല്ല. നിലവിൽ ഈ സ്ഥലം കാട്ടുപിടിച്ച അവസ്ഥയിലാണുള്ളത്. പദ്ധതിയുടെ ലക്ഷ്യം, തുടർനടത്തിപ്പ് വിവരങ്ങൾ എന്നിവ സംബന്ധിച്ച് വ്യക്തതയില്ല. പദ്ധതിയുടെ പൂർത്തീകരണ കാലാവധിക്കുള്ളിൽ പദ്ധതി പൂർത്തിയാക്കാത്തതിനാലും ഇതിനാവശ്യമായ തുടർ പ്രവർത്തനങ്ങൾ നടത്തി ഉദ്ദേശ്യ ലക്ഷ്യം കൈവരിക്കാത്തതിനാലും 2022-23 വർഷം നടത്തിയ ₹3,08,828/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതി ലക്ഷ്യം കൈവരിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്. (ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 49/ തീ. 19.08.2023) മറുപടിയായി പ്രവൃത്തി നടന്നു വരുന്നതേയുള്ളു എന്നറിയിച്ചു)

## 1-51 ടെൻഡർ എക്സസ് തുക നല്കൽ-ഫയൽ ഹാജരാക്കിയില്ല.

പൂതൃക്ക ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എൻജിനിയർ 2022-23 വർഷം നടപ്പാക്കിയ വിവിധ പദ്ധതികളുടെ ടെൻഡർ എക്സസ് തുക നൽകൽ എന്ന പ്രോജക്ടിനായി (പ്രോജക്ട് നം.299/22-23) ₹1,37,579/-

ചെലവഴിച്ചിട്ടുണ്ട്. ബിൽ നം. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ബിൽ നം. / തീയതി, തുക |
|---|---|
| 1 | 393 / 14.03.23, ₹9,860/- |
| 2 | 391 / 14.03.23, ₹1,796/- |
| 3 | 472 / 25.03.23, ₹23,441/- |
| 4 | 395 / 14.03.23, ₹36,946/- |
| 5 | 474 / 25.03.23, ₹17,754/- |
| 6 | 476 / 25.03.23, ₹47,782/- |

എന്നാൽ ഏതൊക്കെ നിർമ്മാണ പ്രവൃത്തിയ്ക്കാണ് ടെൻഡർ എക്സസ് തുക ചെലവഴിച്ചതെന്ന് വ്യക്തമാക്കുന്ന ഫയൽ/രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച ₹1,37,579/- ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഫയലും അനുബന്ധരേഖകളും ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. ഫയൽ ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 27/17.08.23) മറുപടിയായി ഫയൽ ഹാജരാക്കുന്നതാണ് എന്നറിയിച്ചു.

## 1-52 വിവിധ പദ്ധതികളുടെ ജി എസ് റ്റി അടവാക്കൽ-രേഖകൾ ഹാജരാക്കിയില്ല

പൂതൃക്ക ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയർ 2022-23 വർഷം നടപ്പാക്കിയ വിവിധ പദ്ധതികളുടെ ജി എസ് റ്റി അടവാക്കൽ എന്ന പ്രോജക്റ്റിനായി (പ്രോജക്റ്റ് നം.300/22-23) ₹46,906/- ചെലവഴിച്ചിട്ടുണ്ട്. ബിൽ നം. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ബിൽ നം. / തീയതി / തുക |
|---|---|
| 1 | 456 / 24.03.23, ₹14,206/- |
| 2 | 455 / 24.03.23, ₹19,823/- |
| 3 | 521 / 28.03.23, ₹12,877/- |

ഈ ചെലവ് വിവരം പരിശോധിക്കുന്നതിനായി ഫയലും തുക അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങളും ഹാജരാക്കാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച ₹46,906/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഫയലും അനുബന്ധ രേഖകളും ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (18/27.08.23) ഫയൽ ഹാജരാക്കിയില്ല.

## 1-53 കണ്യാട്ടുകുടി കുടിവെള്ള പദ്ധതിയ്ക്ക് വാട്ടർ പ്യൂരിഫയർ- നിഷ്ക്രിയാസ്തിയായി തുടരുന്നു

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | കണ്യാട്ടുകുടി കുടിവെള്ള പദ്ധതിയ്ക്ക് വാട്ടർ പ്യൂരിഫയർ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്റ്റിന്റെ നം/ വർഷം | 118/2022-23 |
| അടങ്കൽ തുക / ഫണ്ട് | 65019/- |
| ചെലവ് തുക/ ബിൽ നം തീയതി | തുക ചെലവഴിച്ചില്ല |

കണ്യാട്ടുകുടി കുടിവെള്ള പദ്ധതിയ്ക്ക് വാട്ടർ പ്യൂരിഫയർ സ്ഥാപിക്കൽ എന്ന പദ്ധതി 2019-20 വർഷം ആരംഭിച്ചതാണ്. 2022-23 വർഷവും വാട്ടർ പ്യൂരിഫയർ ഭാഗികമായി സ്ഥാപിച്ചിട്ടുള്ളതല്ലാതെ പ്രവർത്തന ക്ഷമമാക്കിയിട്ടില്ല. ഗാർഹിക കണക്ഷൻ നല്കുന്നതിനോ പ്രവൃത്തി പൂർത്തീകരിക്കുന്നതിനോ നടപടി സ്വീകരിച്ചിട്ടില്ല. പ്രവൃത്തി നിഷ്ക്രിയാസ്ഥിയായി തുടരുന്നു. തൻവർഷം പ്രോജക്റ്റ് തയ്യാറാക്കിയെങ്കിലും തുക ചെലവഴിച്ചില്ല. ഇതു സംബന്ധിച്ച് 19.08.2023 ന് 48-ാം നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. കുടിവെള്ള പദ്ധതി വാട്ടർ പ്യൂരിഫയർ സ്ഥാപിച്ച് പ്രോജക്റ്റിൽ വിഭാവനം ചെയ്തതുപോലെ പൂർത്തീകരിച്ച് ഗാർഹിക കണക്ഷൻ നൽകി ജനോപകാര പ്രദമാക്കേണ്ടതാണ്.

## 1-54 കുടിവെള്ളപദ്ധതികൾ - പൂർത്തീകരിച്ചില്ല , ഇതര അപാകതകൾ

പൂതൃക്ക ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ 22-23 വർഷം നടപ്പാക്കിയ കുടിവെള്ളപദ്ധതികൾ ഒന്നും തന്നെ കാലാവധിക്കുള്ളിൽ പൂർത്തീകരിച്ച് ലക്ഷ്യം കൈവരിച്ചിട്ടില്ല. മാത്രമല്ല പൂർത്തീകരിക്കുന്നതിനുള്ള കാലതാമസത്തിന് ഫൈൻ ഈടാക്കിയിട്ടില്ല. ഇക്കാര്യങ്ങൾ മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെടുത്തിയിട്ടും തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. കുടിവെള്ള പദ്ധതികൾക്ക് പൂർണ്ണമായ എസ്റ്റിമേറ്റ് തയ്യാറാക്കാതെ ഭാഗികമായി മാത്രം തയ്യാറാക്കി D P C അംഗീകാരം നേടുന്ന നടപടിയാണ് ഗ്രാമപഞ്ചായത്ത് സ്വീകരിച്ചു പോരുന്നത്. ഈ നടപടി പുനഃപരിശോധിക്കേണ്ടതാണ്. കുടിവെള്ള പദ്ധതികൾ തയ്യാറാക്കുന്നതിലെ അപാകതയും, കാലാവധിക്കുള്ളിൽ പൂർത്തികരിക്കാത്തതും സംബന്ധിച്ച് കൂടുതൽ അന്വേഷണം നടത്തി വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ലക്ഷ്യം കൈവരിക്കാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച ആകെ

₹19,04,626/- (717442 + 721844 + 13316 + 372888 + 79136)യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

1) പണ്ടാരമുകൾ കോളനി കുടിവെള്ള പദ്ധതി നവീകരണം

| | |
|---|---|
| പ്രോജക്റ്റ് നം. | 69/22-23 |
| പ്രോജക്റ്റിന്റെ പേര്. | പണ്ടാരമുകൾ കോളനി കുടിവെള്ള പദ്ധതി നവീകരണം |
| അടങ്കൽ | ₹8,00,000/- |
| ചെലവ് | ₹7,17,442/- |
| ബിൽ നം. /തീയതി, തുക<br>ചെക്ക് നം. / തീയതി, തുക | 1) 162/14-12-22, ₹5,00,000/-<br>2) 5123907/29.03.23, ₹2,17,442/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | പി.വി.ജോർജ്ജ് |

കോൺക്രീറ്റ് വാട്ടർടാങ്ക് സ്ഥാപിച്ച് ഗ്രാമ പഞ്ചായത്ത് നിവാസികൾക്ക് കുടിവെള്ളം ലഭ്യമാക്കുക എന്നതാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. പദ്ധതി കാലാവധിക്കുള്ളിൽ പൂർത്തികരിച്ച് ലക്ഷ്യം കൈവരിച്ചിട്ടില്ല. ഈ കുടിവെള്ള പദ്ധതിയുടെ ബാക്കിയുള്ള പ്രവൃത്തികൾ കൂടി പൂർത്തീകരിച്ച്, വാട്ടർ കണക്ഷൻ നല്കാത്തതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവു തുക ₹7,17,442/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2) വേളാർ കോളനി കുടിവെള്ള പദ്ധതി നവീകരണം

| | |
|---|---|
| പ്രോജക്റ്റ് നം. | 70/22-23 |
| പ്രോജക്റ്റിന്റെ പേര്. | വേളാർ കോളനി കുടിവെള്ള പദ്ധതി നവീകരണം |
| അടങ്കൽ | ₹8,00,000/- |
| ചെലവ് | ₹7,21,844/- (സി.എഫ്.സി. ഗ്രാന്റ്) |
| ബിൽ നം./തീയതി, തുക<br>ചെക്ക് നം./തീയതി, തുക | 1) 177/26.12.22, ₹5,00,000/-<br>2) 5123907/29.03.23, ₹2,21,844/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | പി.വി.ജോർജ്ജ് |

കോൺക്രീറ്റ് വാട്ടർടാങ്ക് സ്ഥാപിച്ച് ഗ്രാമ പഞ്ചായത്ത് നിവാസിക്കൾക്ക് കുടിവെള്ളം ലഭ്യമാക്കുക എന്നതാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. പദ്ധതി കാലാവധിക്കുള്ളിൽ പൂർത്തികരിച്ച് ലക്ഷ്യം കൈവരിച്ചിട്ടില്ല. ഈ കുടിവെള്ള പദ്ധതിയുടെ ബാക്കിയുള്ള പ്രവൃത്തികൾ കൂടി പൂർത്തീകരിച്ച്, വാട്ടർ കണക്ഷൻ നല്കാത്തതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവു തുക 721844/ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3)നെടുംപറമ്പിൽ കുടിവെള്ള പദ്ധതി

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | നെടുംപറമ്പിൽ കുടിവെള്ള പദ്ധതി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്റ്റിന്റെ നം/ വർഷം | 21/22-23 |
| അടങ്കൽ തുക / ഫണ്ട് | ₹2,50,228/- തനത് ഫണ്ട് |
| ചെലവ് തുക,<br>ചെക്ക് നം./തീയതി, | ₹13,316/-<br>5123454/30.06.22 |
| എം ബുക്ക് നം | 383/18-19 |

2019-20 വർഷം ആരംഭിച്ച നെടുംപറമ്പിൽ കുടിവെള്ള പദ്ധതി 2022-23 വർഷവും പൂർത്തികരിച്ചില്ല. മോട്ടോർ സ്ഥാപിച്ച് കുടിവെള്ളം പി വി സി പൈപ്പുകൾ മുഖാന്തിരം പ്രദേശത്തെ ജനങ്ങൾക്ക് നൽകുന്നതിനാണ് പ്രവൃത്തി. പദ്ധതിയുടെ പൂർത്തീകരണ കാലാവധിക്കുള്ളിൽ (6 മാസം) പദ്ധതി നടപ്പാക്കിയിട്ടില്ല, ഈ കുടിവെള്ള പദ്ധതിയുടെ ബാക്കിയുള്ള പ്രവൃത്തികൾ കൂടി പൂർത്തീകരിച്ച്, വാട്ടർ കണക്ഷൻ നല്കാത്തതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവു തുക ₹13,316/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

4) കാവനാൽമോളേൽ കോളനി കുടിവെള്ള പദ്ധതി

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | കാവനാൽമോളേൽ കോളനി കുടിവെള്ള പദ്ധതി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനിയർ |
| പ്രോജക്റ്റിന്റെ നം/ വർഷം | 1)24/2022-23<br>2)46/2022-23 |
| അടങ്കൽ തുക / ഫണ്ട് | 1)₹1,56,776/- (₹1,21,500/- ധനകാര്യ കമ്മീഷൻഗ്രാന്റ് + |

| | |
|---|---|
| | ₹34,500/- തനത് ഫണ്ട്)<br>2)₹5,47,741/-(₹2,68,941/- ധനകാര്യ കമ്മീഷൻ ഗ്രാന്റ് + ₹2,78,800/- തനത് ഫണ്ട്) |
| ചെലവ് തുക/ ബിൽ നം. തീയതി | 1) ₹1,47,500/- 178/26.12.22<br>2) ₹2,25,388/- 310/15.02.23 |

കാവനാൽമോളേൽ കോളനി കുടിവെള്ള പദ്ധതിയ്ക്കായി ₹44,000/- ചെക്ക് നം. 5814352 തീ.11.06.20 പ്രകാരം 2020-21 വർഷം ഗ്രൌണ്ട് വാട്ടർ വകുപ്പിലേയ്ക്ക് നല്കിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രവൃത്തി നടപ്പാക്കിയില്ല. 2022-23 വർഷം മേൽ സൂചിപ്പിച്ച പ്രകാരം രണ്ട് പ്രോജക്ടുകൾ നടപ്പാക്കിയെങ്കിലും പദ്ധതി കാലാവധിക്കുള്ളിൽ പൂർത്തികരിച്ച് ലക്ഷ്യം കൈവരിച്ചിട്ടില്ല. ഇപ്രകാരം ഒരു പ്രവൃത്തിയ്ക്ക് ഒരു വർഷം രണ്ട് പ്രോജക്ട് നടപ്പാക്കിയതിനും ഈ കുടിവെള്ള പദ്ധതിയുടെ ബാക്കിയുള്ള പ്രവൃത്തികൾ കൂടി പൂർത്തീകരിച്ച്, വാട്ടർ കണക്ഷൻ നല്കാത്തതിനും വിശദീകരണം ലഭ്യമാക്കാത്തതിനാൽ ചെലവു തുക ₹3,72,888/-ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

5) ചെമ്മലകോളനി കുടിവെള്ള പദ്ധതി

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ചെമ്മലകോളനി കുടിവെള്ള പദ്ധതി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനിയർ |
| പ്രോജക്ടിന്റെ നം/വർഷം | 67/2022-23 |
| അടങ്കൽ തുക/ഫണ്ട് | ₹79,577/-(തനത്) |
| ചെലവ് തുക/ചെക്ക് നം./ബിൽ നം തിയതി | ₹79,136/-(തനത്), 5123452/30.06.22 |

ചെമ്മലകോളനി കുടിവെള്ള പദ്ധതിയുടെ ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല, ചെലവു ₹79,136/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
ഇത് സംബന്ധിച്ച് 19.08.2023 ൽ 48-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് തുടർനടപടി സ്വീകരിക്കുന്നതാണ് എന്നറിയിച്ചു. അപാകതകൾ പരിഹരിച്ച് പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായ കുടിവെള്ള വിതരണ പദ്ധതിയുടെ ലക്ഷ്യം കൈവരിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-55 നിക്ഷേപ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല

വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി ഗ്രാമപഞ്ചായത്ത് കെ.എസ്.ഇ.ബി, കേരള വാട്ടർ അതോറിറ്റി, ഭൂജല വകുപ്പ് എന്നീ സ്ഥാപനങ്ങളിലേക്ക് തൻവർഷം ഉൾപ്പെടെ മുൻകൂറായി തുക നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ച് ഫൈനൽ ബിൽ സഹിതം ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. ഇപ്രകാരം നിക്ഷേപിച്ചിട്ടുള്ള തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ക്രമീകരിക്കാൻ ബാക്കി നിൽക്കുന്ന തുകകളുടെയും വിശദാംശങ്ങൾ വാർഷിക ധനകാര്യപത്രിക, അഡ്വാൻസ് രജിസ്റ്റർ എന്നിവ പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

1) കെ.എസ്.ഇ.ബി.

| ഹെഡ് കോഡ് | വർഷാരംഭത്തിൽ ക്രമീകരിക്കാൻ ബാക്കി നിൽക്കുന്ന തുക(₹) | ഓഡിറ്റ് വർഷം നിക്ഷേപിച്ച തുക(₹) | ധന വിനിയോഗ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിച്ച തുക(₹) | വർഷാവസാനം ക്രമീകരിക്കാൻ ബാക്കി നിൽക്കുന്ന തുക(₹) |
|---|---|---|---|---|
| 460500202 | 5,55,900/- | 13,316/- | 0 | 5,69,216/- |

നിക്ഷേപ പ്രവൃത്തികളുടെ വിശദവിവരം

| വർഷം | പ്രൊജക്ട് നമ്പരും പേരും | തുക നൽകിയ വൗച്ചർ നമ്പരും/ തീയതിയും | മുൻകൂർ നൽകിയ തുക(₹) | ചെലവഴിച്ച തുക(₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക(₹) |
|---|---|---|---|---|---|
| 2018-19 | 109/18-19, സ്ട്രീറ്റ് മെയിൻ വലിക്കൽ | 21800740/31.10.18 | 62,552/- | 0 | 62,552/- |
| ,, | ,, | 21800741/31.10.18 | 62,198/- | 0 | 62,198/- |
| ,, | ,, | 21801370/16.3.19 | 50,000/- | 0 | 50,000/- |
| ,, | ,, | 21801419/16.3.19 | 1,14,051/- | 0 | 1,14,051/- |
| 2019-20 | 9/19-20, സ്ട്രീറ്റ് മെയിൻ വലിക്കൽ | 21901154/14.02.20 | 1,64,840/- | 0 | 1,64,840/- |
| 2021-22 | 76/21-22, കാവനമോളേൽ കുടിവെള്ള പദ്ധതി | 42101004/27.02.22 | 1,02,259/- | 0 | 1,02,259/- |

| | | | | | |
|---|---|---|---|---|---|
| | പൂർത്തീകരണം | | | | |
| 2022-23 | 21/22-23, നെടുമ്പറമ്പിൽ കുടിവെള്ള പദ്ധതി പുനരുദ്ധാരണം (വാർഡ്-11) | 42200206/30.6.22 | 13,316/- | 0 | 13,316/- |
| | | ആകെ | 5,69,216/- | 0 | 5,69,216/- |

2) കേരള വാട്ടർ അതോറിറ്റി

| ഹെഡ് കോഡ് | വർഷാരംഭത്തിൽ ക്രമീകരിക്കാൻ ബാക്കി നിൽക്കുന്ന തുക(₹) | ഓഡിറ്റ് വർഷം നിക്ഷേപിച്ച തുക(₹) | ധന വിനിയോഗ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിച്ച തുക(₹) | വർഷാവസാനം ക്രമീകരിക്കാൻ ബാക്കി നിൽക്കുന്ന തുക(₹) |
|---|---|---|---|---|
| 460500201 | 0 | 6,00,000/- | 0 | 6,00,000/- |

നിക്ഷേപ പ്രവൃത്തികളുടെ വിശദവിവരം

| വർഷം | പ്രൊജക്ട് നമ്പരും പേരും | തുക നൽകിയ വൗച്ചർ നമ്പരും തീയതിയും | മുൻകൂർ നൽകിയ തുക(₹) | ചെലവഴിച്ച തുക(₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക(₹) |
|---|---|---|---|---|---|
| 2022-23 | 15/22-23, പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 42201425/31.03.23 | 5,28,016/- | 0 | 5,28,016/- |
| 2022-23 | „ | 42201425/31.03.23 | 71,984/- | 0 | 71,984/- |
| | | ആകെ | 6,00,000/- | 0 | 6,00,000/- |

3) ഭൂജല വകുപ്പ്

| ഹെഡ് കോഡ് | വർഷാരംഭത്തിൽ ക്രമീകരിക്കാൻ ബാക്കി നിൽക്കുന്ന തുക(₹) | ഓഡിറ്റ് വർഷം നിക്ഷേപിച്ച തുക(₹) | ധന വിനിയോഗ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിച്ച തുക(₹) | വർഷാവസാനം ക്രമീകരിക്കാൻ ബാക്കി നിൽക്കുന്ന തുക(₹) |
|---|---|---|---|---|
| 460500204 | 38,000/- | 0 | 0 | 38,000/- |

നിക്ഷേപ പ്രവൃത്തിയുടെ വിശദവിവരം

| വർഷം | പ്രൊജക്ട് നമ്പരും, പേരും | തുക നൽകിയ വൗച്ചർ നമ്പരും/ തീയതിയും | മുൻകൂർ നൽകിയ തുക(₹) | ചെലവഴിച്ച തുക(₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക(₹) |
|---|---|---|---|---|---|
| 2019-20 | 210/19-20, മമ്മലമുകൾ കുടിവെള്ള പദ്ധതി | 21900345/15.07.19 | 38,000/- | 0 | 38,000/- |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 അധിക തുക നൽകി

| | |
|---|---|
| പ്രോജക്ട് | വിജയഭേരി സ്കോളർഷിപ്പ്, 308/23 |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ തുക | ₹5,000/-(വികസന ഫണ്ട്-എസ് സി പി) + ₹45,000/-(തനത് ഫണ്ട്) ആകെ-50,000/- |
| ചെലവ് വിവരം(ബിൽ നമ്പർ/തീയതി) | 1)₹5,000/-(554/22-23,31.03.23) 2)₹45,000/-(552/22-23,30.03.23) |

ഗ്രാമപഞ്ചായത്തിലെ എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനായി ആവിഷ്കരിച്ച നടപ്പിലാക്കിയതാണ് മേൽ പ്രോജക്ട്. ആയതിന് മേൽ സൂചിപ്പിച്ച പ്രകാരമുള്ള തുക ചെലവഴിച്ചിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ) നം 115/2022/LSGD, 28.05.2022 ഖണ്ഡിക 7.2.4 അനുസരിച്ച് സ്കോളർഷിപ്പ് നൽകുന്നതിന് നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. അത് പ്രകാരം എഞ്ചിനിയറിംഗ്, മറ്റ് പ്രൊഫഷണൽ ബിരുദത്തിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നൽകാവുന്ന പരമാവധി സ്കോളർഷിപ്പ് തുക ₹25,000/-യാണ്. എന്നാൽ ബി.ഫാം കോഴ്സിന് പഠിക്കുന്ന ശാന്തിനി കുമാർ, ആലയ്ക്കൽ വീട്, മീമ്പാറ എന്ന ഗുണഭോക്താവിന് മാർഗരേഖയ്ക്ക് വിരുദ്ധമായി ₹30,000/- നൽകിയിട്ടുണ്ട്. ഇത്തരത്തിൽ അധികമായി ₹5,000/- നൽകിയതിന് വിശദീകരണം നൽകുവാൻ ഓഡിറ്റ് എൻക്വയറി(നം.16/17.08/2023) മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. അധികമായി നൽകിയ ₹5,000/- ഉത്തരവാദിയായ അസിസ്റ്റന്റ് സെക്രട്ടറിയിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-2 പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പദ്ധതി -ഡ്രൈവർക്ക് എക്സ്ട്രാ ഡ്യൂട്ടി അലവൻസ് നൽകിയത് അനുവദനീയമല്ല

| | |
|---|---|
| പ്രൊജക്ട് നമ്പർ | 13/23 |
| പ്രൊജക്ടിന്റെ പേര് | പെയിൻ ആന്റ് പാലിയേറ്റീവ് കെയർ |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| അടങ്കൽ | ₹8,50,000/- (വികസന ഫണ്ട്-ജനറൽ) ₹3,50,000/- (തനത് ഫണ്ട്) |
| ചെലവ് | ₹8,11,215/- (വികസന ഫണ്ട്)<br>1)ബിൽ നം. 95/23.08.22- ₹1,58,415/-<br>2)ബിൽ നം. 109/12.09.22- ₹34,110/-<br>3)ബിൽ നം. 116/26.09.22- ₹11,301/-<br>4)ബിൽ നം. 121/10.10.22- ₹1,44,401/-<br>5)ബിൽ നം. 144/09.11.22- ₹22,216/-<br>6)ബിൽ നം. 145/09.11.22- ₹14,849/-<br>7)ബിൽ നം. 249/02.02.23-₹57,668/-<br>8)ബിൽ നം. 319/20.02.23- ₹40,204/-<br>9)ബിൽ നം. 300/13.02.23- ₹23,640/-<br>10)ബിൽ നം. 301/13.02.23- ₹22,510/-<br>11)ബിൽ നം. 302/13.02.23- ₹42,448/-<br>12)ബിൽ നം. 409/16.03.23- ₹61,194/-<br>13)ബിൽ നം. 408/16.03.23- ₹39,937/-<br>14)ബിൽ നം. 407/16.03.23- ₹1,38,322/-<br>₹39,958/-(തനത് ഫണ്ട്)<br>വൗച്ചർ നം.22201135/30.03.23- ₹39,958/- |

പഞ്ചായത്ത് പരിധിയിൽ പാലിയേറ്റീവ് പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന ആംബുലൻസിന്റെ (KL-40-F-6073 ) ഡ്രൈവർ ശ്രീ മെബിൻ വർഗീസിന് 2022 ഏപ്രിൽ മാസം മുതൽ 2022 ഡിസംബർ മാസം വരെ ഓരോ മാസവും 16 ദിവസം വീതം പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായി വാഹനം ഓടിച്ച വകയിൽ ഒരു ദിവസം ₹730/- നിരക്കിൽ പ്രതിമാസം ₹11,680/- വേതനമായി നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ 2022 സെപ്റ്റംബർ, ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിൽ ആകെ 18 ദിവസം ₹730/- നിരക്കിൽ ₹13,140/- എക്സ്ട്രാ ഡ്യൂട്ടി അലവൻസ് എന്ന പേരിൽ വികസന ഫണ്ടിൽ നിന്നും ബിൽ നം. 249/02.02.23 പ്രകാരം ടിയാന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ നൽകിയിട്ടുണ്ട്. ചുവടെ ചേർക്കുന്നതു പ്രകാരമാണ് തുക നൽകിയത്.

| തീയതി | ടിയാന്റെ അപേക്ഷയിൽ സൂചിപ്പിച്ചതു പ്രകാരം പാലിയേറ്റീവ് കെയറിനു പുറമേ ചെയ്ത അധിക ജോലി |
|---|---|
| 03.9.22 | കോലഞ്ചേരിയിൽ NCC ക്യാംപ് ഡ്യൂട്ടി |
| 04.9.22 | - Do- |

| | |
|---|---|
| 15.9.22 | ആലുവ ഗവ.ആശുപത്രിയിൽ മരുന്ന് എടുക്കാൻ പോയത് |
| 16.9.22 | വെങ്ങോല പി.എച്ച്.സി.യിൽ മരുന്ന് എടുക്കാൻ പോയത് |
| 20.9.22 | സബ്സെന്ററിൽ വാക്സിനേഷൻ ഡ്യൂട്ടി |
| 23.9.22 | സമര ദിവസം മെഡിക്കൽ ഓഫീസറിനെ വിളിക്കാൻ പോയതിന് |
| 12.10.22 | KMCSL ൽ നിന്നും മരുന്ന് എടുക്കാൻ പോയത് |
| 13.10.22 | പെരുമ്പാവൂർ പി.എച്ച്.സി.യിൽ മരുന്ന് എടുക്കാൻ പോയത് |
| 18.10.22 | സബ്സെന്ററിൽ വാക്സിനേഷൻ ഡ്യൂട്ടി |
| 26.10.22 | KMCSL ൽ നിന്നും മരുന്ന് എടുക്കാൻ പോയത് |
| 08.11.22 | കോലഞ്ചേരിയിൽ സ്പോർട്സ് ഡ്യൂട്ടി |
| 15.11.22 | സബ്സെന്ററിൽ വാക്സിനേഷൻ ഡ്യൂട്ടി |
| 30.11.22 | പെരുമ്പാവൂർ,കടയിരുപ്പ് പി.എച്ച്.സി.കളിൽ മരുന്ന് എടുക്കാൻ പോയത് |
| 03.12.22 | കോലഞ്ചേരിയിൽ സ്പോർട്സ് ഡ്യൂട്ടി |
| 04.12.22 | കോലഞ്ചേരിയിൽ സ്പോർട്സ് ഡ്യൂട്ടി |
| 13.12.22 | പൂതൃക്ക ജി.എച്ച്.എസ്.എസിൽ വാക്സിനേഷൻ പ്രോഗ്രാം |
| 17.12.22 | KMCSL ൽ നിന്നും മരുന്ന് എടുക്കാൻ പോയത് |
| 20.12.22 | സബ്സെന്ററിൽ വാക്സിനേഷൻ ഡ്യൂട്ടി |

പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കേണ്ട പദ്ധതി വിഹിതം പാലിയേറ്റീവ് കെയറുമായി യാതൊരു ബന്ധവുമില്ലാത്ത കാര്യങ്ങൾക്ക് വിനിയോഗിച്ചത് ക്രമവിരുദ്ധമായ നടപടിയാണ്. ഹോം കെയർ രജിസ്റ്റർ പ്രകാരം 23.9.22, 13.10.22, 03.11.22, 30.11.22 തീയതികളിൽ ടിയാൻ പാലിയേറ്റീവ് പ്രവർത്തനങ്ങളിൽ പങ്കെടുക്കുകയും വേതനം കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. ഇതിനു പുറമേയാണ് ക്രമവിരുദ്ധമായി വീണ്ടും ഇതേ തീയതികളിൽ എക്സ്ട്രാ ഡ്യൂട്ടി അലവൻസ് എന്ന പേരിൽ ടിയാന് തുക നൽകിയത്. പാലിയേറ്റീവ് കെയർ വിഹിതത്തിൽ നിന്നും എക്സ്ട്രാ ഡ്യൂട്ടി അലവൻസിനത്തിൽ ചെലവഴിച്ച ആകെ തുക ₹13,140/- നിരാകരിക്കുന്നു. തുക കൈപ്പറ്റിയ മുൻ ഡ്രൈവർ ശ്രീ മെബിൻ വർഗീസിൽ നിന്നും തുക തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ടി തുക മെഡിക്കൽ ഓഫീസറിന്റെ ബാദ്ധ്യതയാകുന്നതാണ്. എക്സ്ട്രാ ഡ്യൂട്ടി അലവൻസ് നൽകിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 44/19.8.23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ / തീയതി |
|---|---|---|
| 2022-2023 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക(₹) | പ്രൊജക്ടിന്റെ പേര് | ചെലവ്(₹) | ബാലൻസ്(₹) |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 10,00,000/- | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 630,738/- | 3,69,262/- |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 20,00,000/- | ലൈഫ് ഭവനപദ്ധതി - ഭൂമി വാങ്ങി വരുന്നവർക്ക് ധനസഹായം-ജനറൽ | 8,60,000/- | 11,40,000/- |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 2,00,000/- | അതി ദാരിദ്ര്യം വീട് മെയിന്റനൻസ് | 2,00,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 20,00,000/- | ലൈഫ് ഭവനപദ്ധതി - ഭൂമി വാങ്ങി വരുന്നവർക്ക് ധനസഹായം-എസ്.സി. | 9,79,830/- | 10,20,170/- |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 4,00,000/- | ലൈഫ് ഭവനപദ്ധതി - ഭൂമി വാങ്ങി വരുന്നവർക്ക് ധനസഹായം-എസ്.സി. | 1,48,000/- | 2,52,000/- |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 30,00,000/- | ലൈഫ് ഭവനപദ്ധതി - ഭൂമി വാങ്ങി വരുന്നവർക്ക് ധനസഹായം-ജനറൽ(SO) | 1,45,000/- | 28,55,000/- |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 22,80,000/- | ലൈഫ് ഭവനപദ്ധതി - ഭൂമി വാങ്ങി വരുന്നവർക്ക് ധനസഹായം-എസ്.സി. (SO) | 2,80,170/- | 19,99,830/- |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 4,02,012/- | ഭിന്നശേഷി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് | 4,02,012/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 6,05,000/- | നെൽകൃഷി സംരംക്ഷണം | 6,05,000/- | 0 |
| ആകെ | | 1,18,87,012/- | | 4250,750/- | 76,36,262/- |
| ജില്ലാ പഞ്ചായത്ത് | 2022-23 | 10,44,000/- | നെൽകൃഷി സംരംക്ഷണം | 8,48,000/- | 1,96,000/- |
| ജില്ലാ പഞ്ചായത്ത് | 2022-23 | 1,34,004/- | ഭിന്നശേഷി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് | 1,34,000/- | 4/- |
| ജില്ലാ പഞ്ചായത്ത് | 2022-23 | 20,00,000/- | ലൈഫ് ഭവനപദ്ധതി - ഭൂമി വാങ്ങി വരുന്നവർക്ക് ധനസഹായം-ജനറൽ | 3,40,000/- | 16,60,000/- |
| ജില്ലാ പഞ്ചായത്ത് | 2022-23 | 20,00,000/- | ലൈഫ് ഭവനപദ്ധതി - ഭൂമി വാങ്ങി വരുന്നവർക്ക് ധനസഹായം-എസ്.സി. | 15,20,000/- | 4,80,000/- |
| ആകെ | | 51,78,004/- | | 28,42,000/- | 2336004 |

## 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ | മുൻകൂർ നൽകിയ തുക(₹) | ചെല വഴിച്ച തുക(₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക(₹) |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 153-ാം നമ്പർ അങ്കണവാടിയ്ക്ക് കുഴൽകിണർ മോട്ടോർ | 265/09.02.2023 | 53,000/- | 0 | 53,000/ |
| കെ.എസ്.ഇ.ബി | 112-ാം നമ്പർ അങ്കണവാടിയ്ക്ക് കുഴൽകിണർ മോട്ടോർ | 380/09.03.2023 | 55,000/- | | 55,000/- |
| കെ.എസ്.ഇ.ബി | ശ്മശാനത്തിലേയ്ക്ക് കുഴൽകിണർ മോട്ടോർ | 379/09.03.2023 | 55,000/- | | 55,000/- |
| കെ.എസ്.ഇ.ബി | വേളാർ കോളനി കുടിവെള്ള പദ്ധതിയ്ക്ക് കുഴൽകിണർ മോട്ടോർ | 60/01.07.2022 | 52,000/- | | 52,000/- |
| കെ.ഡബ്ല്യൂ.എ | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 1) BRN1455382/ 23.3.2023 2)452/23.03.22 | 1)71,984/- 2)5,28,016/- | | 1)71,984/- 2)5,28,016/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2016-17 | 2(4)(എ) | 2014-15 | 2(4), 2(4)a | കരാറുകാരിൽനിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 17 പേരിൽ 5 പേർ തുക അടവാക്കിയിട്ടുണ്ട് |

## 4-9 ചാർജ്-സർചാർജ് നടപടികളുടെ വിവരം

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര് | സർചാർജ് സർട്ടിഫിക്കറ്റ് | | ആകെ തിരിച്ചടച്ച തുക(₹) | അവശേഷിക്കുന്ന തുക(₹) |
|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക(₹) | | |
| 1 | 1998-99 | 29 | ബേബി കമലം | LF/16672/spl/ Cell/SC8/02 10.04.2013 | 16,969/- | -- | 16,969/- |
| 2 | 2001-2002 | 20 A, B | കെ.ആർ.രവി | LF/10380/ Spl.Cell/SC1/05 11-11-05 | 234/- | -- | 234/- |
| 3 | 2001-2002 | 21 A, B | കെ.ആർ.രവി | LF/10380/ Spl.Cell/SC1/05 11-11-05 | 1,770/- | -- | 1,770/- |
| 4 | 2001-2002 | 22 | കെ.ആർ.രവി | LF/10380/ Spl.Cell/SC1/05 11-11-05 | 1,550/- | -- | 1,550/- |
| 5 | 2001-2002 | 24 | കെ.ആർ.രവി | LF/10380/ Spl.Cell/SC1/05 11-11-05 | 1,811/- | -- | 1,811/- |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്തവിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (R&P പ്രകാരം) | 3,74,78,948.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (R&P പ്രകാരം) | 3,57,64,610.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 0.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 18,140.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 56,30,331.00 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | ₹5,000/- | രഞ്ജിത്ത് വി.ജി., അസിസ്റ്റന്റ് സെക്രട്ടറി, പൂതൃക്ക ഗ്രാമപഞ്ചായത്ത് |
| 3-2 | | ₹13,140/- | ഡോ.മിഥുൻ ബേബി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക(₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 3,00,000/- | ഡോ. വജ്രകുമാരി ആർ., മെഡിക്കൽ ഓഫീസർ ഹോമിയോ |
| 1-21 | 9,22,325/- | ഷീബ ചാക്കോ, ഹെഡ്മിസ്ട്രസ്, ഗവ.എൽ.പി.എസ്. |

| | | |
|---|---|---|
| 1-28 | 38,485/- | ശ്രീ. ദീപു ദിവാകരൻ, സെക്രട്ടറി |
| 1-33 | 3,00,000/- | ഡോ. ഷറഫുദിൻ എസ്, വെറ്ററിനറി സർജൻ |
| 1-34 | 30,000/- | സിന്ധു വി, സെക്രട്ടറി |
| 1-35 | 60,110/- | സിന്ധു വി, സെക്രട്ടറി |
| 1-36 | 31,400/- | ദീപു ദിവാകരൻ, സെക്രട്ടറി |
| 1-37 | 36,981/- | ദീപു ദിവാകരൻ, സെക്രട്ടറി |
| | 11,700/- | സിന്ധു വി, സെക്രട്ടറി |
| 1-38 | 3,965/- | സിദ്ധാർത്ഥ് ആർ, കൃഷി ഓഫീസർ |
| 1-40 | 52,578/- | ഡോ. മിഥുൻ ബേബി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-41 | 2,03,826/- | ഡോ. ആദർശ് ആർ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-43(2) | 51,000/- | ഡോ. ആദർശ് ആർ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-45 | 1,90,047/- | ജസ്ലിൻ ലില്ലി സാറ ജേക്കബ്, അസിസ്റ്റന്റ് എഞ്ചിനിയർ |
| 1-48 | 1,84,975/- | ജസ്ലിൻ ലില്ലി സാറ ജേക്കബ്, അസിസ്റ്റന്റ് എഞ്ചിനിയർ |
| 1-49 | 8,15,000/- | ജസ്ലിൻ ലില്ലി സാറ ജേക്കബ്, അസിസ്റ്റന്റ് എഞ്ചിനിയർ |
| 1-51 | 1,37,579/- | ജസ്ലിൻ ലില്ലി സാറ ജേക്കബ്, അസിസ്റ്റന്റ് എഞ്ചിനിയർ |
| 1-52 | 46,906/- | ജസ്ലിൻ ലില്ലി സാറ ജേക്കബ്, അസിസ്റ്റന്റ് എഞ്ചിനിയർ |
| 1-54 | 19,04,626/- | ജസ്ലിൻ ലില്ലി സാറ ജേക്കബ്, അസിസ്റ്റന്റ് എഞ്ചിനിയർ |
| 1-50 | 3,08,828/- | ജസ്ലിൻ ലില്ലി സാറ ജേക്കബ്, അസിസ്റ്റന്റ് എഞ്ചിനിയർ |
| ആകെ | 56,30,331/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സിന്ധു വി,<br>സെക്രട്ടറി ഗ്രാമപഞ്ചായത്ത് | സെക്രട്ടറി,<br>പൂതൃക്ക ഗ്രാമപഞ്ചായത്ത് | ഫ്ലാറ്റ് നം.ബി4,<br>ഡയമണ്ട് ടവർ,<br>തേവര, പെരുമാനൂർ |
| ഡോ. ഷറഫുദിൻ എസ്,<br>വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ,<br>പൂതൃക്ക ഗ്രാമപഞ്ചായത്ത് | ഹീര ഹൗസ്,<br>യു.ടി.ആർ.എ 72,<br>ചങ്ങമ്പുഴ നഗർ പി ഒ,<br>ഇടപ്പിള്ളി |
| ജസ്ലിൻ ലില്ലി സാറ ജേക്കബ്,<br>അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനിയർ,<br>പൂതൃക്ക ഗ്രാമപഞ്ചായത്ത് | കുളമടയിൽ വീട്,<br>പഴവങ്ങാടി പി ഒ, റാന്നി |
| ഷീബ ചാക്കോ,<br>ഹെഡ്മിസ്ട്രസ്, | ഹെഡ്മിസ്ട്രസ്, ഗവ.എൽ പി എസ്,<br>കറുകപ്പിള്ളി | പുതുശ്ശേരിൽ വീട്,<br>കടയ്ക്കനാട് പി.ഒ,<br>കോലഞ്ചേരി,<br>എറണാകുളം |
| രഞ്ജിത്ത് വി ജി.<br>അസിസ്റ്റന്റ് സെക്രട്ടറി ഗ്രാമപഞ്ചായത്ത് | അസിസ്റ്റന്റ് സെക്രട്ടറി,<br>പൂതൃക്ക ഗ്രാമപഞ്ചായത്ത് | മുത്തനാട്ടിൽ,<br>മോനിപ്പള്ളി പി.ഒ,<br>പുത്തൻകുരിശ്,<br>എറണാകുളം |
| ഡോ. മിഥുൻ ബേബി,<br>മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | മെഡിക്കൽ ഓഫീസർ<br>(പി.എച്ച്.സി.) | തേനാശ്ശേരിൽ,<br>ചേറ്റപ്പാലം പി ഒ,<br>പുൽപ്പള്ളി, വയനാട് |

| | | |
|---|---|---|
| ഡോ. വജ്രകുമാരി ആർ,<br>മെഡിക്കൽ ഓഫീസർ<br>ഹോമിയോ | മെഡിക്കൽ ഓഫീസർ<br>ഹോമിയോ | വൃന്ദാവൻ, ലായം റോഡ്,<br>തൃപ്പൂണിത്തുറ |
| സിദ്ധാർത്ഥ് ആർ<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ, കുന്നത്തുനാട്<br>ഗ്രാമപഞ്ചായത്ത് | ഒലേടത്ത് ഹൗസ്,<br>കുത്താട്ടുകുളം പി.ഒ,<br>മംഗലത്തുതാഴം,<br>എറണാകുളം-686662 |
| ശ്രീ. ദീപു ദിവാകരൻ,<br>സെക്രട്ടറി | സെക്രട്ടറി, കുന്നത്തുനാട്<br>ഗ്രാമപഞ്ചായത്ത് | ചാപ്പരയിൽ,<br>പാലക്കാമറ്റം,<br>പൂത്തൃക്ക പി.ഒ,<br>എറണാകുളം |
| ഡോ. ആദർശ് ആർ,<br>മെഡിക്കൽ ഓഫീസർ<br>(പി.എച്ച്.സി) | മെഡിക്കൽ ഓഫീസർ,<br>താലൂക്ക് ആശുപത്രി,<br>പീരുമേട് | ശ്രീദർശനം,<br>സൂര്യ നഗർ 2nd അവന്യൂ,<br>SNRA-19,<br>സെന്റ് മാക്സി മിലൻ ഹോളി ചർച്ച്,<br>പടമുകൾ, പാലച്ചുവട് |

4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകൾ |
|---|---|
| 1997-98 | കെ.എസ്.എ.ഇ.കെ.എം (പി1) 1155/18, 20.07.2019 |
| 1998-99 | കെ.എസ്.എ.ഇ.കെ.എം (പി1)1155/18, 20.07.2019 |
| 2000-01 | കെ.എസ്.എ.ഇ.കെ.എം (പി1)1155/18, 20.07.2019 |
| 2001-02 | കെ.എസ്.എ.ഇ.കെ.എം (പി1)1155/18, 20.07.2019 |
| 2002-03 | കെ.എസ്.എ.ഇ.കെ.എം (പി1)1155/18, 20.07.2019 |
| 2003-04 | കെ.എസ്.എ.ഇ.കെ.എം (പി1)1155/18, 20.07.2019 |
| 2004-05 | എൽ.എഫ്.ഇ (പി1) 1878/07, 29.04.08 |
| 2005-06 | എൽ.എഫ്.ഇ (പി1) 1344/10, 03.11.11 |
| 2006-07 | എൽ.എഫ്.ഇ (പി1) 1345/10, 03.11.11 |
| 2007-08 | എൽ.എഫ്.ഇ (പി1) 1346/10, 03.11.11 |
| 2008-09, 2009-10 & 2010-11 | കെ.എസ്.എ.ഇ.കെ.എം (പി1) 1155/18, 20.07.2019 |
| 2011-12 | എൽ.എഫ്.ഇ (പി1) 157/14, 02.05.14 |
| 2012-13 | എൽ.എഫ്.ഇ (പി1) 386/15, 10.04.15 |
| 2013-14 & 2014-15 | കെ.എസ്.എ.ഇ.കെ.എം (പി1) 1784/15, 30.11.15 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം (പി1) 45/17, 25.01.17 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം (പി1) 1272/17, 16.05.18 |
| 2017-18 | കെ.എസ്.എ.ഇ.കെ.എം (പി1) 1625/18, 13.09.18 |
| 2018-19 | കെ.എസ്.എ.ഇ.കെ.എം (പി1) 08/2020, 10.03.2020 |
| 2019-20 | കെ.എസ്.എ.ഇ.കെ.എം (പി1) 487/2021 , 29.03.2021 |
| 2020-21 | കെ.എസ്.എ.ഇ.കെ.എം (പി1) 1180/2022 , 08.08.2022 |
| 2021-22 | കെ.എസ്.എ.ഇ.കെ.എം (പി1) 2287/2022, 03.03.2023 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ്കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 07-07-2023 and submitted on 07-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Poothrika Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Poothrika Grama Panchayat for the year 2022-2023

Date: 23/11/2023

Deputy Director
District Office Ernakulam
Kerala State Audit Department

## Audit Report appended to the Audit Certificate of Poothrika Grama Panchayat for the Year 2022-2023.

**1.Major Observations**

1.Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information.

2.Lack of Panchayath Raj Budget rules adversely affecting budgetary control system.

3.The asset value shown in Balance Sheet is not traceable to Asset Register due to unsupported design of existing asset register.

4.Non inclusion of Notes on Accounts in Financial statements and non disclosure of material facts.

**2.Other Observations**

1) Property Tax DCB The figures do not match between the Accumulation Software Statement and the Annual Accounts. The advance amount of the previous year does not match the amount adjusted for the current year.

2) Heading 431409901 is not included in schedule B.15 in the asset liability calculation for the audit year.

3) A few special purpose grants recorded as liability under Schedule B4 have not been spent during the year.

| Head | Item | Amount |
|---|---|---|
| 320100149 | National Health Mission | Rs.5,00,000/- |
| 320100202 | Specific Purpose Grant | Rs.239640/- |
| 320100204 | Specific Purpose Grant-PHC | Rs.111570/- |
| 320300199 | Other grants | Rs.1874000/- |

4) The amount was reduced at origin despite the fact that the Life Mission loan was not obligated. Life housing scheme (SCP, TSP) loan amount from gram panchayat is not remaining to be repaid at the beginning of the year (330000000 Secured Loans B-5). Gram Panchayat has not taken any loan for this project during the audit year.

5) Rs.569216/- to KSEB for investment works, Rs.600000/- to Water Authority and Rs.38000/- to Ground Water Department have been shown as arrears as per schedule B-18. But above amounts are not shown in Schedule RP-49(P).

6) In Schedule B-9 under head 350300112 Value of court fee stamp- Rs.2175/- has been shown as remaining to be paid to Govt. If the application fee under the RTI Act is paid, it is the Panchayat's own income. But the reason why the amount is included in the liability head should be explained.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ പൂതൃക്ക ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്